# നമ്മുടെ വീണ്ടെടുപ്പ്



**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Designz

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Our Redemption)

# നമ്മുടെ വീണ്ടെടുപ്പ്

## ഉള്ളടക്കം

1. നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു ........... 1

2. നമ്മുടെ വീണ്ടെടുപ്പ് ................................................ 16

3. നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങൾ........ 30

4. നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങൾ
കൈവശമാക്കുന്നതു ............................................... 46

# 1

# നമ്മുടെ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു

ഒരു വേദപുസ്തകം ഇല്ലാത്ത—ഈ പ്രപഞ്ചത്തിന്റെ ദൈവത്തെക്കുറിച്ച് എഴുതപ്പെട്ട വെളിപ്പാടില്ലാത്ത ഒരു ലോകത്തെക്കുറിച്ചു സങ്കൽപ്പിക്കുക. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ വിവേകം എന്തായിരിക്കും? ലോകം ഒരു വേദപുസ്തകം ഇല്ലാത്തതായിരുന്നുവെങ്കിൽ, സർവ്വശക്തനായ ഒരു ദൈവത്തിൽ നമ്മൾ വിശ്വസിക്കുമായിരുന്നോ, ഒരു രക്ഷകന്റെ ആവശ്യത്തെക്കുറിച്ചുള്ള വിവേകം നമുക്കുണ്ടായിരുന്നിരിക്കുമോ. ഒരു വീണ്ടെടുപ്പുകാരന്റെ—പാപത്തിൽനിന്നും അതിന്റെ പരിണിതഫലത്തിൽനിന്നും നമ്മുടെ സ്വാതന്ത്ര്യം വിലയ്ക്കു വാങ്ങുവാൻ, "വില കൊടുക്കുവാൻ" കഴിയുന്ന ആരെങ്കിലും?

## ഇയ്യോബിന്റെ പുസ്തകം—ഒരു ചരിത്രപരമായ വീക്ഷണം

**"ഊസ്ദേശത്തു ഇയ്യോബ് എന്നു പേരുള്ളൊരു പുരുഷൻ ഉണ്ടായിരുന്നു; അവൻ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു" (ഇയ്യോബ് 1:1)**

ഇയ്യോബ് ഒരു മനുഷ്യനായിരുന്നു, അവൻ ഒരു പക്ഷെ മോശെയിൽകൂടെയുള്ള നിയമം കൊടുക്കുന്നതിനു മുമ്പെയുള്ള ഒരു സമയത്തു ജീവിച്ചിരുന്നവനായിരിക്കാം. വേദപണ്ഡിതന്മാരും ചരിത്രകാരന്മാരും നമ്മളോടു പറയുന്നത്, ഇയ്യോബ് ജീവിച്ച സമയത്തെക്കുറിച്ചോ, ഇയ്യോബിന്റെ പുസ്തകം സങ്കലനം ചെയ്ത സമയത്തെക്കുറിച്ചോ ശരിയായി തീരുമാനിക്കുവാൻ സാധിക്കത്തില്ലായെന്നാണ്. യെഹൂദന്മാരുടെ ആചാരത്തിന്റെ സൂചനയുടെ അഭാവംമൂലം - ഉത്സവങ്ങളുടെയും, മോശെയുടെ ന്യായ പ്രമാണവും അതുപോലെയുള്ളതും—ന്യായപ്രമാണം ലഭിക്കുന്നതിനു മുമ്പുള്ള ഒരു സമയത്താണു ഇയ്യോബ് ജീവിച്ചിരുന്നത് എന്നതിനു

സാദ്ധ്യതയുണ്ട്. ക്രിസ്തു ലോകത്തിൽ വരുന്നതിനു 2000 വർഷം മുമ്പാണു ഇയ്യോബ് ജീവിച്ചിരുന്നതെന്നു നമുക്ക് ഊഹിക്കാം. ഉല്പത്തി 46:13ൽ സൂചിപ്പിച്ചിരിക്കുന്ന 'ഇയ്യോബ്' ആണു ഇയ്യോബിന്റെ പുസ്തകത്തിലെങ്കിൽ, യിസ്സാഖാറിന്റെ മകനെന്നു എഴുതിയിരിക്കുന്നതു, അവൻ യാക്കോബിന്റെ മൂന്നാമത്തെ മകനായിരുന്നു, അപ്പോൾ ഫിനീസ് ഡേക്കിന്റെ പ്രകാരം (Dake's Annotated Reference Bible), മിസ്രയീമിൽനിന്നുള്ള പുറപ്പാടിനു 15 വർഷംമുമ്പ് ഇയ്യോബ് മരിച്ചു. ഡേക്ക്സ് അഭിപ്രായപ്പെടുന്നു ഇയ്യോബിന്റെ അനുഭവങ്ങൾ ഏകദേശം 1845 BCയിൽ ആയിരുന്നെന്ന്. ശരിയായ സമയം ഏതെന്നു പരിഗണിക്കാതെ, മോശെയുടെ ന്യായപ്രമാണം ലഭിക്കു ന്നതിനു മുമ്പെ ആയിരുന്നു ഇയ്യോബ് ജീവിച്ചിരുന്നതെന്നു സമ്മതിച്ചതായി നമുക്കു അപായരഹിതമായി കാണാം - ഉല്പത്തി, പുറപ്പാട്, ലേവ്യാപുസ്തകം, സംഖ്യാപുസ്തകം, ആവർത്തനപുസ്തകം, ഈ പുസ്തകങ്ങൾ എഴുതപ്പെടുന്നതിനു മുമ്പെ.

ദൈവത്തിൽനിന്നും എഴുതപ്പെട്ട വെളിപ്പെടുത്തൽ ഇല്ലാതെ, ഇതു കാണാൻ വളരെ രസകരമായതാണ്, ഇയ്യോബിനും അവന്റെ കൂട്ടുകാർക്കും ഏതുതരത്തിലുള്ള വിവേകമായിരുന്നു ദൈവത്തെക്കുറിച്ച് ഉണ്ടായിരുന്നത്, നിത്യതയെക്കുറിച്ചും. നോഹ, അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്നീ പുരുഷന്മാരെപ്പോലെയുള്ള വിവേകം അവർ പ്രാപിച്ചതു അവരുടെ തലമുറകളിലേക്കും ബന്ധങ്ങളുടെ ശാഖകളിലേക്കും വെറും വാക്കുകളായിട്ടു പകർന്നുകൊടുത്തിരിക്കാം എന്നതു സാദ്ധ്യമാണ്. പരിമിതമായ ഉറവിടങ്ങളുടെ വിവരം പരിഗണിച്ചുകൊണ്ടു, ഇതു നമ്മളെ അതിശയിപ്പിക്കുന്നു, പുരാതന ഇയ്യോബിന്റെ കഥയിൽ ദൈവത്തെക്കുറിച്ചുള്ള വിലയേറിയ വിവേകം നമ്മൾ കണ്ടുപിടിക്കുമ്പോൾ.

## വീണ്ടെടുപ്പു—പുരാതനസമയങ്ങളിൽ മനസ്സിലാക്കിയിരുന്നത്

ഇയ്യോബിന്റെ പുസ്തകം ദൈവഭക്തനായ ഒരു മനുഷ്യന്റെ അനുഭവങ്ങളെക്കുറിച്ചു എഴുതിയതാണ് അവൻ പിശാചിന്റെ 'ആക്രമണ'ത്തിൻകീഴെ വന്നു. പിശാചിനു ഇയ്യോബിന്റെ നേരെ ദോഷപ്രവൃത്തികൾ ചെയ്യുന്നതിനു അനുവാദം ലഭിച്ചിരുന്നു, ഇയ്യോബിന്റെ മക്കളുടെ ജീവിതങ്ങളെ നശിപ്പിക്കുന്നതിനു, അവനുണ്ടായിരുന്നതെല്ലാം നശിപ്പിക്കുന്നതിനു, വേദനയുള്ള പരുക്കളാൽ ഇയ്യോബിന്റെ ശരീരത്തെ പീഡിപ്പിക്കുന്നതിനുപോലും. ഈ സമയത്തു, ഇയ്യോബിന്റെ മൂന്നു സ്നേഹിതന്മാർ - എലീഫസ്, ബിൽദാദ്, സോഫർ - ഇയ്യോബിന്റെ കൊടും ദുരിതങ്ങളെക്കുറിച്ചു കേട്ടിട്ടു അവനെ ആശ്വസിപ്പിക്കുവാൻ വന്നു. അവർ മൂന്നുപേരും ഇയ്യോബിന്റെ  ദുരിതങ്ങൾ അവന്റെ പാപം നിമിത്തം ആണെന്ന് കാരണം പറഞ്ഞു. എന്നാൽ ഇയ്യോബ് അവന്റെ സ്വന്ത നീതി ഉറപ്പിച്ചുപറഞ്ഞു ദൈവത്തിലുള്ള അവന്റെ അചഞ്ചലമായ ദൃഢ വിശ്വാസത്തെ പ്രകടിപ്പിച്ചു. അപ്പോൾ നാലാമതു ഒരാൾ എലീഹൂ, അവനും ഇയ്യോബിനെ സന്ദർശിക്കുവാൻ വന്നു, അവന്റെ കാരണങ്ങൾ കാഴ്ചവെച്ചു. മനുഷ്യന്റെ നീതി ദൈവത്തിന്റെ മുമ്പാകെ ഒന്നുമില്ലായെന്നും ദൈവത്തിന്റെ വഴികൾ മാനുഷികമായ വിവേകത്തിനും അപ്പുറത്താണെന്നും എലിഹൂ ഉറപ്പിച്ചുപറഞ്ഞു. ഇയ്യോബിന്റെ കൂട്ടുകാർക്കുശേഷം ഇയ്യോബും എലീഹൂവും, അവരുടെ സംസാരങ്ങൾ കാഴ്ചവെച്ചു. ദൈവം സംസാരിച്ചു ഇയ്യോബിന്റെ ശ്രദ്ധയെ വിളിച്ചു ദൈവത്തിന്റെ പരമാധികാരത്തിലേക്കും മഹനീയതയിലേക്കും. ഇയ്യോബിന്റെ സ്നേഹിതന്മാരായ എലീഫസിനെയും, ബിൽദാദിനേയും സോഫറിനെയും ദൈവം ശകാരിച്ചു പറഞ്ഞത് “എന്റെ ദാസനായ ഇയ്യോബിനെപ്പോലെ നിങ്ങൾ എന്നെക്കുറിച്ചു വിഹിതമായതു സംസാരിച്ചിട്ടില്ല”(ഇയ്യോബ് 42:7) അപ്പോൾ ദൈവം ഇയ്യോബിന്റെ ജീവിതത്തിൽ ഇടപെട്ടു, ചുറ്റും കാര്യങ്ങളെ തിരിച്ചു വളരെയധികമായി അവനെ അനുഗ്രഹിച്ചു.

ഇയ്യോബിന്റെ പുസ്തകത്തിൽ കാഴ്ചവെച്ചിരിക്കുന്ന കഷ്ടതകളുടെ മാനുഷികമായ കാരണങ്ങളുടെ നടുവിലും ആത്മീയസത്യങ്ങളുടെ വിലയേറിയ സ്വർണ്ണക്കട്ടികൾ കൂടെ നമ്മൾ കണ്ടുപിടിക്കുന്നു. ആ സ്നേഹിതന്മാർ സംസാരിച്ചതെല്ലാം ശരിയായിരുന്നില്ല, ബാക്കി തിരുവെഴുത്തുകളിൽ കാഴ്ചവെച്ചിരിക്കുന്ന വിവേകവുമായി വിലയിരുത്തുമ്പോൾ; എന്നാൽ, അവർ പറഞ്ഞ എല്ലാ കാര്യങ്ങളും തെറ്റും ആയിരുന്നില്ല. അവർക്കുണ്ടായിരുന്ന പരിജ്ഞാനത്തിൽ ചിലതു സത്യമായും ദിവ്യമായി പ്രചോദിപ്പിക്കപ്പെട്ടിരിക്കുവാൻ സാദ്ധ്യതയുണ്ട്. (കുറിപ്പ്: തിരുവെഴുത്തു നമുക്കു ചൂണ്ടിക്കാണിക്കുന്നു ഉൾക്കാഴ്ചയും വിവേകവും മനുഷ്യനു കൊടുക്കുവാൻ ദൈവത്തിനു കഴിയുമെന്നു, ജീവിതത്തിലെ ദൈനംദിന കാര്യങ്ങളെക്കുറിച്ചുപോലും. ഉദാഹരണമായി, യെശയ്യാവു 28:23-29 വരെയുള്ള വേദഭാഗത്തു ചൂണ്ടിക്കാണിക്കുന്നു. ദൈവം ആണു മനുഷ്യനെ കൃഷിത്തൊഴിൽ പഠിപ്പിച്ചതെന്ന്)

ഇതു നിരീക്ഷിക്കുന്നതു രസകരമാണു ഈ മനുഷ്യർ എങ്ങനെയാണു അറിഞ്ഞതും ബന്ധപ്പെട്ടതും ഒരു "വീണ്ടെടുപ്പുകാരന്റെ" ആവശ്യത്തെക്കുറിച്ചു, ജീവിതത്തിലെ കൊടും ദുരിതങ്ങൾക്ക് ഉത്തരമായി. ഇയ്യോബും എലീഹൂവും രണ്ടുപേരും വീണ്ടെടുപ്പിന്റെ വിഷയത്തെക്കുറിച്ചു ശ്രദ്ധേയമായ ചില ഉൾക്കാഴ്ചകളെ കാഴ്ചവെച്ചു. ഇയ്യോബിന്റെ പുസ്തകത്തിൽ വീണ്ടെടുപ്പിന്റെ വിവേകത്തെക്കുറിച്ചു കാഴ്ച വെച്ചിരിക്കുന്നതിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കാം .

## എലീഹൂവിന്റെ വിവേകം

"ഒന്നോ രണ്ടോ വട്ടം ദൈവം അരുളിച്ചെയ്യുന്നു; മനുഷ്യൻ അതു കൂട്ടാക്കുന്നില്ലതാനും. ഗാഢനിദ്ര മനുഷ്യർക്കുണ്ടാകുമ്പോൾ, അവർ ശയ്യമേൽ നിദ്ര കൊള്ളുമ്പോൾ, സ്വപ്നത്തിൽ, രാത്രിദർശനത്തിൽതന്നെ, അവൻ മനുഷ്യരുടെ ചെവി തുറക്കുന്നു; അവരോടുള്ള പ്രബോധനയ്ക്കു മുദ്രയിടുന്നു. മനുഷ്യനെ അവന്റെ ദുഷ്കർമ്മത്തിൽനിന്ന് അകറ്റുവാനും പുരുഷനെ ഗർവ്വത്തിൽ നിന്നു രക്ഷിപ്പാനുംതന്നെ. അവൻ കുഴിയിൽനിന്നു അവന്റെ

പ്രാണനെയും വാളാൽ നശിക്കാതവണ്ണം അവന്റെ ജീവനെയും കാക്കുന്നു. തന്റെ കിടക്കമേൽ അവൻ വേദനയാൽ ശിക്ഷി ക്കപ്പെടുന്നു; അവന്റെ അസ്ഥികളിൽ ഇടവിടാതെ പോരാട്ടം ഉണ്ട്. അതുകൊണ്ടു അവന്റെ ജീവൻ അപ്പവും, അവന്റെ പ്രാണൻ സ്വാദു ഭോജനവും വെറുക്കുന്നു.അവന്റെ മാംസം ക്ഷയിച്ചു കാണ്മാ നില്ലാതെയായിരിക്കുന്നു; കാണ്മാനില്ലാതിരുന്ന അവന്റെ അസ്ഥി കൾ പൊങ്ങിനിൽക്കുന്നു. അവന്റെ പ്രാണൻ ശവക്കുഴിക്കും അവന്റെ ജീവൻ നാശകന്മാർക്കും അടുത്തിരിക്കുന്നു. മനുഷ്യനോടു അവന്റെ ധർമ്മം അറിയിക്കേണ്ടതിനു ആയിരത്തിൽ ഒരുത്തനായി മദ്ധ്യസ്ഥനായൊരു ദൂതൻ അവനു വേണ്ടി ഉണ്ടെന്നുവരികിൽ അവൻ അവങ്കൽ കൃപ വിചാരിച്ചു: കുഴിയിൽ ഇറങ്ങാതവണ്ണം ഇവനെ രക്ഷിക്കേണമേ; ഞാൻ ഒരു മറുവില കണ്ടിരിക്കുന്നു എന്നു പറയും. അപ്പോൾ അവന്റെ ദേഹം യൗവ്വനചൈതന്യത്താൽ പുഷ്ടിവെക്കും; അവൻ ബാല്യപ്രായത്തിലേക്കു തിരിഞ്ഞുവരും. അവൻ ദൈവത്തോടു പ്രാർത്ഥിക്കും; അവൻ അവങ്കൽ പ്രസാ ദിക്കും, തിരുമുഖത്തെ അവൻ സന്തോഷത്തോടെ കാണും; അവൻ മനുഷ്യനു അവന്റെ നീതിയെ പകരം കൊടുക്കും. അവൻ മനുഷ്യ രുടെ മുമ്പിൽ പാടി പറയുന്നതു: ഞാൻ പാപം ചെയ്തു നേരാ യുള്ളതു മറിച്ചുകളഞ്ഞു; അതിനു എന്നോടു പകരം ചെയ്തിട്ടില്ല. അവൻ എന്റെ പ്രാണനെ കുഴിയിൽ ഇറങ്ങാതവണ്ണം രക്ഷിച്ചു; എന്റെ ജീവൻ പ്രകാശത്തെ കണ്ടു സന്തോഷിക്കുന്നു. ഇതാ, ദൈവം രണ്ടു മൂന്നു പ്രാവശ്യം ഇവയൊക്കെയും മനുഷ്യനോടു ചെയ്യുന്നു. അവന്റെ പ്രാണനെ കുഴിയിൽനിന്നു കരേറ്റണ്ടതിനും ജീവന്റെ പ്രകാശംകൊണ്ടു അവനെ പ്രകാശിപ്പിക്കേണ്ടതിനുംതന്നെ'' (ഇയ്യോബ് 33:14–30).

ഇയ്യോബിനോടു സംസാരിക്കുന്നതിനു എലീഹൂ തന്റെ ഊഴ ത്തിനു കാത്തിരുന്നു, എന്തുകൊണ്ടെന്നാൽ ഇയ്യോബിനോടു സംസാരിക്കുവാൻ വന്ന മൂന്നു സ്നേഹിതന്മാരേക്കാളും അവൻ പ്രായം കുറഞ്ഞവനായിരുന്നു. എലീഹൂ സംസാരിക്കാൻ തുടങ്ങി യപ്പോൾ അവന്റെ ആശ്രയം ദിവ്യമായ പ്രചോദനത്തിലാണെന്നു

അവൻ ഊന്നിപ്പറഞ്ഞു. ഉദാഹരണമായി അവൻ ആരംഭിച്ച പ്രസ്താവനയുടെ ഈ ഭാഗം പരിഗണിക്കുക: “ഞാൻ പ്രായം കുറഞ്ഞവനും നിങ്ങൾ വൃദ്ധന്മാരും ആകുന്നു; അതുകൊണ്ടു ഞാൻ ശങ്കിച്ചു, അഭിപ്രായം പറവാൻ തുനിഞ്ഞില്ല. പ്രായം സംസാരിക്കയും വയോധികൃം ജ്ഞാനം ഉപദേശിക്കയും ചെയ്യട്ടെ എന്നിങ്ങനെ ഞാൻ വിചാരിച്ചു. എന്നാൽ മനുഷ്യരിൽ ആത്മാവു ണ്ടല്ലോ; സർവ്വശക്തന്റെ ശ്വാസം അവർക്കു വിവേകം നൽകുന്നു. പ്രായം ചെന്നവരത്രേ ജ്ഞാനികൾ എന്നില്ല; വൃദ്ധന്മാരത്രേ ന്യായ ബോധമുള്ളവർ എന്നുമില്ല'' (ഇയ്യോബ് 32:6-9). നമ്മൾ ഓർക്കുകകൂടി ചെയ്യണം പിന്നീടു ദൈവം സംസാരിച്ചപ്പോൾ, ദൈവം ഇയ്യോബിന്റെ സ്നേഹിതന്മാരെ ശകാരിച്ചു - എലീഫസ്, ബിൽദാദ്, സോഫർ എന്നിവരെ—അവർ എന്താണു പറഞ്ഞതു അതിനു, എന്നാൽ എലീഹൂവിനെ ശകാരിച്ചില്ല.

എലീഹൂ ഇയ്യോബിനോടു കാരണം പറയാൻ തുടങ്ങിയപ്പോൾ അവൻ ഇയ്യോബിനെ ശകാരിച്ചു അവന്റെ സ്വയനീതീകരണ മനോഭാവത്തിനും അവന്റെ നീതിനിഷേധിച്ചതിനു ദൈവത്തെ കുറ്റപ്പെടുത്തിയതിനും. മനുഷ്യനെ അവന്റെ തെറ്റായ വഴികളിൽ നിന്നും തിരിക്കുന്നതിനു ദൈവം മനുഷ്യനോടു സ്വപ്നത്തിലൂ ടെയും ദർശനത്തിലൂടെയും സംസാരിക്കുന്നതിനു എങ്ങനെ യാണു ശ്രമിക്കുന്നതെന്നു എലീഹൂ വിസ്തരിക്കുന്നു. ദൈവം ചിലപ്പോൾ രോഗത്തിന്റെയും വേദനയുടെയും നടുവിൽ പോലും സംസാരിക്കും ഒരു മനുഷ്യനെ ദൈവത്തിങ്കലേക്കു വലിച്ചെടുക്കു ന്നതിനു. ഒരു മനുഷ്യൻ അവന്റെ കിടക്കയിൽ രോഗി ആയാൽ പോലും, ശവക്കുഴിയിലേക്കു വലിക്കുകയാണെങ്കിലും, കഷ്ടപ്പെടു ന്നവനോടു ശരിയായ കാര്യങ്ങൾ ചെയ്യേണ്ടതു പറയുന്നതിനു ഒരു സന്ദേശ വാഹകൻ ഉണ്ടെങ്കിൽ, അവനെ മാനസാന്തരത്തിൽ ദൈവത്തിങ്കലേക്കു തിരിച്ചാൽ—ആ മനുഷ്യൻ മാനസാന്തരപ്പെടു കയാണെങ്കിൽ അപ്പോൾ ദൈവം അവനോടു കരുണയുള്ളവൻ ആകും, എന്നിട്ടു പറയുന്നു, “കുഴിയിൽ ഇറങ്ങാതവണ്ണം ഇവനെ രക്ഷിക്കേണമേ; ഞാൻ ഒരു മറുവില കണ്ടിരിക്കുന്നു എന്നു പറയും” (ഇയ്യോബ് 33:24).

വീണ്ടെടുപ്പിനുവേണ്ടി കൊടുക്കുന്ന വിലയാണു മറുവില. ഒരാളെ ശത്രുക്കൾ ജാമ്യമായി പിടിച്ചുവെക്കുമ്പോൾ ആ വ്യക്തിയുടെ സ്വാതന്ത്ര്യം നേടുന്നതിനു കൊടുക്കുന്ന വിലയാണു മറുവില. അടിമത്തത്തിൽനിന്നും അവരുടെ സ്വാതന്ത്ര്യം സമ്പാദിക്കുവാൻ ചെയ്യുന്ന പ്രക്രിയയാണു വീണ്ടെടുപ്പ്. ഇയ്യോബ് 33:24ൽ മറുവിലക്കു ഉപയോഗിച്ചിരിക്കുന്ന എബ്രായഭാഷയിലെ വാക്കു 'കോപർ' എന്നാണ്. ഇതു ഒരു വീണ്ടെടുപ്പിന്റെ വില, ഒരു മറുവില, പ്രായശ്ചിത്തം ഇങ്ങനെയൊക്കെ പരാമർശിച്ചു ഉപയോഗിച്ചിരിക്കുന്നതു. പാപത്തിന്റെ ഒരു ആവരണത്തിനും പരാമർശിച്ചു ഇതിനെ ഉപയോഗിക്കുന്നുണ്ടു, പാപപരിഹാരത്തിന്റെ വിവേകത്തിനും കൂടി പാപത്തിനു നഷ്ടപരിഹാരം ഉണ്ടാക്കുക, പ്രീണിപ്പിക്കുക.

ഇതു നിരീക്ഷിക്കുന്നതു രസകരമാണു, ഒരു മറുവിലയെക്കുറിച്ചുള്ള പൊതുധാരണ - ഒരു വീണ്ടെടുപ്പിന്റെ വില—പഴയകാലങ്ങളിൽതന്നെ ഗ്രഹിച്ചിരുന്നു. ഇതുംകൂടെ നിരീക്ഷിക്കുന്നതു രസകരമാണ്, ജനങ്ങളെ രോഗങ്ങളിൽനിന്നും വെളിയിൽ കൊണ്ടുവരുന്നതിനും സംഹാരത്തിൽനിന്നും രക്ഷിക്കുന്നതിനും ഉള്ള ബന്ധത്തിലും ഇതു നിറവേറ്റിയിരുന്നു. കുഴി എന്നതു ഭൗതികമായതും നിത്യമായതുമായ സംഹാരത്തെ പരാമർശിക്കുവാൻ കഴിയും.

## ഞാൻ ഒരു മറുവില കണ്ടുപിടിച്ചു

എലീഹൂ വിശദീകരിക്കുന്നു ദൈവത്തിന്റെ പരിണിതഫലം കഷ്ടം അനുഭവിക്കുന്ന ഒരു വ്യക്തിക്കു ഒരു മറുവില കണ്ടുപിടിക്കുന്നതിനു. "മറുവിലയുടെ അനുഗ്രഹങ്ങൾ" താഴെ കൊടുത്തിരിക്കുന്നതിൻ പ്രകാരം നമുക്കു ഇനം തിരിച്ചു പറയുവാൻ കഴിയും;

**അപ്പോൾ ദൈവം അവനോടു കരുണയുള്ളവനാകുന്നു (വാക്യം 24)**

എന്തുകൊണ്ടെന്നാൽ ദൈവം ഒരു മറുവില കണ്ടുപിടിച്ചു— ഒരു വീണ്ടെടുപ്പിന്റെ വില—കഷ്ടപ്പെടുന്ന വ്യക്തിക്കു കരുണ വ്യാപിപ്പിക്കുവാൻ ദൈവത്തിനു കഴിയും. നേരത്തെ പാപത്തിൽ തുടർന്നുകൊണ്ടിരുന്ന ഒരാളെ കൈക്കൊള്ളുവാൻ ദൈവത്തിനു കഴിയും,

എന്നാൽ ഇപ്പോൾ അവന്റെ/അവളുടെ വഴികളെ മനസ്സിലാക്കി ദൈവത്തിങ്കലേക്കു തിരിഞ്ഞു. മറുവില ദൈവത്തിന്റെ നീതിയുടെ അവകാശത്തെ കാത്തുസൂക്ഷിച്ചു അതു ആവശ്യമാക്കിയിരുന്നതു പാപത്തിനു ശിക്ഷ കൊടുക്കണമെന്നു. ദൈവത്തിന്റെ നീതി തൃപ്തിപ്പെടുത്തിയപ്പോൾ, ദൈവത്തിന്റെ കരുണ ഇപ്പോൾ വ്യാപി പ്പിക്കുവാൻ കഴിയും. മറുവില നിമിത്തം ദൈവത്തിന്റെ കരുണ നമ്മോടു വ്യാപിപ്പിച്ചിരിക്കുന്നു.

**കുഴിയിൽ ഇറങ്ങാതവണ്ണം ഇവനെ രക്ഷിക്കേണമേ (വാക്യം 24)**

ഒരു മറുവില കണ്ടുപിടിക്കുന്നതിന്റെ പരിണിതഫലമായും ദൈവത്തിന്റെ കരുണ വ്യാപിപ്പിക്കുന്നതിനാലും ദൈവം കല്പി ക്കുന്നു ഭൗതികമായ സംഹാരത്തിൽനിന്നും ആ വ്യക്തിയെ "ശിക്ഷിക്കാതിരിക്കുവാൻ." രോഗത്തിലൂടെ ഈ വ്യക്തി മരണ ത്തോളം എത്തിയിരുന്നു എന്നാൽ ദൈവം ഒരു മറുവില കണ്ടു പിടിച്ചതിനാലും ദൈവത്തിന്റെ കരുണ വ്യാപിപ്പിച്ചതിനാലും ഈ വ്യക്തി മരിക്കേണ്ട ആവശ്യം ഇല്ല, സങ്കീർത്തനക്കാരനെപ്പോലെ പറയാൻ കഴിയും "ഞാൻ മരിക്കയില്ല; ഞാൻ ജീവനോടെയിരുന്നു യഹോവയുടെ പ്രവൃത്തികളെ വർണ്ണിക്കും" (സങ്കീർത്തനങ്ങൾ 118:17). മറുവിലയുടെ ഒരു അനുഗ്രഹം രോഗം കാരണമാക്കിയ ഭൗതികമരണത്തിൽ നിന്നും വിടുതലാണ്. നമ്മൾ ശാരീരിക മായി ഒരിക്കലും മരിക്കത്തില്ല എന്നല്ല. എല്ലാ മനുഷ്യരും മരിക്ക ണം എന്നു വിധി കൽപ്പിക്കപ്പെട്ടിരിക്കുകയാണ് (എബ്രായർ 9:27). എന്നാൽ, മാതൃകാപരമായി ഒരു പൂർണ്ണ വാർദ്ധക്യത്തിൽ നമ്മൾ "കുഴിയിൽ ഇറങ്ങും, തക്കസമയത്തു കറ്റക്കൂമ്പാരം അടുക്കി വെക്കുന്നതുപോലെ" (ഇയ്യോബ് 5:26).

**അപ്പോൾ അവന്റെ ദേഹം യൗവ്വനചൈതന്യത്താൽ പുഷ്ടിവെക്കും അവൻ ബാല്യപ്രായത്തിലേക്കു തിരിഞ്ഞുവരും (വാക്യം 25)**

ശാരീരികമായ സൗഖ്യവും, പുതുക്കി പണിത ജഡത്തിന്റെ ആരോഗ്യവും മറുവിലയുടെ വേറൊരു അനുഗ്രഹം ആണ്. രോഗി

ആയിരുന്ന വ്യക്തിയുടെ ആരോഗ്യവും ബലവും പുതുക്കിപ്പണിയപ്പെട്ടു. മറുവില കാരണം, ദൈവം നമ്മുടെ എല്ലാ പാപങ്ങളും ക്ഷമിച്ചു നമ്മുടെ എല്ലാ രോഗങ്ങളെയും സൗഖ്യമാക്കുന്നു! ഹല്ലേലുയ്യാ!

**അവൻ ദൈവത്തോടു പ്രാർത്ഥിക്കും അവൻ അവങ്കൽ പ്രസാദിക്കും (വാക്യം 26)**

മറുവിലയുടെ മറ്റൊരു അനുഗ്രഹമാണു പ്രാർത്ഥിക്കുമ്പോൾ ഉത്തരം ലഭിക്കുന്നത്. പാപം ആണു ദൈവത്തിങ്കൽനിന്നും നമ്മെ വേർതിരിക്കുന്നത്. “നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നത്; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറയ്ക്കുമാറാക്കിയത്” (യെശയ്യാവു 59:2). നമ്മുടെ പ്രാർത്ഥനകൾ ദൈവം കേൾക്കുന്നതിനും ഉത്തരം നൽകുന്നതിനും പാപം തടസ്സപ്പെടുത്തുന്നു. എന്നാൽ, ദൈവം ഒരു മറുവില കണ്ടുപിടിച്ചതിനാൽ, നമ്മുടെ വഴികളിൽനിന്നും നമ്മുടെ പാപങ്ങൾ നീക്കപ്പെടുന്നു മാനസാന്തരപ്പെട്ടു നമ്മൾ ദൈവത്തിങ്കലേക്കു തിരിയുമ്പോൾ. ഇപ്പോൾ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കുവാൻ കഴിയും, നമ്മുടെ പ്രാർത്ഥനകൾക്കു ഉത്തരം നൽകുവാൻ ദൈവം ഹൃദയപൂർവ്വമായി താൽപര്യപ്പെടും!

**തിരുമുഖത്തെ അവൻ സന്തോഷത്തോടെ കാണും (വാക്യം 26)**

ഇപ്പോൾ, ആരോഗ്യത്തോടും പൂർണ്ണവിശ്വാസത്തോടും ആഹ്ളാദത്തോടും വ്യക്തിപരമായി ദൈവത്തോടുള്ള ദൃഢബന്ധത്തിലും ഇരിക്കുവാൻ സാദ്ധ്യമാണ്. എന്തുകൊണ്ടെന്നാൽ വീണ്ടെടുപ്പിന്റെ വില കൊടുത്തതിനാൽ. നമ്മൾ ഇനി ഒരിക്കലും പാപത്തെ ഭയപ്പെട്ടു അടിമകളായി നാണംകെട്ടു പാദസേവ ചെയ്യുന്നവരല്ല എന്നാൽ “അബ്ബാ പിതാവേ” എന്നു ദൈവത്തെ വിളിക്കുന്ന വീണ്ടെടുക്കപ്പെട്ട പുത്രന്മാരും പുത്രിമാരും ആണ്. നമ്മൾക്കു സമാധാനവും, ഐക്യവും, സഖിത്വവും കൂട്ടായ്മയും ദൈവത്തോടുണ്ട്.

**അവൻ മനുഷ്യനു അവന്റെ നീതിയെ പകരം കൊടുക്കും (വാക്യം 26)**

ദൈവത്തോടുകൂടെ ശരിയായി നിൽക്കുന്നതിനു ദൈവം ജനങ്ങളെ പുനഃസ്ഥാപിക്കുന്നു. "ദൈവത്തിന്റെ മുമ്പാകെ ശരിയായിരിക്കുക" അർത്ഥമാക്കുന്നതു ഇനിയും ഒരിക്കലും ദൈവം നമ്മെ കുറ്റമുള്ളവരായി പരിഗണിക്കുകയില്ല. സ്വർഗ്ഗത്തിലെ കോടതിയിൽ എല്ലാ ദണ്ഡനവിധികളിൽനിന്നും നമ്മൾ സ്വതന്ത്രരാണു. നമ്മൾ അപരാധിയല്ലെന്നു വിധിക്കപ്പെട്ടു, ക്ഷമിക്കപ്പെട്ടു, മാപ്പു നൽകപ്പെട്ടു. ഒരിക്കലും പാപം ചെയ്തിട്ടില്ല എന്നപോലെ നമ്മൾ ദൈവമുമ്പാകെ നിൽക്കുന്നു. നമുക്കു തല ഉയരത്തിൽ ഉയർത്തിപ്പിടിക്കുവാൻ കഴിയും, നമ്മൾ ദൈവത്തിന്റെ അടുക്കലേക്കു വരുന്നതു ഭയത്തോടും ദണ്ഡനവിധിയോടും അല്ല, എന്നാൽ ആത്മവിശ്വാസമുള്ളവരായിട്ടും ദൃഢവിശ്വാസമുള്ളവരായിട്ടുമാണ്. മറുവിലയിലൂടെ നൽകപ്പെട്ട വേറൊരു അനുഗ്രഹമാണിത്.

**അവൻ അവന്റെ പ്രാണനെ കുഴിയിൽ ഇറങ്ങാത്തവണ്ണം രക്ഷിച്ചു അവന്റെ ജീവൻ പ്രകാശത്തെ കണ്ടു സന്തോഷിക്കുന്നു (വാക്യം 28)**

വീണ്ടെടുപ്പു (എബ്രായ ഭാഷയിൽ 'പദാ') നിത്യമായ സംഹാരത്തിൽ നിന്നു, കണ്ടുപിടിക്കപ്പെട്ട മറുവിലയുടെ വിലയിലൂടെ സാദ്ധ്യമാക്കി. അവന്റെ/അവളുടെ സ്വന്ത അഹങ്കാരത്താൽ വഴിവിട്ടുപോയ വ്യക്തി മാനസാന്തരപ്പെട്ടപ്പോൾ ഒരു നിത്യതയെ മുമ്പിൽ കണ്ടുകൊണ്ടിരിക്കുവാൻ കഴിയും അവിടെ അവൻ/അവൾ വെളിച്ചം ആനന്ദിക്കുവാൻ ജീവിക്കും.

ഇവ ആകുന്നു ഏഴു "മറുവിലയുടെ അനുഗ്രഹങ്ങൾ"—വീണ്ടെടുപ്പിന്റെ വിലയുടെ അനുഗ്രഹങ്ങൾ—ഇയ്യോബ് 33:14–30ൽ കാഴ്ചവെച്ചിരിക്കുന്ന പ്രകാരം. എന്തോരു വെളിപ്പെടുത്തൽ! എലീഹൂ ഇതു ഗ്രഹിച്ചതു പരിഗണിക്കുക, പഴയനിയമത്തിലെ യാഗങ്ങളിലൂടെ ദൈവം തന്റെ ജനമായ യിസ്രായേൽ ജനത്തോടു സംസാരിക്കാൻ തുടങ്ങുന്നതിനു മുമ്പെ പോലും, യെശയ്യാപ്രവാചകൻ യേശു ചെയ്യുവാൻ പോകുന്ന പ്രവൃത്തികളെക്കുറിച്ചു

പ്രവചിക്കുന്നതിനു മുമ്പെ പോലും (യെശയ്യാവു 53), സത്യമായും അത്ഭുതസ്തബ്ധരാക്കുന്നില്ലേ!

## ഒരു മറുവില എല്ലാവർക്കുംവേണ്ടി

"ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കുംവേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശുതന്നെ" (1 തിമൊഥെയൊസ് 2:5-6).

ഏകദേശം 2000 വർഷങ്ങൾക്കു ശേഷം, "നിശ്ചിത സമയം" വന്നപ്പോൾ ദൈവം "മറുവില" ഉണ്ടാക്കിക്കൊടുത്തു. ഇതായിരുന്നു യേശുക്രിസ്തു, ദൈവം മനുഷ്യനായിത്തീർന്നു, ദൈവം തനിയെ വീണ്ടെടുപ്പിന്റെ വിലയ്ക്കു തക്കയോഗ്യതയുള്ളവനായിത്തീർന്നു. മറുവിലയായി അവൻ തന്റെ സ്വന്തജീവൻ കൊടുത്തു. അവൻ തന്റെ ജീവൻ മറുവിലയായി എല്ലാവർക്കുംവേണ്ടി കൊടുത്തു.

എല്ലാ മനുഷ്യരും പാപം ചെയ്തു. പാപത്തിനു അതിന്റേതായ പരിണിതഫലങ്ങൾ ഉണ്ട് - അവയിൽ ചിലതു പെട്ടെന്നാണ് അതു നമ്മൾ ഈ ജീവിതത്തിൽ അനുഭവിക്കുന്നു, ചിലതു നിത്യമായതാണ് അതു ഈ ജീവിതത്തിനുശേഷം അനുഭവിക്കും. പാപത്തിനു അതിന്റെ ഫലങ്ങളായ കഷ്ടപ്പാടുകളും സംഹാരവും ഉണ്ട്. പാപം കാരണം മനുഷ്യവർഗ്ഗം മുഴുവനും അടിമത്തത്തിൽ പിശാചിനു വിൽക്കപ്പെട്ടു. പിശാചു അവന്റെ അധാർമ്മികമായ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നു, മനുഷ്യജീവിതങ്ങളെ പീഡിപ്പിച്ചും ദാരുണവേദന കൊടുത്തുകൊണ്ടും. ഇതാകുന്നു സുവാർത്താദൂതു മറുവില—നമ്മുടെ വീണ്ടെടുപ്പിനുവേണ്ടിയുള്ള വില - പാപത്തിൽ നിന്നും പിശാചിൽനിന്നും, കൊടുത്തുകഴിഞ്ഞു. പാപത്തിന്റെയും പിശാചിന്റെയും അടിമത്തത്തിൽനിന്നും നമ്മളെ സ്വതന്ത്രരാക്കുവാൻ, മറുവിലയായി യേശു തന്നെത്തന്നെ കൊടുത്തു. ഇന്നു ഭൂമിയിൽ ജീവനോടെയിരിക്കുന്ന എല്ലാ വ്യക്തികളും "മറുവിലയുടെ അനുഗ്രഹങ്ങളിൽ" ആനന്ദിക്കുന്നതിനു ഈ സത്യം അറിയണം.

## ഇയ്യോബിന്റെ വിവേകം

**"എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നിൽക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നെ അവനെ കാണും; അന്യനല്ല, എന്റെ സ്വന്തകണ്ണു അവനെ കാണും" (ഇയ്യോബ് 19:25–27).**

തിരുവെഴുത്തിലെ ഭാഗങ്ങളിൽ ഏറ്റവും ശ്രദ്ധേയമായിട്ടുള്ള ഒന്നാണു ഇയ്യോബിന്റെ പുസ്തകത്തിലെ വചനങ്ങളെ എടുത്തു കാണിക്കുന്നതു ഇയ്യോബ് 19:25–27ൽ. അവന്റെ കഷ്ടപ്പാടുകളുടെ നടുവിൽപോലും, അവനു ഒരു ഉത്തരവും ഇല്ലാതിരുന്നപ്പോഴും, 'എന്തുകൊണ്ട്' 'എങ്ങനെ', 'എത്രനാൾകൂടെ' അവന്റെ കഷ്ടപ്പാടുകൾ, ഇതു വളരെ ശ്രദ്ധേയമാണു ഇയ്യോബ് ഈ വചനങ്ങളെ ഉച്ചരിച്ചത്. ഇതിനുമേലായി ഈ ആത്മീയ സത്യത്തെക്കുറിച്ചുള്ള വെളിപ്പെടുത്തലും വിവേകവും ഇയ്യോബിനുണ്ടായിരുന്നതു പരിഗണിക്കുക, അപ്പോൾ വേദപുസ്തകം ഒരിടത്തും ഇല്ലായിരുന്നു, സത്യമായും അത്ഭുതസ്തബ്ധമാക്കുന്നത്!

ഇയ്യോബ് അവന്റെ വിശ്വാസം ഉറപ്പിച്ചു പറയുന്നു അവന്റെ വീണ്ടെടുപ്പുകാരൻ—അവനെ സ്വതന്ത്രനാക്കാൻ കഴിയുന്നവൻ ജീവിച്ചിരിക്കുന്നുവെന്ന്. അവൻ തന്റെ വിശ്വാസം ഉറപ്പിച്ചു പറയുന്നു ഭാവിയിൽ ഒരുസമയത്തു അവന്റെ വീണ്ടെടുപ്പുകാരൻ പൊടിമേൽ നിൽക്കുമെന്ന്. അവൻ ഇതുംകൂടെ വിശ്വസിച്ചു അവന്റെ ശരീരം നശിക്കപ്പെട്ടു അഴുകിയാലും, എപ്പോഴെങ്കിലും ഒരിക്കൽ ഒരു ശരീരത്തിൽ അവന്റെ സ്വന്ത കണ്ണുകളാൽ അവൻ ദൈവത്തെ കാണും എന്ന്. ഇയ്യോബ് പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു നിത്യമായ കാര്യങ്ങളെക്കുറിച്ചുള്ള ഇയ്യോബിന്റെ വിവേകം എത്ര കൃത്യമായതായിരുന്നു! വളരെ അത്ഭുതസ്തബ്ധമാക്കുന്നത്!

വീണ്ടെടുപ്പു - മറുവിലയുടെ വിലകൊടുക്കുന്നതിലൂടെ വരുന്ന സ്വാതന്ത്ര്യം - പെട്ടെന്നുള്ള അതിന്റെ അനുഗ്രഹങ്ങൾ മാത്രം

അല്ല, എന്നാൽ ഇനിയും അനുഭവം ആക്കുവാൻ പോകുന്ന അനുഗ്രഹങ്ങളും, നിത്യമായ അനുഗ്രഹങ്ങൾ.

ഇയ്യോബ് 19:25–27ൽ ഉപയോഗിച്ചിരിക്കുന്ന 'വീണ്ടെടുപ്പുകാരൻ' എന്ന പദത്തിന്റെ അർത്ഥം എബ്രായഭാഷയിൽ കൊടുത്തിരിക്കുന്നതു അറിയുന്നതു രസകരമാണ്, 'ഗാൽ' അതിനെ സൂചിപ്പിച്ചിരിക്കുന്നതു ഒരു "ബന്ധുവായ വീണ്ടെടുപ്പുകാരനോടാണ്". ഒരു ബന്ധുവായ വീണ്ടെടുപ്പുകാരൻ, ഏതെങ്കിലും രക്തബന്ധമുള്ളവനായിരുന്നു, അടുത്ത ചാർച്ചക്കാരൻ. രക്തബന്ധത്തിന്റെ പ്രാചീനമായ നിയമം അനുസരിച്ചു, അടുത്ത ബന്ധുവിനു ചുമതലയും അധികാരവും ഉണ്ടായിരുന്നു വീണ്ടെടുക്കുന്നതിനു (ഒരു വില കൊടുത്തു തിരിച്ചുവാങ്ങിക്കുന്നതിനു), അവന്റെ ഏതെങ്കിലും സ്വന്തക്കാരുടെ സ്വത്ത്. "ബന്ധുവായ ഒരു വീണ്ടെടുപ്പുകാരന്റെ" ചുമതല മറ്റുഭാഗങ്ങളിലേക്കും വ്യാപ്തിപ്പെടുത്തിയിരിക്കുന്നു ഉദാഹരണമായി മരിച്ചുപോയ ഒരു ബന്ധുവിന്റെ വിധവയെ വിവാഹം കഴിക്കുന്നത്. അതുകൊണ്ട് ഇയ്യോബ് സർവ്വശക്തനായ ദൈവത്തെ പരാമർശിച്ചിരിക്കുന്നതു അവന്റെ "ബന്ധുവായ വീണ്ടെടുപ്പുകാരൻ" എന്നാണ്.

## നമ്മുടെ ബന്ധുവായ വീണ്ടെടുപ്പുകാരൻ

"നിന്നോടുകൂടെയുള്ള പരദേശിയോ അന്യനോ സമ്പന്നനാകയും അവന്റെ അടുക്കലുള്ള നിന്റെ സഹോദരൻ ദരിദ്രനായിത്തീർന്നു തന്നെത്താൻ അന്യനോ പരദേശിക്കോ അന്യന്റെ സന്തതിക്കോ വിൽക്കയും ചെയ്താൽ അവൻ തന്നെത്താൻ വിറ്റശേഷം അവനെ വീണ്ടെടുക്കാം; അവന്റെ സഹോദരന്മാരിൽ ഒരുത്തനു അവനെ വീണ്ടെടുക്കാം; അവന്റെ പിതൃവ്യനോ പിതൃവിന്റെ പുത്രനോ അവനെ വീണ്ടടുക്കാം; അല്ലെങ്കിൽ അവന്റെ കുടുംബത്തിൽ അവന്റെ അടുത്ത ചാർച്ചക്കാരിൽ ഒരുത്തനു അവനെ വീണ്ടെടുക്കാം; അവനു പ്രാപ്തിയുണ്ടെങ്കിൽ തന്നെത്താൻ വീണ്ടെടുക്കാം. അവൻ തന്നെ വിറ്റ സംവത്സരം മുതൽ യോബേൽ സംവത്സരംവരെയുള്ള കാലക്കണക്കു തന്നെ വാങ്ങിയവനുമായി

കൂട്ടി നോക്കണം; അവന്റെ വില സംവത്സരസംഖ്യക്കു ഒത്തവണ്ണം ആയിരിക്കേണം; അവൻ ഒരു കൂലിക്കാരന്റെ കാലത്തിനു ഒത്തവണ്ണം അവന്റെ അടുക്കൽ പാർക്കേണം"(ലേവ്യ പുസ്തകം 25:47-50).

ബന്ധുവായ ഒരു വീണ്ടെടുപ്പുകാരന്റെ ജോലി പിന്നീടു യിസ്രായേലിൽ ഒരു നിയമം അല്ലെങ്കിൽ അടിയന്തരനിയമമായിത്തീർന്നു. ഉദാഹരണമായി ലേവ്യപുസ്തകം 25:47-50യിൽ വിസ്തരിച്ചുള്ള നിർദ്ദേശങ്ങൾ നമ്മൾക്കുണ്ട്. വൈനിന്റെ പൂർണ്ണമായ എക്സ്പോസിറ്ററി നിഘണ്ടുവിൽ താഴെ കൊടുത്തിരിക്കുന്ന വിമർശനങ്ങൾ അടങ്ങിയിരിക്കുന്നു: സാധുവായ ഒരു മനുഷ്യൻ അവനെത്തന്നെ വേറൊരു യിസ്രായേൽക്കാരനു വിൽക്കും (ലേവ്യപുസ്തകം 25:39) അല്ലെങ്കിൽ യിസ്രായേലിൽ ജീവിക്കുന്ന ഒരു പരദേശിക്കു (ലേവ്യ പുസ്തകം 25:47). "വീണ്ടെടുക്കുന്ന" ചുമതല സംബന്ധിച്ചിരുന്നതു ഏറ്റവും അടുത്ത ബന്ധുവിനായിരുന്നു—സഹോദരൻ, അമ്മാവൻ, അമ്മാവന്റെ മകൻ, അല്ലെങ്കിൽ അവന്റെ ഭവനത്തിൽ നിന്നും രക്തബന്ധമുള്ള ഒരു ചാർച്ചക്കാരൻ (ലേവ്യപുസ്തകം 25:25, 48, 49). ഒരു വ്യക്തി (ബന്ധു) ധനപരമായ കഷ്ടത്തിലായിരുന്ന ഒരാളെ "വീണ്ടെടുത്തവൻ" അറിയപ്പെട്ടിരുന്നതു ബന്ധുവായ വീണ്ടെടുപ്പുകാരൻ എന്നായിരുന്നു, NIV തർജ്ജമ ചെയ്തിരുന്ന വാക്കു രൂത്തു 2:20ൽ. ആവർത്തനപുസ്തകം 19:6ൽ വീണ്ടെടുപ്പുകാരനെ വിളിച്ചിരുന്നതു "രക്തപ്രതികാരകൻ" എന്നായിരുന്നു അവന്റെ ജോലി അവന്റെ ബന്ധുവിന്റെ "കുലപാതകനെ വധശിക്ഷ നടപ്പാക്കുകയായിരുന്നു."

ഇയ്യോബ് പറഞ്ഞു "എന്റെ വീണ്ടെടുപ്പുകാരൻ (ബന്ധുവായ വീണ്ടെടുപ്പുകാരൻ) ജീവിക്കുന്നു..." (ഇയ്യോബ് 19:25). ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ദൈവം അവനെ സൃഷ്ടിച്ചതു തന്റെ സ്വന്ത ഭവനത്തിന്റെ ഭാഗമായിട്ടാണ് (ലൂക്കോസ് 3:38). മനുഷ്യൻ ദൈവത്തിനുള്ളവനാണ്. പാപത്തിലൂടെ, മനുഷ്യൻ തന്നെത്തന്നെ പിശാചിന്റെ അടിമയായി വിറ്റുകളഞ്ഞു. അപ്പോൾ യേശു വന്നു,

നമ്മുടെ മനുഷ്യത്വത്തിൽ പങ്കുവെക്കുന്നതിനും എല്ലാവിധത്തിലും യേശുവിന്റെ സഹോദരന്മാരെപ്പോലെ ആയിത്തീരുവാനും (എബ്രായർ 2:14, 17). യേശു നമ്മുടെ ബന്ധുവായ വീണ്ടെടുപ്പു കാരനെപ്പോലെ വന്നു. യേശു ക്രൂശിൽ മരിച്ചു, വിലയായി തന്റെ സ്വന്ത ജീവൻ കൊടുത്തു കൊണ്ടു—മറുവില, വീണ്ടെടുപ്പിന്റെ വില നമ്മുടെ സ്വാതന്ത്ര്യം വിലയ്ക്കുവാങ്ങാൻ. യേശു കല്ലറയിൽ നിന്നും ഉയിർത്തെഴുന്നേറ്റു അനേകം സഹോദരന്മാരിൽ ആദ്യ ജാതൻ ആകേണ്ടതിനു (റോമർ 8:29). യേശു ഇന്നും ജീവിക്കുന്നു. നമ്മുടെ **ബന്ധുവായ വീണ്ടെടുപ്പുകാരൻ ജീവിക്കുന്നു!**

## ധ്യാനത്തിനുള്ള ചോദ്യങ്ങൾ

1. ഇയ്യോബിനും എലീഹൂവിനും ദൈവം അവരുടെ വീണ്ടെടുപ്പുകാരൻ ആണെന്നുള്ള വിവേകം സ്വീകരിക്കുന്നതിനു ചില സാദ്ധ്യമായ സമീപനമാർഗ്ഗങ്ങൾ എന്തായിരിക്കുവാൻ കഴിയും?
2. പുതിയനിയമത്തിൽ തിരുവെഴുത്തുകളെ തിരിച്ചറിയുക അതു ചൂണ്ടിക്കാണിക്കുന്നതു “മറുവിലയുടെ ഏഴു അനുഗ്രഹങ്ങൾ” യേശുക്രിസ്തുവിലൂടെ നമുക്കു ലഭ്യമാക്കിത്തന്നതു?
3. കർത്താവായ യേശുവിനെ നമ്മളുടെ ‘‘ബന്ധുവായ വീണ്ടെടുപ്പുകാരനായി” വിസ്തരിച്ചു പ്രതിപാദിക്കുക.

# 2

# നമ്മുടെ വീണ്ടെടുപ്പ്

വേദപുസ്തകം നമ്മളോടു പറയുന്നു, ‘‘സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു” (1 യോഹന്നാൻ 5:19). നമ്മൾ ഒരു ചുറ്റുപാടിലാണു ജീവിക്കുന്നത് അതു അന്ധകാരശക്തികളുടെ സ്വാധീനത്തിലാണ്—പിശാചും അവന്റെ പൈശാചികമായ സൈന്യവും. പല വിധത്തിൽ അന്ധകാരശക്തികളുടെ പ്രവൃത്തികൾ നമുക്കു ചുറ്റിലും പ്രകടമാക്കിക്കൊണ്ടിരിക്കുന്നു - പാപം, രോഗം, സംഹാരം, ദാരിദ്ര്യം, അഴിമതി-പട്ടിക മുമ്പോട്ട് പോകുവാൻ സാധിക്കും. നമ്മൾ ലോകത്തിന്റെ ഏതു ഭാഗത്താണു ജീവിക്കുന്നതെന്നു കൂട്ടാക്കാതെ, നമ്മുടെ ജീവിതത്തിൽ എന്തു തൊഴിലായിരിക്കുമെന്നും—ശുശ്രൂഷകൻ, വൈദ്യൻ, വ്യാപാരം നടത്തുന്നയാൾ, വീട്ടുജോലിക്കാർ, അദ്ധ്യാപകർ, വിദ്യാർത്ഥി അതുപോലെ പലതും—എല്ലാദിവസവും പിശാചിന്റെ പ്രവൃത്തികളുമായി മുഖാമുഖമായി നമ്മൾ വരുന്നു. പിശാചും അവന്റെ അനേകമാളുകളുടെ ഒരു സംഘവും സ്വാധീനിക്കുന്നു, നിയന്ത്രിക്കുന്നു, ലോകത്തിൽ ജനങ്ങളുടെമേലും സംഭവങ്ങളിൻമേലും അധികാരം ചെലുത്തുന്നു. ഈ കാരണങ്ങളാൽ, വളരെ ശക്തമായ ഒരു സത്യം വേദപുസ്തകം കാഴ്ചവെക്കുന്നു. വേദപുസ്തകം പഠിപ്പിക്കുന്നു ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷിക്കപ്പെട്ട എല്ലാ വ്യക്തികളും സാത്താന്റെ നിയന്ത്രണത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്നു. എല്ലാ വിശ്വാസികൾക്കും പിശാചിന്റെ പ്രവൃത്തികളിൻമേൽ വിജയകരമായി ജീവിക്കുവാൻ സാദ്ധ്യമാണ്. ഏതെങ്കിലും വ്യക്തി അവൻ **“ക്രിസ്തുവിൽ”** ആണെങ്കിൽ ദുഷ്ടനായവന്റെ അടിമത്തത്തിൽ ജീവിക്കേണ്ട ആവശ്യം ഇല്ല;

ഒരു വശത്തു ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായ അനേകർ ഈ സത്യം കേട്ടിട്ടില്ല. ലോകത്തിനു ചുറ്റുമുള്ള ബഹുവിധമായ സഭകളിലെ അനേകം വിശ്വാസികൾ, അവരോടു ഒരിക്കലും പറഞ്ഞിട്ടില്ല, സത്യത്തിൽ പരാജയപ്പെടുത്തിക്കൊണ്ട് ജീവിക്കുവാൻ കഴിയുമെന്ന്. അവരെ പഠിപ്പിച്ചിട്ടില്ല പിശാചിന്റെ പ്രവൃത്തികളാൽ അധികാരം ചെലുത്തിക്കൊണ്ടു മേലാൽ ജീവിക്കേണ്ട ആവശ്യം ഇല്ലെന്ന്. അവരെ പഠിപ്പിച്ചിട്ടില്ല പിശാചിന്റെ പ്രവൃത്തികളെ ജയിച്ചുകൊണ്ടും എതിർത്തുനിന്നുകൊണ്ടും ഒരു ജീവിതം ജീവിക്കേണ്ടതിനു അവർ എന്താണു ചെയ്യേണ്ടിയതെന്നുള്ള ആവശ്യത്തെക്കുറിച്ചും. മറ്റൊരു വശത്തു, ക്രിസ്തുവിന്റെ ശരീരത്തിന്റെ ഭാഗമായതിൽ അനേകർ ഈ സത്യങ്ങളെ കേട്ടിട്ടുണ്ട് - ടേപ്പുകൾ കേട്ടിട്ടുണ്ട്, പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്, സെമിനാറുകളിൽ സംബന്ധിച്ചിട്ടുണ്ട് ‘‘വെളിപ്പാടുകൾ സ്വീകരിച്ചിട്ടുണ്ട്”—എന്നിട്ടും അവർക്കു കഴിഞ്ഞിട്ടില്ല വിശ്വാസ പ്രകാരം നടന്നു ഈ സത്യങ്ങൾ ദിവസേനയുള്ള ജീവിതത്തിൽ അർത്ഥം ധരിക്കുന്നതിനു. നമ്മൾ വിശ്വസിക്കുന്നതു ദൈവത്തിന്റെ ജനങ്ങൾ സത്യം അറിയണം എന്നാണു ദൈവം ആഗ്രഹിക്കുന്നതെന്നാണ്. ദൈവത്തിന്റെ വചനത്തിൽ കാഴ്ചവെച്ചിരിക്കുന്ന സത്യങ്ങളെ തന്റെ ജനങ്ങളെ പഠിപ്പിക്കണമെന്നും അഭ്യസ്ത വിദ്യരാക്കണം എന്നുമാണു ദൈവം ആഗ്രഹിക്കുന്നതു. തിരുവെഴുത്തിൽ കാഴ്ചവെച്ചിരിക്കുന്ന എല്ലാ സത്യങ്ങൾക്കും നമ്മുടെ ദിവസേനയുള്ള ജീവിതങ്ങളിൽ പ്രയോജനം ഉണ്ടെന്നുള്ളതു കൂടെ നമ്മൾ വിശ്വസിക്കുന്നു. തിരുവെഴുത്തിൽ കാഴ്ച വെച്ചിരിക്കുന്ന സത്യങ്ങൾ അതു പ്രസംഗിക്കുവാൻ മാത്രമോ, പഠിപ്പിക്കുവാൻ മാത്രമോ, എഴുതുവാൻ മാത്രമോ ഉള്ളതല്ല. അവയെ ഉദ്ദേശിച്ചിരിക്കുന്നതു നമ്മുടെ ദിവസവുമുള്ള അനുഭവങ്ങളുടെ ഒരു ഭാഗം ആയിത്തീരുന്നതിനാണ്.

ഈ അദ്ധ്യായത്തിൽ വസ്തുനിഷ്ഠമായതു നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ചു ഗ്രഹിക്കുവാൻ സഹായിക്കുന്നതാണ്,

ദുഷ്ടനായവന്റെ നിയന്ത്രണത്തിൽനിന്നും, നമ്മുടെ ജീവിതങ്ങളിൽ എങ്ങനെയാണു ഇതു നമ്മുടെ അനുഭവമാക്കുന്നതെന്നു പഠിക്കുവാൻ സഹായിക്കുന്നതിനുമാണ്.

## വീണ്ടെടുക്കപ്പെടുക എന്നു പറഞ്ഞാൽ എന്താണു അർത്ഥമാക്കുന്നത് ?

**''നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നുവിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി വെക്കുകയും ചെയ്ത പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകേണം എന്നും അപേക്ഷിക്കുന്നു. അവനിൽ നമുക്കു പാപമോചനമെന്ന വീണ്ടെടുപ്പുണ്ട്" (കൊലൊസ്യർ 1 : 13–14).**

കൊലൊസ്യർ 1:13 വെളിപ്പെടുത്തിത്തന്നു ദൈവം നമ്മളെ അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്നും രക്ഷപ്പെടുത്തി, തന്റെ പുത്രനായ യേശുവിന്റെ രാജ്യത്തിൽ കൊണ്ടുവന്നാക്കിയെന്നു, അവിടെ നമുക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യം ആസ്വദിക്കുവാൻ കഴിയും. യേശുവിലുള്ള വിശ്വാസത്തിലൂടെ നമ്മൾ രക്ഷിക്കപ്പെട്ട നിമിഷത്തിൽ, നമ്മൾ പിശാചിന്റെ നിയന്ത്രണത്തിൽനിന്നും അധികാരത്തിൽനിന്നും പുറത്തുവരുന്നു. നമ്മൾ ക്രിസ്തുവിൽ ആയതിനാൽ, പിശാചിനു നമ്മുടെമേൽ ഒരു അവകാശവും ഇല്ല – നമ്മുടെ ജീവിതങ്ങളിൽ ആധിപത്യം നടത്തുന്നതിനു ഒരധികാരവും ഇല്ല. ഇതു "വിശുദ്ധന്മാർക്കു വെളിച്ചത്തിലുള്ള അവകാശത്തിന്റെ'' ഭാഗമാണ് (കൊലൊസ്യർ 1:12), ഇതു നമുക്കു ആനന്ദിക്കാം. ക്രിസ്തുവിൽ ഉള്ള ഒരു വിശ്വാസി പീഡനം അനുഭവിക്കേണ്ട ആവശ്യമില്ല, അല്ലെങ്കിൽ പിശാചിന്റെയും ദുർദേവതകളുടെയും പ്രവൃത്തികളുടെ അടിമത്തത്തിൽ വെക്കേണ്ട ആവശ്യവും ഇല്ല. കൊലൊസ്യർ 1:14 ഈ ചിന്ത വ്യാപിപ്പിക്കുന്നു കൂട്ടിച്ചേർത്തുകൊണ്ട് ക്രിസ്തുവിൽ ''നമുക്കു വീണ്ടെടുപ്പ് ഉണ്ടെന്നു".

രണ്ട് പ്രധാനപ്പെട്ട ഗ്രീക്കു വാക്കുകൾ ഉണ്ട്, അതു പുതിയ നിയമത്തിൽ പലതരത്തിലുള്ള അനുമാനങ്ങളുമായി ഉപയോഗിച്ചി

രിക്കുന്നു “വീണ്ടെടുപ്പു” എന്ന വാക്കുമായുള്ള ബന്ധത്തിൽ. ഈ വാക്കുകൾ “agoridzo” (1 കൊരിന്ത്യർ 6:20ലും 7:23 ലും വെളിപ്പാടു 5:9 ലും ഉപയോഗിച്ചിരിക്കുന്നു). ഒരു അടിമകളുടെ ചന്തയെ വിവരിക്കുന്നതിനു, അടിമചന്തയിൽനിന്നും ഒരു അടിമയെ വിലക്കുവാങ്ങുന്നതു അവനെ സ്വതന്ത്രനായി വിടണം എന്ന ഉദ്ദേശ്യത്തോടുകൂടി. വാക്കു “lutro” (തീത്തോസ് 2:14ലും 1 പത്രൊസ് 1:18 ലും ഉപയോഗിച്ചിരിക്കുന്നു) അതിന്റെ അനുമാനം “apolutrosis” (എഫെസ്യർ 1:7 ലും കൊലൊസ്യർ 1:14 ലും ഉപയോഗിച്ചിരിക്കുന്നു, പരാമർശിക്കുന്നതു ഒരു മറുവില കൊടുത്തു ഒരു അടിമയെ സ്വതന്ത്രമാക്കുന്നതിനെക്കുറിച്ചാണ്, അടിമയെ ആദ്യത്തെ അവസ്ഥയിൽ പുനഃസ്ഥാപിക്കുന്നതിനും/തിരിച്ചു കൊടുക്കുവാൻ വേണ്ടിയുമാണ്.

വീണ്ടെടുപ്പിനെക്കുറിച്ചുള്ള പൊതുധാരണ താഴെ കൊടുത്തിരിക്കുന്ന ചിന്തകൾ വഹിക്കുന്നു:

- നമ്മൾ ഒരിക്കൽ അടിമത്തത്തിൽ ആയിരുന്നു. അതിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ നമ്മൾക്കുതന്നെ കഴിഞ്ഞില്ല.
- നമ്മുടെ സ്വാതന്ത്ര്യം വിലയ്ക്കുവാങ്ങുവാൻ ഒരു വില കൊടുത്തു.
- ഇപ്പോൾ നമ്മൾ ‘നിയമപരമായി’ സ്വതന്ത്രർ ആക്കപ്പെട്ടു നമ്മുടെ മുൻപിലത്തെ ഉടമസ്ഥനു നമ്മുടെ ജീവിതങ്ങളിൻമേൽ ഇനിയും ഒരവകാശവും ഇല്ല.

ദൈവം സൃഷ്ടിച്ച ആദ്യത്തെ മനുഷ്യനും സ്ത്രീയും, ആദാമും ഹവ്വായും, അവർക്കു ഈ ഭൂമിയുടെമേൽ ഉടമസ്ഥാവകാശം കൊടുത്തു. ദൈവം അവരോടു പറഞ്ഞു ഭൂമിയെ അധീനമാക്കി അതിലുള്ള എല്ലാറ്റിന്മേലും വാഴുവാൻ (ഉല്പത്തി 1:26–28). ഇതു പ്രത്യക്ഷപ്പെടുന്നതു, ഇതു ദൈവത്തിന്റെ ഉദ്ദേശ്യമായിരുന്നു ആദാമിന്റെയും ഹവ്വായുടെയും എല്ലാ പിൻതുടർച്ചക്കാരും ഇതേ അധികാരം ആനന്ദിക്കണമെന്നും അഭ്യസിക്കണമെന്നും. എന്നാൽ പഴയ സർപ്പം—പിശാചു, അവന്റെ കൗശലമായ വഞ്ചനയാൽ

കാലെടുത്തുവെച്ചു ആദാമിനും ഹവ്വാക്കും കൊടുത്തിരുന്ന അധികാരം പിടിച്ചടക്കി. പിശാചിന്റെ വാക്കു അനുസരിച്ചുകൊണ്ടു അവർ അവരെത്തന്നെ പിശാചിനു അടിമകളാക്കി. മനുഷ്യനു കൊടുത്തിരുന്ന അധികാരം ഇപ്പോൾ പിശാചിനു വിട്ടുകൊടുത്തു. ഇതുകൊണ്ടാകുന്നു തിരുവെഴുത്തിൽ അനേകയിടങ്ങളിൽ പിശാചിനെ പരാമർശിച്ചിരിക്കുന്നതു "ഈ ലോകത്തിന്റെ ദൈവം" എന്നും (2 കൊരിന്ത്യർ 4:4) ആകാശത്തിലെ അധികാരത്തിനു അധിപതി (എഫെസ്യർ 2:2) എന്നും. യേശു പിശാചിനെ പരാമർ ശിച്ചിരിക്കുന്നതു ''ഈ ലോകത്തിന്റെ പ്രഭു'' എന്നാണ് (യോഹന്നാൻ 12:31, 14:30). യേശു മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ട പ്പോൾ, വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നതു ഇങ്ങനെ യാണു, "പിന്നെ പിശാചു അവനെ മേലോട്ടു കൂട്ടിക്കൊണ്ടുപോയി ലോകത്തിലെ സകല രാജ്യങ്ങളെയും ക്ഷണനേരത്തിൽ അവനു കാണിച്ചു; ഈ അധികാരം ഒക്കെയും അതിന്റെ മഹത്വവും നിനക്കു തരാം; അതു എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്കു മനസ്സുള്ള വനു ഞാൻ കൊടുക്കുന്നു. നീ എന്നെ നമസ്കരിച്ചാൽ അതെല്ലാം നിന്റേതാകും എന്നു അവനോടു പറഞ്ഞു (ലൂക്കോസ് 4:5-7). ഇപ്രകാരം, യേശു, ഈ ഭൂമിയുടെ ഉടമസ്ഥാവകാശം പിശാച് അവകാശപ്പെട്ടതു തള്ളിക്കളഞ്ഞില്ല.

പിശാചു ഈ ലോകത്തിന്റെ ഉടമസ്ഥാവകാശം കൈവശമാക്കി മനുഷ്യവർഗ്ഗത്തെ അവന്റെ കർത്തൃത്വത്തിൽ കൊണ്ടുവന്നു. അവൻ ജനങ്ങളെ പീഡിപ്പിക്കുവാൻ തുടങ്ങി അവന്റെ ദുഷ്ടതകൊണ്ടു ഭൂമിയെ നിറയ്ക്കുവാനും. പാപം, രോഗം മറ്റെല്ലാവിധത്തിലുമുള്ള ദുഷ്ടതയും ലോകത്തിൽ മുഴുവൻ കവിഞ്ഞൊഴുകുവാൻ തുടങ്ങി, ഇതു ദൈവം ഒന്നാമതായി ആസൂത്രണം ചെയ്തതിന്റെ ഭാഗം അല്ലായിരുന്നു. എന്നാൽ ഇതു അഭ്യസ്തവിദ്യരുടെ മനസ്സിനു അസംബന്ധമായി തോന്നിയേക്കാം, അനേക സംഗതികളിലും, രോഗം പിശാചിന്റെ ഒരു പ്രവൃത്തിയാണ് (എല്ലാ സംഗതികളിലും അല്ല - എന്തുകൊണ്ടെന്നാൽ മറ്റുള്ള കാരണങ്ങളാലും ശാരീരികമായ സുഖക്കേടുകൾ ഉണ്ടാകുവാൻ കഴിയും, ഉദാഹരണമായി അപകട

ങ്ങൾ, അവഗണിക്കുക / അധാർമ്മിക രീതിയിൽ ഉപയോഗിക്കുക അതുപോലെ പലതും). യേശുവിന്റെ ഭൂമിയിലെ ശുശ്രൂഷയെ സൂചിപ്പിച്ചുകൊണ്ട് വേദപുസ്തകം പറയുന്നതു അവൻ "നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയും കൊണ്ട്"(അപ്പൊ. പ്ര. 10:38). ഒരു സ്ത്രീയെ സൗഖ്യമാക്കിക്കൊണ്ടു ശുശ്രൂഷിക്കുന്നതിൽ, അവൾക്കു വളരെ അംഗഭംഗം ഉണ്ടായി രുന്നു, കൂനിയായിരുന്നു, തന്നെത്താൻ നേരെ നിൽക്കുവാൻ കഴിയത്തില്ലായിരുന്നു, യേശു പറഞ്ഞു, "സാത്താൻ ബാധിച്ചിരുന്ന ഇവളെ" (ലൂക്കോസ് 13:16) എന്നു.

യേശു വന്നതു സാത്താന്റെ അടിമത്തത്തിൽനിന്നും അവന്റെ പീഡിപ്പിക്കുന്ന പ്രവൃത്തികളിൽനിന്നും മനുഷ്യനെ വീണ്ടെടുക്കു ന്നതിനാണ്. വേദപുസ്തകം പറയുന്നു, "പിശാചിന്റെ പ്രവൃത്തി കളെ അഴിപ്പാൻതന്നെ ദൈവപുത്രൻ പ്രത്യക്ഷനായി'' (1 യോഹന്നാൻ 3:8). ഇതാകുന്നു തന്റെ വീണ്ടെടുപ്പിന്റെ പ്രവൃത്തിയിൽ യേശു പൂർത്തീകരിച്ചത്. പിശാചിന്റെ അടിമത്തത്തിൽനിന്നും വെളിയിൽ വരുവാൻ യേശു സാദ്ധ്യമാക്കിത്തീർത്തു. സാത്താന്റെ അധികാരത്തിൽനിന്നും നിയന്ത്രണത്തിൽനിന്നും യേശു നമ്മളെ സ്വതന്ത്രരാക്കി. പിശാചിന്റെ പീഡിപ്പിക്കുന്ന പ്രവൃത്തികൾക്കു അധീനമായിരിക്കുന്നതിൽനിന്നും യേശു നമ്മളെ സ്വതന്ത്രമാക്കി.

എല്ലാ ക്രിസ്ത്യാനികളും വീണ്ടെടുക്കപ്പെട്ട വ്യക്തികളാണു. ഇതു അർത്ഥമാക്കുന്നതു പിശാചിന്റെ അടിമയായിരിക്കുന്നതിൽ നിന്നും നമ്മളെ വെളിയിൽ കൊണ്ടുവന്നു. പിശാചിനു നിയമപരമായി അവന്റെ ദോഷപ്രവൃത്തികൾകൊണ്ടു ഒരു വിശ്വാസിയെ പീഢിപ്പിക്കുവാൻ കഴിയത്തില്ല. ഒരിക്കൽ നമ്മൾ അടിമത്തത്തിൽ ആയിരുന്നു, എന്നാൽ ഇപ്പോൾ നമ്മൾ സ്വതന്ത്രരാണ്. ഒരിക്കൽ നമ്മൾ അന്ധകാരത്തിന്റെ രാജ്യത്തിലായിരുന്നു, എന്നാൽ ഇപ്പോൾ നമ്മൾ വെളിച്ചത്തിന്റെ രാജ്യത്തിലാണ്.

നമ്മുടെ വീണ്ടെടുപ്പ് വർത്തമാനകാലത്തിന്റേതായ ഒരു യാഥാർത്ഥ്യം ആണ്. എപ്പോഴെങ്കിലും ഭാവിയിൽ നമ്മൾ സാത്താന്റെ

ആധിപത്യത്തിൽനിന്നും വീണ്ടെടുക്കപ്പെടും എന്നു നമ്മൾ പ്രത്യാശിക്കുന്നതുപോലെയല്ല. വില നേരത്തേ തന്നെ കൊടുത്തു കഴിഞ്ഞു. നമ്മൾ സ്വതന്ത്രരാക്കപ്പെട്ടു. ഇവിടെ ഇപ്പോൾ - ഈ ജീവിതത്തിലൂടെ നമ്മൾ യാത്രചെയ്യുമ്പോൾ - ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളിൽ നമുക്കു ആനന്ദിക്കുവാൻ കഴിയും. പിശാചു അവന്റെ പ്രവൃത്തികൾകൊണ്ടു നമുക്കു എതിരായി വരാൻ ശ്രമിക്കുമ്പോൾ - പാപഹേതുവായ അടിമത്തരങ്ങൾ, രോഗങ്ങൾ, അഭാവം, എതിർക്കൽ അങ്ങനെ മറ്റുപലതും - നമുക്കു നമ്മുടെ വീണ്ടെടുപ്പു പ്രഖ്യാപിക്കുവാൻ കഴിയും അന്ധകാരത്തിന്റെ പ്രവൃത്തികളോടു എതിർത്തുനിൽക്കുവാനും.

വീണ്ടെടുപ്പു വേദശാസ്ത്രപരമായ ഒരു വിഷയം അല്ല താൽപര്യത്തിനു, എന്നാൽ, ഇതു ഒരു സത്യം ആണ് എല്ലാ ദൈവമക്കൾക്കും അനുഭവം ആക്കുവാൻ കഴിയുന്നതാണ്. എവിടെയെല്ലാം പിശാചിന്റെ പ്രവൃത്തികളെ നമ്മൾ അഭിമുഖീകരിക്കുന്നുണ്ടോ അവയെ നമുക്കു ജയിക്കുവാൻ കഴിയും - വീട്ടിൽ ആയാലും, കുടുംബ ബന്ധങ്ങളിൽ ആയാലും, ധനപരമായ സ്ഥാനങ്ങളിൽ ആയിരുന്നാലും, നമ്മുടെ ഭാവിയെ ബാധിക്കുന്ന കാര്യങ്ങളിൽ ആയിരുന്നാലും, ആപത്തുകളിൽനിന്നു സംരക്ഷണം ആയിരുന്നാലും, അടയ്ക്കപ്പെട്ട വാതി ലുകൾ തുറക്കുന്നതായിരുന്നാലും, ക്രിസ്തുവിന്റേതുപോലെയുള്ള സ്വഭാവം വികസിപ്പിക്കുന്നതായാലും, മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ശുശ്രൂഷിക്കുന്നതായാലും, രാജ്യത്തിനുവേണ്ടി അത്ഭുതകൃത്യം ചെയ്യുന്നതായാലും അങ്ങനെ മറ്റു പലതും, ക്രിസ്തുവിൽ ഉള്ള നമ്മുടെ വീണ്ടെടുപ്പു പ്രയോജനപ്പെടുത്തിക്കൊണ്ടു.

## പഴയനിയമത്തിൻ പ്രകാരം

“യഹോവ മോശെയോട് : ഞാൻ ഫറവോനോടു ചെയ്യുന്നതു നീ ഇപ്പോൾ കാണും; ശക്തിയുള്ള കൈ കണ്ടിട്ടു അവൻ അവരെ വിട്ടയയ്ക്കും; ശക്തിയുള്ള കൈ കണ്ടിട്ടു അവരെ തന്റെ ദേശത്തു നിന്നു ഓടിച്ചുകളയും എന്നു അരുളിച്ചെയ്തു. ദൈവം പിന്നെയും

മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: ഞാൻ യഹോവ ആകുന്നു. ഞാൻ അബ്രാഹാമിനും യിസ്ഹാക്കിനും, യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി; എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടില്ല. അവർ പരദേശികളായി പാർത്ത കനാൻ ദേശം അവർക്കു കൊടുക്കുമെന്നു ഞാൻ അവരോടു ഒരു നിയമം ചെയ്തിരിക്കുന്നു. മിസ്രയീമ്യർ അടിമകളാക്കിയിരിക്കുന്ന യിസ്രായേൽ മക്കളുടെ ഞരക്കം ഞാൻ കേട്ടു എന്റെ നിയമം ഓർത്തുമിരിക്കുന്നു. അതുകൊണ്ടു നീ യിസ്രായേൽ മക്കളോടു പറയേണ്ടതെന്തെന്നാൽ ഞാൻ യഹോവ ആകുന്നു; ഞാൻ നിങ്ങളെ മിസ്രയീമ്യരുടെ ഊഴിയവേലയിൽ നിന്നു ഉദ്ധരിച്ചു അവരുടെ അടിമയിൽനിന്നു നിങ്ങളെ വിടുവിക്കും; നീട്ടിയിരിക്കുന്ന ഭുജം കൊണ്ടും മഹാശിക്ഷാ വിധികൾ കൊണ്ടും നിങ്ങളെ വീണ്ടെടുക്കും. ഞാൻ നിങ്ങളെ എനിക്കു ജനമാക്കിക്കൊൾകയും ഞാൻ നിങ്ങൾക്കു ദൈവമാ യിരിക്കയും ചെയ്യും. മിസ്രയീമ്യരുടെ ഊഴിയവേലയിൽനിന്നു നിങ്ങളെ ഉദ്ധരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവ ഞാൻ ആകുന്നു എന്നു നിങ്ങൾ അറിയും. ഞാൻ അബ്രാഹാമിനും, യിസ്ഹാക്കിനും, യാക്കോബിനും നൽകുമെന്നു സത്യം ചെയ്ത ദേശത്തേക്കു നിങ്ങളെ കൊണ്ടു പോയി, അതു നിങ്ങൾക്കു അവ കാശമായി തരും. ഞാൻ യഹോവ ആകുന്നു" (പുറപ്പാടു 6:1–8).

"നിങ്ങൾ മിസ്രയീമ്യർക്കു അടിമകളാകാതിരിപ്പാൻ അവരുടെ ദേശത്തുനിന്നു നിങ്ങളെ കൊണ്ടുവന്ന നിങ്ങളുടെ ദൈവമായ യഹോവ ഞാൻ ആകുന്നു; ഞാൻ നിങ്ങളുടെ നുകക്കൈകളെ ഒടിച്ചു നിങ്ങളെ നിവർന്നു നടക്കുമാറാക്കിയിരിക്കുന്നു" (ലേവ്യ പുസ്തകം 26:13).

പഴയനിയമത്തിൽ ദൈവം തന്റെ ജനമായ യിസ്രായേലിനോടു ഇടപെടാത്ത വിധം പുതിയനിയമത്തിൽ ക്രിസ്തുവിന്റെ ശരീരത്തോ ടുള്ള സത്യം വഹിക്കുന്നു. മിസ്രയീമിൽനിന്നും ദൈവത്തിന്റെ ജനങ്ങളെ അടിമത്തത്തിൽനിന്നും വിടുവിക്കൽ അന്ധകാര

ശക്തികളുടെ ആധിപത്യത്തിൽനിന്നും നമ്മളെ വീണ്ടെടുത്ത തിന്റെ ഒരു മാതൃകയാണ്.

മിസ്രയീമിലെ അടിമത്തത്തിൽനിന്നും ഉള്ള അവരുടെ വീണ്ടെടു പ്പിന്റെ ബന്ധത്തിൽ ദൈവം സംസാരിച്ച താഴെ കൊടുത്തിരി ക്കുന്ന പ്രസ്താവന പരിഗണിക്കുക:

- “ഞാൻ നിങ്ങളെ മിസ്രയീംദേശത്തുനിന്നും കൊണ്ടുവന്നു.”
- “നിങ്ങൾ അവരുടെ അടിമകൾ ആയിരിക്കരുത്.”
- “ഞാൻ നിങ്ങളുടെ നുകക്കൈകളെ ഒടിച്ചു.”
- “ഞാൻ നിങ്ങളെ എന്റെ ജനമായി എടുക്കും, ഞാൻ നിങ്ങൾക്കു ദൈവം ആയിരിക്കും.”
- “ഞാൻ നിങ്ങളെ നിവർന്നുനടക്കുമാറാക്കി.”
- ഈ പ്രസ്താവം നമ്മുടെ ജീവിതങ്ങളോടു നമുക്കു പ്രയോഗിക്കാം.
- ദൈവം നമ്മളെ ''മിസ്രയീമിൽ''നിന്നും കൊണ്ടുവന്നു, അതായതു ദൈവം നമ്മളെ പിശാചിന്റെയും അവന്റെ ദുർഭൂത ങ്ങളുടെയും നിയന്ത്രണത്തിൽനിന്നും ആധിപത്യത്തിൽ നിന്നും വെളിയിൽ കൊണ്ടുവന്നു.
- നമ്മൾ ഇനിയും ഒരിക്കലും പിശാചിന്റെ അടിമത്തത്തിൽ ആയിരിക്കേണ്ട ആവശ്യമില്ല.
- പിശാച് ഒരിക്കൽ നമ്മുടെമേൽ വെച്ചിരുന്ന അടിമത്തങ്ങൾ നശിപ്പിക്കപ്പെട്ടു—ദൈവം അവയെ പൊട്ടിച്ചുകളഞ്ഞു.
- ദൈവം തന്റെ സ്വന്ത ജനമായി നമ്മളെ എടുത്തു. നമ്മൾ ദൈവത്തിന്റെ പ്രിയപുത്രന്റെ രാജ്യത്തിലാണ്. അവൻ നമ്മുടെ ദൈവം ആകുന്നു.

ഇപ്പോൾ നമുക്കു തല ഉയർത്തിപ്പിടിച്ചുകൊണ്ടു നടക്കുവാൻ കഴിയും. ഇതു അർത്ഥമാക്കുന്നതു നമുക്കു നമ്മുടെ വീണ്ടെടു പ്പിന്റെ പ്രയോജനങ്ങളിൽ നടക്കാൻ കഴിയുമെന്നാണ്. ഒരിക്കൽ

നമ്മുടെമേൽ കർത്തൃത്വം നടത്തിയിരുന്ന പിശാചിന്മേൽ നമുക്കു അധികാരം പ്രയോഗിക്കുവാൻ കഴിയും.

## നമ്മുടെ വീണ്ടെടുപ്പിനുവേണ്ടിയുള്ള വില

**"അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്" (എഫെസ്യർ 1:7).**

**"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രൊസ് 1:18–19).**

**"നിങ്ങളെ ഒരു വിലയ്ക്കു വാങ്ങിയിരിക്കുന്നു" (1 കൊരിന്ത്യർ 6:19, 7:23).**

നമ്മുടെ വീണ്ടെടുപ്പു വിലയ്ക്കു വാങ്ങിക്കുവാൻ വില കൊടുത്തതു ക്രിസ്തുവിന്റെ രക്തം ആയിരുന്നു. ഏതു ജീവിയുടെയും ജീവൻ ആകുന്നു രക്തം (ലേവ്യപുസ്തകം 17:11). അതുകൊണ്ടു ക്രിസ്തുവിന്റെ രക്തം സത്യത്തോടു സാക്ഷ്യപ്പെടുത്തുന്നു ക്രിസ്തു സ്വന്ത**ജീവൻ** കൊടുത്തുവെന്നു നമ്മുടെ വീണ്ടെടുപ്പു വിലയ്ക്കു വാങ്ങുവാൻ.

നമ്മുടെ സ്വന്ത സ്വാതന്ത്ര്യം വിലയ്ക്കുവാങ്ങുവാൻ നമ്മൾക്കു കഴിഞ്ഞില്ല എന്തുകൊണ്ടെന്നാൽ സത്യം ഇതാണ് നമ്മുടെ ജീവിതങ്ങളിലെ പാപങ്ങൾ സാത്താനു നിയമപരമായി ഒരു അവകാശം കൊടുത്തു നമ്മുടെമേൽ ആധിപത്യം പ്രയോഗിക്കുന്നതിനു. ആരെങ്കിലും ഒരിക്കലും പാപം ചെയ്യാത്തവർ മാത്രം, അതുകൊണ്ടു അവരുടെമേൽ പിശാചിനു നിയമപരമായി ഒരു അവകാശവും ഇല്ല, നമ്മുടെ സ്വാതന്ത്ര്യം വിലയ്ക്കു വാങ്ങിക്കുവാൻ സമർപ്പിക്കുവാൻ കഴിയും. ക്രിസ്തു ആയിരുന്നു, കളങ്കം ഇല്ലാത്ത ഒരുവൻ, പാപംകൂടാതെയും, തെറ്റുകൂടാതെയും, ക്രിസ്തുവിനു മാത്രം ആണു നമ്മുടെ വീണ്ടെടുപ്പുകാരൻ ആകുവാൻ കഴിയുന്നത്.

പാപത്തിനു അതിന്റെ “ശമ്പളം” ഉണ്ട്—അതിന്റെ പരിണിത ഫലങ്ങൾ. നമ്മുടെ പാപങ്ങൾക്ക് വിലകൊടുക്കാതെയിരിക്കുന്നിടത്തോളം കാലം, മനുഷ്യവർഗ്ഗത്തിന്മേൽ നിയമപരമായി കർത്തൃത്വം സമർത്ഥിക്കുവാൻ പിശാചിനു കഴിയും. ദൈവം കല്പന കൊടുത്തു പാപത്തിനു രക്തത്താൽ പരിഹാരം ചെയ്യണം എന്ന് (ലേവ്യപുസ്തകം 17:11). അതുകൊണ്ടു, നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനു ക്രിസ്തു തന്റെ രക്തം ചൊരിഞ്ഞപ്പോൾ, അതേ രക്തം നമ്മുടെ വീണ്ടെടുപ്പു വിലയ്ക്കു വാങ്ങുവാനുള്ള വില ആയിത്തീർന്നു. പാപത്തിനു വില കൊടുത്തപ്പോൾ, സാത്താന്റെ നിയമപരമായ അവകാശം അസാധുവായിത്തീർന്നു. വിശ്വാസത്താൽ പാപപരിഹാരത്തിനായി ക്രിസ്തു കാൽവരിക്രൂശിൽ ചെയ്ത പ്രവൃത്തി ആരെങ്കിലും സ്വീകരിച്ചാൽ, പാപങ്ങളുടെ മാപ്പു സ്വീകരിക്കും. നമ്മൾ ക്ഷമിക്കപ്പെടുന്ന നിമിഷത്തിൽ, അതേ സമയത്തുതന്നെ ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പു ഫലപ്രദമായിത്തീരുന്നു. അതേ രക്തം അതു കഴുകുന്നു, തുടച്ചു വെടിപ്പാക്കുന്നു, പാപങ്ങൾക്കു മാപ്പു ഉണ്ടാക്കിക്കൊടുക്കുന്നു, സാത്താന്റെ പിടിയിൽനിന്നും വീണ്ടെടുപ്പുംകൂടെ കൊണ്ടുവരുന്നു. അതുകൊണ്ട്, “അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട്”(എഫെസ്യർ 1:7).

ചൊരിയപ്പെട്ട ക്രിസ്തുവിന്റെ രക്തം ആയിരുന്നു നമ്മുടെ സ്വാതന്ത്ര്യം വാങ്ങിച്ചതിന്റെ വില. പിശാചും അവന്റെ ദുർഭൂതങ്ങളും, അതുകൊണ്ട്, ക്രിസ്തുവിന്റെ രക്തത്തെക്കുറിച്ചുള്ള സത്യം ഘോഷിക്കുമ്പോൾ ഭയപ്പെടും. ക്രിസ്തുവിന്റെ രക്തം അന്ധകാരത്തിന്റെ ശക്തികളെ ഓർമ്മിപ്പിക്കുന്നു നമ്മുടെ വീണ്ടെടുപ്പിന്റെ മുഴുവൻ വിലയും കൊടുത്തുതീർത്തെന്നു നമ്മൾ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു.

## ഇപ്പോൾ മുതൽ നിത്യതവരെ

**"ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ട്: കൈപ്പണിയല്ലാത്തതായി എന്നുവച്ചാൽ ഈ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽകൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽതന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു" (എബ്രായർ 9:11–12).**

ക്രിസ്തു നമുക്കുവേണ്ടി കരസ്ഥമാക്കിയ വീണ്ടെടുപ്പു നിത്യമായതാണ്. യേശു ഒരു വില കൊടുത്തു അതു എല്ലാ സമയത്തേക്കും സമ്പൂർണ്ണമായതും മതിയായതും ആയിരുന്നു. നമ്മൾ ആനന്ദിക്കുന്ന വീണ്ടെടുപ്പു എന്നേക്കും നിലനിൽക്കുന്ന ഒന്നാണ്. നമ്മൾ രക്ഷിക്കപ്പെട്ട നിമിഷം മുതൽ നിത്യതയിലൂടെയും ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളെ നമുക്കു ആനന്ദിക്കുവാൻ കഴിയും. ഇതിനോടു ഒന്നുംകൂട്ടുവാൻ നമുക്കു കഴിയത്തില്ല. പിശാചിനു നമ്മളെ നിയമപരമായി വീണ്ടും അവന്റെ അടിമകളാക്കുവാൻ കഴിയത്തില്ല, നമ്മൾ അറിയാതെയോ അല്ലെങ്കിൽ മനസ്സോടെയോ അവനു വിട്ടുകൊടുക്കുന്നതല്ലാതെ.

നമുക്കു വീണ്ടെടുപ്പു സുരക്ഷിതമാക്കിയ രക്തം കാഴ്ച വെച്ചിരിക്കുന്നതു അതിവിശുദ്ധസ്ഥലത്താണു, സ്വർഗ്ഗത്തിൽ. വില ഇന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വീണ്ടെടുപ്പിനുവേണ്ടി കൊടുത്ത വില എന്നും എന്നും ഓർമ്മയിലിരിക്കും. ഉണ്ടാക്കിക്കൊടുത്ത വീണ്ടെടുപ്പിന്റെ നിത്യമായ ഒരു രേഖപ്പെടുത്തൽ ഉണ്ട്. ആ രേഖപ്പെടുത്തൽ മാറ്റുന്നതിന് പിശാചിനു ഒരുവിധത്തിലും കഴിയത്തില്ല.

നമ്മളെ വീണ്ടെടുത്ത യേശു തന്നെത്താൻ അവിടെയുണ്ടു, പിതാവിന്റെ സാന്നിദ്ധ്യത്തിൽ, നമ്മുടെ മഹാപുരോഹിതനായി. യേശു പറയുന്നു, "ഞാൻ ജീവനുള്ളവൻ ആകുന്നു, ഞാൻ മരിച്ചവനായിരുന്നു; എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു"

(വെളിപ്പാട് 1:18). നമ്മുടെ വീണ്ടെടുപ്പു ഇതിൽകൂടുതലായി യഥാർത്ഥമായും കൂടുതലായി സുരക്ഷിതമായും അല്ലെങ്കിൽ കൂടുതലായി നിത്യമായും ആയിരിക്കുവാൻ കഴിയത്തില്ല. എന്തു കൊണ്ടെന്നാൽ, **"അവനിൽ നമുക്കു വീണ്ടെടുപ്പുണ്ട്".**

## ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവനായി ജീവിക്കുന്നത്

കീഴടക്കപ്പെട്ടിട്ടും പരാജയപ്പെട്ടിട്ടും, ഭൂമിയിൽ അവന്റെ ദോഷക രമായ പദ്ധതികൾ തുടരുവാൻ കുറെക്കാലംകൂടി പിശാചിനെ അനുവദിച്ചിരിക്കുകയാണ്. നമുക്കു അറിയാം ഇതു എന്നേക്കും ആയിരിക്കത്തില്ലെന്നു. എന്നിരുന്നാലും, നമ്മൾ ഇവിടെ ഭൂമിയിൽ ആയിരിക്കുമ്പോൾ  ദിവസവും നമ്മൾ ഒരു ശത്രുവിനെ നേരിട്ടു കൊണ്ടിരിക്കുകയാണ്, അവൻ ആഗ്രഹിക്കുന്നതു നമ്മളെ വീണ്ടും അവന്റെ അടിമയായിട്ടു വേണം എന്നാണ്. നമ്മുടെ സദാചാ രപരമായ പെരുമാറ്റങ്ങൾ ആയാലും ശരി അല്ലെങ്കിൽ മാനസി കമായോ/ വികാരപരമായോ ആയ പ്രദേശം, ധനപരമായതു, ശരീരപ്രകൃതിയെ സംബന്ധിച്ചതു, ബന്ധങ്ങളെ സംബന്ധിച്ചതു (വിവാഹം, കുടുംബം, ബന്ധങ്ങൾ), ശുശ്രൂഷ അല്ലെങ്കിൽ ആത്മീകമായതു ദൈവത്തോടുകൂടെയുള്ള നമ്മുടെ നടപ്പു), പിശാചു കഠോരമായി ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു ഒരു പ്രവേശനം വശത്താക്കി നമ്മുടെ ജീവിതങ്ങളിലെ ദേശം പിടിച്ചടക്കുന്നതിനു. നമ്മൾ അഭിമുഖീകരിക്കുന്ന പോർവിളി അങ്ങനെയുള്ള ശ്രമങ്ങളെ വിജയകരമായി എതിർത്തുനിൽക്കണം എന്നിട്ടു ക്രിസ്തു നമുക്കു ഉണ്ടാക്കിത്തന്ന വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളിൽ  നടക്കണം.

ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പു പ്രയോജനങ്ങൾ കൊണ്ടുവരുന്നു, അവയിൽ ചിലതു നമ്മുടെ ഇപ്പോഴത്തെ ജീവിത ത്തിൽ ആനന്ദിക്കുകയും അനുഭവിക്കുകയും ചെയ്യാം. അവയെ നമുക്കു ആനന്ദിക്കുവാൻ കഴിയുന്നതു നമ്മൾ അവനെപ്പോലെ മാറ്റപ്പെടുമ്പോഴാണ്. നമ്മൾ ഇവിടെ ഭൂമിയിൽ ആയിരിക്കുമ്പോൾ, നമ്മൾ എന്താണു ചെയ്യേണ്ടിയതു, ദൈവം തനിക്കുവേണ്ടി

വീണ്ടെടുത്തു വിലയ്ക്കുവാങ്ങിയ ജനങ്ങളായി ജീവിക്കുന്നതിന്? നമ്മുടെ ജീവിതങ്ങളെ എങ്ങനെയാണു, ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടുപ്പിന്റെ വിലയേറിയ അനുഗ്രഹങ്ങളാൽ നിറയ്ക്കുവാൻ കഴിയുന്നത്? ലോകത്തിനുചുറ്റും പരന്നിരിക്കുന്ന വ്യക്തികളു ടെയും, സമൂഹങ്ങളുടെയും വിശ്വാസികൾ എന്ന നിലക്കു, നമ്മുടെ വീണ്ടെടുപ്പിന്റെ യാഥാർത്ഥ്യം വ്യക്തമായി കാണിച്ചു കൊടുക്കണം. വ്യക്തികളായും സംഘടിതമായും ദൈവത്താൽ വീണ്ടെടുക്കപ്പെട്ടവരായിട്ടു വേണം നമ്മൾ ജീവിക്കുവാൻ.

## ധ്യാനത്തിനുള്ള ചോദ്യങ്ങൾ

1. വീണ്ടെടുപ്പു വർത്തമാനകാലത്തിലെ ഒരു യാഥാർത്ഥ്യം ആണോ അതാ നമ്മൾ പ്രത്യാശിക്കുന്ന എന്തെങ്കിലും ആണോ ?
2. നമ്മുടെ വീണ്ടെടുപ്പിനു കൊടുത്ത വില രക്തം ആയിരുന്നു അതിന്റെ വെളിച്ചത്തിൽ യേശുവിന്റെ രക്തത്തിന്റെ ശക്തിയെ ക്കുറിച്ചു വിസ്തരിച്ചു പ്രതിപാദിക്കുക.
3. ഒരു വിശ്വാസിയുടെമേൽ പിശാചിനു എത്രമാത്രം ആധികാരം അല്ലെങ്കിൽ അവകാശം ഉണ്ട് ? സാത്താന്റെ നിയന്ത്രണത്തിൽ നിന്നും ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ എല്ലാ പ്രദേശവും വീണ്ടെടുക്കപ്പെട്ടതാണോ?

# 3

# നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങൾ

വീണ്ടെടുപ്പ് എന്ന വിഷയത്തിന്റെ പഠനം നമ്മൾ തുടരുമ്പോൾ, തിരുവെഴുത്തിലെ ബഹുവിധമായ പലതരത്തിലുള്ള ആത്മീയ സത്യങ്ങളുടെ സംഖ്യ സംക്ഷിപ്തമായി കാഴ്ചവെക്കും. ഈ ഓരോ വേദപുസ്തകസത്യങ്ങളും നിങ്ങളുടെ ജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിനു പരിശുദ്ധാത്മാവിനെ അനുവദിച്ചു കൊണ്ടു ശാന്തമായ ഒരു സ്ഥലത്തു അവയെ ധ്യാനിക്കുവാൻ സമയം എടുക്കുക.

## അടിമകൾക്ക് ഇഷ്ടംപോലെ പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം

**“ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ട്; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു” (ലൂക്കൊസ് 4:18–19).**

**“അമ്പതാം സംവത്സരത്തെ ശുദ്ധീകരിച്ചു ദേശത്തെല്ലാടവും സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധമാക്കണം; അതു നിങ്ങൾക്കു യോബേൽസംവത്സരമായിരിക്കേണം; നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം; ഓരോരുത്തൻ താന്താന്റെ കുടുംബത്തിലേക്കും മടങ്ങിപ്പോകേണം. ഇങ്ങനെയുള്ള യോബേൽസംവത്സരത്തിൽ നിങ്ങൾ താന്താന്റെ അവകാശത്തിലേക്കു മടങ്ങിപ്പോകേണം (ലേവ്യപുസ്തകം 25:10, 13).**

യേശുക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷയുടെ ആരംഭത്തിൽ, യേശു പറഞ്ഞു യേശു വന്നതു “ദരിദ്രന്മാരോടു സുവിശേഷം

അറിയിക്കുവാനും" "ബദ്ധന്മാർക്കു വിടുതൽ കൊടുപ്പാനും" ആണെന്നാണ്. ഇതു വിശകലനം ചെയ്യുമ്പോൾ നമ്മൾ ഗ്രഹിക്കുന്നതു "ഇഷ്ടം പോലെ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം" അതു ഉണ്ടാക്കിക്കൊടുക്കുവാൻ യേശു വന്നതു സാമൂഹികമായതോ, രാഷ്ട്രീയമായതോ, സാംസ്ക്കാരികമായതോ ആയിരുന്നില്ല. ഇതു ആത്മീയമായിരുന്നു. ജനങ്ങളെ എല്ലായിടത്തും, ഇപ്പോഴും, തടവുകാർ ആക്കിയിരുന്നു—ആത്മീകമായി പീഡിപ്പിക്കപ്പെട്ടു കാണാൻ പാടില്ലാത്ത ഒരു രാജ്യത്താൽ, പിശാചും അവന്റെ ദുർഭൂതങ്ങളും ഉൾപ്പെട്ടിരിക്കുന്ന. ആത്മീയ "സ്വാതന്ത്ര്യവും" അതു "പുറത്തേക്കു വിടുന്നതും" യേശു ഉണ്ടാക്കിത്തന്നതു, അതാണു നമ്മൾ വിളിക്കുന്ന "വീണ്ടെടുപ്പ്." യേശുവിന്റെ ക്രൂശിലെ മരണത്തിലൂടെയും അവന്റെ ജയോത്സവമായ ഉയിർത്തെഴുന്നേൽപിലൂടെയുമാണു വീണ്ടെടുപ്പു സാദ്ധ്യമായിത്തീർന്നത്. ക്രിസ്തുവിൽ വ്യക്തിപരമായ വിശ്വാസത്തിലൂടെയും, അവൻ എന്താണു ഉണ്ടാക്കിത്തന്നതു, വ്യക്തികൾക്കു ഈ സ്വാതന്ത്ര്യവും പുറത്തേക്കു വിടുന്നതും അനുഭവമാക്കുവാൻ കഴിയും—ഈ വീണ്ടെടുപ്പ്. വീണ്ടെടുപ്പു ആദ്യമായി ആത്മീയമാണ്. ഇതു ആത്മാവിൽ ആരംഭിക്കുന്നു എന്നിട്ടു വ്യാപിക്കുന്നു അതിന്റെ സ്വാദീനം മാനുഷമായ ജീവിതത്തിന്റെ എല്ലാ പ്രദേശങ്ങളിലേക്കും, സാമൂഹികമായതും, രാഷ്ട്രീയമായതും, സാംസ്ക്കാരിമായതും ഉൾപ്പെടുന്നു.

വേദപണ്ഡിതന്മാർ നമ്മളോടു പറയുന്നു ലൂക്കൊസ് 4:18–19ലെ യേശുവിന്റെ ദൗത്യത്തിന്റെ പ്രസ്താവന പഴയനിയമത്തിലെ നിയമത്തിന്റെ വർഷമായ 50–ാം വർഷത്തിൽ കാഴ്ചവെച്ചിട്ടുണ്ട്. ദൈവം സ്ഥാപിച്ചു പഴയനിയമത്തിന്റെ ഭാഗമായി, എല്ലാ 50–ാം വർഷവും യിസ്രായേൽ ജനങ്ങൾ 50–ാം വാർഷികോത്സവം വിളംബരം ചെയ്യണമെന്നും ആചരിക്കണമെന്നും. എല്ലാ വേലക്കാർക്കും സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്ന വർഷമായിരുന്നു ഇത്. വേലക്കാർ അവരുടെ സ്വന്ത ജനങ്ങളുടെയടുക്കലേക്കും ഉടമസ്ഥതയിലേക്കും മടങ്ങപ്പോകുന്നതിനു സ്വതന്ത്ര

രാക്കപ്പെട്ടിരുന്നു. കടങ്ങൾ റദ്ദുചെയ്യപ്പെട്ടു, ഭൂമി ഒന്നാമത്തെ ഉടമസ്ഥനു തിരിച്ചുകൊടുത്തു. സമാന്തരമായതു വലിച്ചെടുക്കുമ്പോൾ, നമ്മൾ ഗ്രഹിക്കുന്നതു, യേശു ഉണ്ടാക്കിത്തന്ന വീണ്ടെടുപ്പു ആത്മീയകടഭാരം റദ്ദുചെയ്യുന്നതിൽ ഫലിക്കുന്നു—നമ്മുടെ പാപങ്ങൾ മോചിക്കപ്പെട്ടു, നമ്മുടെ ആദ്യത്തെ ആത്മീയാവസ്ഥയിലേക്കു നമ്മൾ പുനഃസ്ഥാപിക്കപ്പെട്ടു, കൂടുതലായി വേറെയും.

## അകത്തായിരിക്കുവാനായി വെളിയിൽ കൊണ്ടുവന്നു

**"നിങ്ങളെയോ ഇന്നുള്ളതുപോലെ തനിക്കു അവകാശജനമായിരിക്കേണ്ടതിന് യഹോവ തിരഞ്ഞെടുത്തു നിങ്ങളെ മിസ്രയീം എന്ന ഇരിമ്പുലയിൽനിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്നിരിക്കുന്നു" (ആവർത്തനപുസ്തകം 4:20).**

**"നീ നിന്റെ മകനോടു പറയേണ്ടതു എന്തെന്നാൽ: ഞങ്ങൾ മിസ്രയീമിൽ ഫറവോനു അടിമകൾ ആയിരുന്നു; എന്നാൽ യഹോവ ബലമുള്ള കൈകൊണ്ടു ഞങ്ങളെ മിസ്രയീമിൽനിന്നു പുറപ്പെടുവിച്ചു. മിസ്രയീമിന്റെയും ഫറവോന്റെയും അവന്റെ സകല കുടുംബത്തിന്റെയും മേൽ ഞങ്ങൾ കാൺകെ യഹോവ മഹത്തും ഉഗ്രവുമായുള്ള അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. ഞങ്ങളെയോ താൻ നമ്മുടെ പിതാക്കന്മാരോടു സത്യം ചെയ്ത ദേശം തരുവാൻ അതിൽ കൊണ്ടുവന്നാക്കേണ്ടതിനു അവിടെനിന്നു പുറപ്പെടുവിച്ചു" (ആവർത്തനപുസ്തകം 6:21–23).**

ഇതിനു മുമ്പിലത്തെ അദ്ധ്യായത്തിൽ നമ്മൾ പഠിച്ചു, പഴയനിയമത്തിൽ യിസ്രായേൽ ജനങ്ങൾക്കു എന്തു സംഭവിച്ചുവെന്നു, പുതിയനിയമത്തിലെ സഭക്കുവേണ്ടി സമാന്തരമായ ഒരു ആത്മീയസത്യം കാഴ്ചവെച്ചു. മിസ്രയീമിൽ അടിമത്തത്തിൽനിന്നും തന്റെ ജനങ്ങളെ ദൈവം കൊണ്ടുവന്നതു പിശാചിന്റെ ആത്മീയഅടിമത്തത്തിൽനിന്നും നമ്മളെ വീണ്ടെടുത്തതിന്റെ ഒരു മാതൃകയാണ്. ദൈവം യിസ്രായേൽ ജനങ്ങളെ അടിമത്തത്തിൽനിന്നും കൊണ്ടുവന്നു, അതുകൊണ്ട് ദൈവത്തിന്റെ സ്വന്തജനമായി അവരെ എടുക്കുവാൻ കഴിഞ്ഞു—ദൈവത്തിന്റെ അവകാശികളായ ജനങ്ങളായി.

ദൈവം അവരെ അവിടെനിന്നും കൊണ്ടുവന്നു, അതുകൊണ്ട് അവരെ വാഗ്ദത്തനാട്ടിലേക്കു കൊണ്ടുവരുവാൻ ദൈവത്തിനു കഴിഞ്ഞു. നമ്മുടെ വീണ്ടെടുപ്പു, അതുകൊണ്ടു 'ഒരു പുറത്തുകൊണ്ടുവന്നതും ഒരു അകത്തുകൊണ്ടുവന്നതും ഉൾപ്പെട്ടിരിക്കുന്നു.'

- ദൈവവുമായി വേർപ്പെട്ടിരിക്കുന്നതിൽനിന്നും ദൈവം നമ്മളെ പുറത്തുകൊണ്ടുവന്നു അവന്റെ സ്വന്തം പുത്രന്മാരും പുത്രിമാരും ആയിരിക്കുന്നതിൽ കൊണ്ടുവന്നു.
- സാത്താനോടുള്ള അടിമത്തത്തിൽനിന്നും ദൈവം നമ്മളെ പുറത്തുകൊണ്ടുവന്നു അവന്റെ പുത്രന്റെ രാജ്യത്തിൽ സ്വാതന്ത്ര്യത്തിലേക്കു കൊണ്ടുവന്നു.
- ദൈവം നമ്മളെ പാപത്തിൽനിന്നും വെളിയിൽ കൊണ്ടുവന്നു അവൻ നമ്മളെ നീതിയിൽ കൊണ്ടുവന്നു.
- ദൈവം നമ്മളെ ദണ്ഡനവിധിയിൽനിന്നും വെളിയിൽ കൊണ്ടുവന്നു നമ്മളെ നീതീകരണത്തിൽ കൊണ്ടുവന്നു.
- പാപികളായിരിക്കുന്നതിൽനിന്നും ദൈവം നമ്മളെ വെളിയിൽ കൊണ്ടുവന്നു അവന്റെ പുരോഹിതന്മാരായിരിക്കുന്നതിൽ കൊണ്ടുവന്നു.
- അടിമകളായിരിക്കുന്നതിൽനിന്നും ദൈവം നമ്മളെ വെളിയിൽ കൊണ്ടുവന്നു ജീവിതത്തിൽ ഭരിക്കുന്നതിൽ കൊണ്ടുവന്നു.
- രോഗങ്ങളിൽനിന്നും ദൈവം നമ്മളെ പുറത്തു കൊണ്ടുവന്നു നമ്മളെ ആരോഗ്യത്തിൽ കൊണ്ടുവന്നു.
- ദൈവം നമ്മളെ പീഡനത്തിൽനിന്നും വെളിയിൽ കൊണ്ടുവന്നു ദൈവം തന്ന അധികാരത്തിൽ കൊണ്ടുവന്നു.
- ദൈവം നമ്മളെ പരാജയത്തിൽനിന്നും വെളിയിൽ കൊണ്ടുവന്നു നമ്മളെ വിജയത്തിൽ കൊണ്ടുവന്നു.
- ദൈവം നമ്മളെ തോൽവിയിൽനിന്നും വെളിയിൽ കൊണ്ടുവന്നു നമ്മളെ ജയത്തിൽ കൊണ്ടുവന്നു.

- ദൈവം നമ്മളെ ദാരിദ്ര്യത്തിൽനിന്നും ഇല്ലായ്മയിൽനിന്നും വെളിയിൽ കൊണ്ടുവന്നു അവന്റെ സമൃദ്ധമായ സംഭരണത്തിൽ കൊണ്ടുവന്നു.
- ദൈവം നമ്മളെ ഹതാശയത്തിൽനിന്നും വെളിയിൽ കൊണ്ടുവന്നു നിത്യമായ പ്രത്യാശയിൽ നമ്മളെ കൊണ്ടുവന്നു.
- നിത്യമരണത്തിൽനിന്നും ദൈവം നമ്മളെ വെളിയിൽ കൊണ്ടുവന്നു നമ്മളെ നിത്യജീവനിൽ കൊണ്ടുവന്നു.

## വീണ്ടെടുത്തു ... നിന്നും

### പാപത്തിന്റെ ശക്തിയിൽനിന്നും വീണ്ടെടുത്തു

**"നാം ഭാഗ്യകരമായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിനു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു." (തീത്തോസ് 2:12-13).**

**"നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ" (റോമർ 6:14).**

യേശു വന്നതു നമ്മളെ എല്ലാ അധാർമ്മികതയിൽനിന്നും അല്ലെങ്കിൽ നിയമമില്ലാത്ത എല്ലാ പ്രവൃത്തിയിൽനിന്നും വീണ്ടെടുക്കുവാനാണ്. വീണ്ടെടുക്കുക എന്നതിന്റെ ഗ്രീക്കു വാക്കു 'ലുട്രോ' നേരത്തെ പ്രസ്താവിച്ചതുപോലെ പരാമർശിക്കുന്നതു ഒരു അടിമയെ വിടുവിക്കുന്നതാണ് (സ്വതന്ത്രമാക്കുന്നതാണ്) ഒരു മറുവില കൊടുത്തു. അതുകൊണ്ടു, ഇവിടെ സത്യം കാഴ്ചവെച്ചിരിക്കുന്നതു നമ്മളെ അടിമയാക്കിവെക്കുന്ന എല്ലാ പാപപ്രവൃത്തികളിൽനിന്നും യേശു നമ്മളെ സ്വതന്ത്രരാക്കുന്നുവെന്നാണ്. വ്യക്തികൾ എന്ന നിലക്കു നമ്മൾ പല തരത്തിലുള്ള പാതകമായ പ്രവൃത്തികൾക്കു അടിമകൾ ആയിരുന്നിരിക്കാം അല്ലെങ്കിൽ ആയിരിക്കാം. ഈ പുസ്തകത്തിൽ അതിന്റെ ഒരു പട്ടിക കാഴ്ചവെക്കേണ്ട

ആവശ്യം ഇല്ല, എന്തുകൊണ്ടെന്നാൽ നമ്മുടെ ജീവിതങ്ങളിൽ വ്യക്തിപരമായി അവയെ ഓരോന്നും മനസ്സിലാക്കുവാൻ നമുക്കു ഓരോരുത്തർക്കും കഴിയും. ഇപ്പോൾ നമ്മൾ യേശുവിൽ ആണു. നമ്മൾ അറിയേണ്ടതു ആവശ്യമാണു നമ്മൾക്കു ഉണ്ടാക്കിക്കൊടുത്ത വീണ്ടെടുപ്പിന്റെ ഭാഗമായി പാതകമായ പ്രവൃത്തികളുടെ അടിമത്തത്തിൽനിന്നും നമുക്കു സ്വതന്ത്രരാകുവാൻ കഴിയും. ചില പാതകമായ പ്രവൃത്തികൾ 'ഉൽപത്തിവിഷയം' അല്ലെങ്കിൽ വേറെ എന്തെല്ലാമായിരുന്നാലും കാരണമാക്കിക്കളയുവാൻ ലോകം ശ്രമിച്ചേക്കാം. എന്നാൽ പാപത്തെ പാപമായി നമ്മൾ അംഗീകരിക്കണം ക്രിസ്തുവിൽ നമ്മളെ സ്വതന്ത്രരാക്കുവാൻ കഴിയുമെന്നു മനസ്സിലാക്കണം. നീതിയിൽ നടക്കുവാൻ ആകാംക്ഷയുള്ള ദൈവത്തിന്റെ സ്വന്ത ജനമായിട്ടു വേണം നമ്മൾ ജീവിക്കുവാൻ.

## പിശാചിന്റെ പ്രവൃത്തികളിൽ നിന്നു വീണ്ടെടുപ്പ്. "യേശു ഇരുട്ടിന്റെ അധികാരത്തിൽനിന്നു നമ്മളെ വിടുവിച്ചു(കൊലൊസ്യർ 1:13).

**"ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; ലോകത്തിന്റെ പ്രഭു (ദുഷ്ടമായ പ്രതിഭ, ഭരണകർത്താവു) വരുന്നു; അവന്നു എന്നോടു ഒരു കാര്യവുമില്ല" (അവനു പൊതുവായി എന്നോടു ഒന്നും ഇല്ല; അവനു സ്വന്തമായിരിക്കുന്ന യാതൊന്നും എന്നിൽ ഇല്ല; അവനു എന്റെമേൽ യാതൊരു അധികാരവും ഇല്ല) (യോഹന്നാൻ 14:30).**

**"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നും നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല" (1 യോഹന്നാൻ 5:18).**

**"പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകലബലത്തേയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്കു അധികാരം തരുന്നു; ഒന്നും നിങ്ങൾക്കു ഒരിക്കലും ദോഷം വരുത്തുകയും ഇല്ല'' (ലൂക്കോസ് 10:19).**

നമ്മുടെ ജീവിതങ്ങളിൻമേലുള്ള പിശാചിന്റെ എല്ലാ നിയന്ത്രണങ്ങളിൽനിന്നും നമ്മൾ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു. യോഹന്നാൻ

14:30ൽ യേശു എന്താണു പറഞ്ഞതു, യേശുവിനാൽ വീണ്ടെടുക്കപ്പെട്ട നമ്മളെക്കുറിച്ചും അങ്ങനെ പറയുവാൻ കഴിയും. ഈ ലോകത്തിന്റെ പ്രഭു, പിശാച്, അവനു നമ്മുടെമേൽ ഒരു അവകാശവും ഇല്ല, അവനു നമ്മളുമായി പൊതുവായി ഒന്നുമില്ല, അവനുള്ളതായ ഒന്നും നമ്മളിൽ ഇല്ല, അവനു നമ്മുടെ മേൽ യാതൊരു അധികാരവും ഇല്ല. അവന്റെ സ്വന്തമായി നമ്മളെ ഉണ്ടാക്കിയ ദൈവത്തിനുള്ളവരാണു നമ്മൾ. ഹല്ലേലുയ്യാ! യേശു, ദൈവത്തിൽനിന്നു ജനിച്ച ഒരുവൻ, നമ്മളെ സുരക്ഷിതരായി കാത്തു സൂക്ഷിക്കുന്നു അതുകൊണ്ടു പിശാചിനു നമ്മളെ ദ്രോഹിക്കുവാൻ കഴിയത്തില്ല. സാത്താന്റെ ആധിപത്യത്തിൽ നിന്നും നമ്മളെ സ്വതന്ത്രരാക്കുകമാത്രമല്ല, എന്നാൽ അവന്റെ മേൽ നമുക്കു അധികാരവും അവനിൽനിന്നും പൂർണ്ണമായ സുരക്ഷിതത്വവും നമുക്കു തന്നിരിക്കുന്നു! എത്ര മഹത്വമേറിയ ഒരു വീണ്ടെടുപ്പ്! ഇപ്പോൾ, പിശാചു അവന്റെ ദുഷ്ടതയേറിയ പദ്ധതികൾ നമുക്കു എതിരായി ശ്രമിക്കുമ്പോൾ, മരണകരമായ ഏതെങ്കിലും രോഗം കൊണ്ടുവരുന്നതായാലും, നമ്മുടെ കുടുംബത്തെ നശിപ്പിക്കുന്നതായാലും, നമ്മുടെ മക്കളെ വഴിതെറ്റിയ ജീവിതത്തിലേക്കു നയിക്കുന്നതായാലും, നമ്മുടെ വ്യാപാരത്തെ തടസ്സപ്പെടുത്തുന്നതായാലും, ധനപരമായ കഷ്ടങ്ങൾക്കു കാരണമാക്കുന്നതായാലും, വലിയ അത്യാപത്തു കൊണ്ടുവരുന്നതായാലും അങ്ങനെ മറ്റു പലതും, നമുക്കു അവനെതിരായി എഴുന്നേൽക്കുവാൻ കഴിയും, വിജയകരമായി അവന്റെ പ്രവൃത്തികളെ എതിർക്കുവാൻ കഴിയും. അവന്റെ കൈകളിൽ നമുക്കു കഷ്ടപ്പെടേണ്ട യാതൊരു ആവശ്യവും ഇല്ല.

## ഇപ്പോഴത്തെ ഈ ദുഷിച്ച യുഗത്തിൽനിന്നും.

**"പിതാവായ ദൈവത്തിങ്കൽനിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏൽപിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ" (ഗലാത്യർ 1:3-4).**

**"യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു. ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവനിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസംതന്നെ" (യോഹന്നാൻ 5:1, 4).**

ഇതു പിതാവിന്റെ ആഗ്രഹം ആയിരുന്നു നിങ്ങളും ഞാനും ഇപ്പോഴത്തെ ദുഷ്ടലോകത്തിൽനിന്നും വീണ്ടെടുക്കപ്പെടണം എന്നു. ക്രൂശിലെ വീണ്ടെടുപ്പിന്റെ പ്രവൃത്തികളിലൂടെ ഇതു യേശു സാദ്ധ്യമാക്കുന്നു. "ഇപ്പോഴത്തെ ദുഷ്ടലോകത്തിന്റെ" നിയന്ത്രണത്തിൽനിന്നും നമ്മൾ സ്വതന്ത്രരാക്കപ്പെട്ടു. ലോകം (യുഗം) എന്നുള്ള വാക്കു ഗ്രീക്കിൽ 'അയിയോൻ' അർത്ഥമാക്കുന്നതു ഒരു സമയത്തിന്റെ (കാലം) പരാമർശിച്ചിരിക്കുന്നതു ഇപ്പോഴത്തെ സമയത്തിന്റെ കാലത്തെക്കുറിച്ചാണ്, ആ കാലത്തിൽ "പിശാചു ഈ ലോകത്തിന്റെ ദൈവം" ആയിട്ടാണു പ്രവർത്തിക്കുന്നത് (2 കൊരിന്ത്യർ 4:4). വീണ്ടെടുക്കുക എന്ന വാക്കു പരിഭാഷപ്പെടുത്തി വന്നിരിക്കുന്നതു ഗ്രീക്കു വാക്കു 'exaireo'യിൽനിന്നാണു അതു വിനെയുടെ നിഘണ്ടുപ്രകാരം അർത്ഥമാക്കുന്നതു, "തിരഞ്ഞെടുക്കുക", "ഒരുവനുവേണ്ടി പുറത്തുകൊണ്ടുവരിക" എന്നാണ്. പിതാവിനു പ്രത്യേകമായ ഒരു താൽപര്യവും വലിയ സന്തോഷവുമായിരുന്നു ദൈവത്തിനുവേണ്ടി ഇപ്പോഴത്തെ ദുഷ്ടലോകത്തിൽനിന്നും നമ്മളെ വിടുവിച്ചതിനാൽ ഇനി ഒരിക്കലും ഈ ലോകത്തിന്റെ ദൈവത്തിന്റെ പ്രവൃത്തികൾക്കും ആധിപത്യത്തിനും കീഴടങ്ങിയിരിക്കേണ്ട ആവശ്യം ഇല്ല. ഇതു ഒരു പടി കൂടി മുമ്പോട്ടു എടുക്കുമ്പോൾ തിരുവെഴുത്തുകൾ പ്രഖ്യാപിക്കുന്നു എല്ലാ വിശ്വാസികളും ലോകത്തെ ജയിക്കുന്നുവെന്നു. ലോകം (ഗ്രീക്കിൽ 'kosmos') പരാമർശിക്കുന്നതു 'നിയമം' അല്ലെങ്കിൽ 'സമ്പ്രദായം' നമ്മുടെ ചുറ്റിലും നമ്മൾ കണ്ടുപിടിക്കുന്നതാണെന്നാണ്. ഇതു പരാമർശിക്കുന്നതു ദുഷ്ടതയുടെ സമ്പ്രദായത്തോടാണു അതുപോലെ മത്സരത്തിന്റെ സമ്പ്രദായത്തോടും

അതു സമുദായങ്ങളെയും, സംസ്ക്കാരങ്ങളെയും, രാഷ്ട്രങ്ങ ളേയും, ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്കു എതിരായി ജനങ്ങളെയും സന്ദർഭങ്ങളെയും നിലക്കു നിർത്തുന്നതിനെയും ആസകലം വ്യാപിപ്പിക്കുന്നു. വിശ്വാസികൾ ദുഷ്ടതയുടെ ഏർപ്പാടിന്റെ അടി മത്തത്തിലും മത്സരത്തിലും അതു സ്വാധീനിക്കുകയും ആധിപത്യം നടത്തുകയും ചെയ്യുന്ന അവരുടെ ലോകത്തിനു ചുറ്റും ജീവി ക്കേണ്ട ആവശ്യം ഇല്ല. തിരുവെഴുത്തുകൾ നമ്മളെ പഠിപ്പിക്കു ന്നതു നമ്മൾ... "ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീ രുവാൻ ഇടവരുന്നു" (2 പത്രൊാസ് 1:4). ഇപ്പോഴത്തെ ലോകത്തിൽ ആധിപത്യം നടത്തുന്ന ദുഷ്ടതയിൽനിന്നും ഒരു വിശ്വാസി സ്വത ന്ത്രനാണ്, ഈ ലോകത്തിൽ ദുഷ്ടതയുടെയും മത്സരത്തിന്റെയും ഏർപ്പാടുകളിന്മേൽ വിജയകരമായി നടക്കുവാൻ കഴിയും. ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ പ്രവൃത്തികളിലൂടെ ഇതു സാദ്ധ്യ മാണ്.

## വ്യർത്ഥവും പിതൃപാരമ്പര്യവുമുള്ള നടപ്പിൽനിന്നു, വീണ്ടെടുത്തു

**"വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള" നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക ളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തംകൊണ്ടത്രേ എന്നു നിങ്ങൾ അറിയുന്നുവല്ലോ" (1 പത്രൊാസ് 1:18–19).**

പത്രൊാസിന്റെ രണ്ടു ലേഖനങ്ങളും സംബോധന ചെയ്തിരി ക്കുന്നതു ഏഷ്യ മൈനറിൽ അനേകയിടങ്ങളിൽ പാർക്കുന്ന ക്രിസ്ത്യാനികളോടായിരുന്നു, മതപരിവർത്തനം നടത്തപ്പെട്ട ജാതികളായിരുന്നു കൂടുതലായും ഉൾപ്പെട്ടിരുന്നതു (യെഹൂദന്മാ രല്ലാതിരുന്ന ജനങ്ങൾ). അവരുടെ മുമ്പിലത്തെ ജീവിതം വിശേ ഷിപ്പിച്ചിരുന്നതു "വിഷയലമ്പടത്വത്തിലും, കാമാന്ധതയിലും, മദ്യ പാനത്തിലും, വെറിക്കൂത്തുകളിലും, മദ്യപന്മാരുടെ കൂട്ടുകെട്ടിലും,

വെറുപ്പുവരുത്തുന്ന വിഗ്രഹാരാധനകളിലും" ആയിരുന്നു (1 പത്രൊസ് 4:3). ഈ ജനങ്ങളോടു, പത്രൊസ് പ്രഖ്യാപിക്കുന്നതു അവരെ വീണ്ടെടുത്തിരിക്കുന്നതു "അവരുടെ വ്യർത്ഥവും പിതൃ പാരമ്പര്യവുമുള്ള നടപ്പിൽനിന്നു" ആണെന്നാണ്. ഇതൊരു സത്യം ആണ്, ലോകത്തിൽ എല്ലായിടത്തുമുള്ള ജനങ്ങൾ, സംസ്കാ രവും ഗോത്രവും എന്ന വ്യത്യാസംകൂടാതെ, ബന്ധപ്പെടുവാൻ കഴിയുവാനായിട്ടു. വ്യക്തികൾ എന്ന നിലക്കു, ചില തരത്തിലുള്ള ജീവിതശൈലികളിൽ കുടുക്കിയിരിക്കുന്നതു നമുക്കുതന്നെ കണ്ടു പിടിക്കുവാൻ കഴിഞ്ഞേക്കും. ചിലതരത്തിലുള്ള പാപത്തിന്റെ മാതൃ കയോടു പോലും, നമ്മുടെ മാതാപിതാക്കളിൽ നിന്നും നമുക്കു കൈമാറ്റം ചെയ്തതായി കണ്ടേക്കാം, ചില സമയത്തു നേരത്തെ യുണ്ടായിരുന്ന തലമുറകളിൽനിന്നു പോലും. ഉദാഹരണമായി മാതാപിതാക്കൾ വളരെയധികമായി മയക്കുമരുന്നും മദ്യവും ഉപ യോഗിക്കുന്നവരാണെങ്കിൽ അവർക്കുണ്ടാകുന്ന മക്കൾക്കും ഈ പാപത്തിന്റെ മാതൃക അവർ വിട്ടുകൊടുത്തേക്കാം, മറ്റു സംഗതി കളിൽ ഇതു ഒരു മതപരമായ ആരാധനയുടെ മാതൃക ആയി രിക്കാം അതു തലമുറകൾക്കു വിട്ടുകൊടുക്കുന്നത്. വിശ്വാസികൾ എന്നതിനാൽ, നമ്മൾ അറിയേണ്ടതു ആവശ്യം ആണ് ക്രിസ്തു വിന്റെ രക്തം, നമ്മൾ നമ്മളെത്തന്നെ കണ്ടുപിടിക്കുന്ന അങ്ങനെ യുള്ള എല്ലാ പാപത്തിൽനിന്നും ജീവിതശൈലിയുടെ മാതൃക യിൽനിന്നും വീണ്ടെടുത്തിരിക്കുന്നു. ഇതു ഭയാവഹമായ ഒരു കാര്യം ആണു ജനങ്ങൾ സ്വതന്ത്രരായി നടക്കുന്നതു കാണുന്നതു, വ്യർത്ഥമായിരുന്ന ജീവിതസ്വഭാവത്തിൽനിന്നും, അതു അവർക്കു കൊടുക്കപ്പെട്ടതു, യേശുവിന്റെ രക്തത്തിന്റെ വീണ്ടെടുക്കുന്ന ശക്തിയിലൂടെ. അനേകവർഷങ്ങൾ വിഗ്രഹാരാധനയിൽ കഴിഞ്ഞി രുന്ന ഒരു ഭവനത്തിലെ ഒരു വ്യക്തിയെ എഴുന്നേൽപ്പിച്ചു സ്വത ന്ത്രനാക്കി സത്യമായതും ജീവിക്കുന്നതുമായ ദൈവത്തെ ആരാ ധിക്കുന്നതു അല്ലെങ്കിൽ പരസ്ത്രീഗമനത്തിന്റെയും പരപുരുഷ സംഗമത്തിന്റെയും ചരിത്രമുള്ള ഭവനത്തിലെ ഒരു വ്യക്തിയെ എഴുന്നേൽപ്പിക്കുന്നതും അല്ലെങ്കിൽ ലൈംഗിക സദാചാരവിരു

ദ്ധമായതിൽനിന്നും സ്വതന്ത്ര്യത്തോടെ നടക്കുന്നതും തീർച്ചയായും ഭയാവഹമാണ്.

## ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും വീണ്ടെടുത്തു

**"മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കു വാങ്ങി അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻതന്നേ" (ഗലാത്യർ 3:13–14).**

**"എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻ കീഴ്ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നേ"(ഗെലാത്യർ 4:4–5).**

ന്യായപ്രമാണം നന്നായിരിക്കുവാനുള്ള അനുഗ്രഹങ്ങളും, അഭിവൃദ്ധിയും, സമാധാനവും അനുസരണയുള്ളവർക്കു ദൈവത്തിന്റെ സാന്നിദ്ധ്യവും കൊണ്ടുവന്നു. അനുസരണക്കേടിനു രോഗങ്ങളുടെ ശാപവും, ദാരിദ്ര്യവും, അത്യാപത്തും, തോൽവിയും, പരാജയവും അങ്ങനെ മറ്റനവധിയും കൊണ്ടുവന്നു (ലേവ്യപുസ്തകം 26; ആവർത്തനപുസ്തകം 28). അപരാധത്താൽ, നമ്മുടെ അനുസരണക്കേടിനാൽ, ശാപം നമ്മുടെമേൽ വന്നു. എന്നാൽ ക്രിസ്തു സഹായിക്കുവാനായി ഇടപെട്ടു ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നും വീണ്ടെടുത്തു അതുകൊണ്ട് നമുക്കു അനുഗ്രഹങ്ങൾ ആനന്ദിക്കുവാൻ കഴിയും. ഇതു ഇപ്പോൾ നിയമപരമായി നമ്മുടേതാകുന്നു. ദൈവത്തിന്റെ സാന്നിദ്ധ്യവും, ദൈവവുമായി ഏറ്റവും അടുത്ത ഒരു ബന്ധവും, വിജയവും, അഭിവൃദ്ധിയും, എല്ലാറ്റിലും നന്നായിരിക്കുന്നതിലും നമുക്കു ആനന്ദിക്കുവാൻ കഴിയും. വിശാലമായ ഒരു ബോധത്തിൽ ഗലാത്യപുസ്തകത്തിലെ വാക്യങ്ങൾ നമ്മളെ പഠിപ്പിക്കുന്നതു നമ്മൾ ഇനി ഒരിക്കലും മതപര

മായ ന്യായപ്രമാണത്തിന്റെ ഏർപ്പാടിൻ കീഴല്ല (അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ആധുനികമായ ദിവസത്തിന്റെ മതപരമായ നിയമസിദ്ധാന്തം), എന്നാൽ നമ്മളെ സ്വതന്ത്ര്യത്തിന്റെ ഒരു അവസ്ഥയിൽ കൊണ്ടുവന്നു അവിടെ നമുക്കു ജീവനുള്ള ദൈവത്തെ ആരാധിക്കുവാനും ശുശ്രൂഷ ചെയ്യുവാനും കഴിയും ദൈവത്തിന്റെ പുത്രന്മാരും  പുത്രിമാരുമായി.

## ഉള്ളിലേക്കു വീണ്ടെടുത്തു

**ഉന്നതതരമായ രാജ്യത്തിലേക്കു വീണ്ടെടുത്തു “നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ചു തന്റെ സ്നഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കി” (കൊലൊസ്യർ 1:13).**

നമ്മളെ ദൈവത്തിന്റെ പുത്രന്റെ രാജ്യത്തിലാക്കിക്കൊണ്ടുവന്നു. ഇതു ഉന്നതതരമായ രാജ്യം ആണു - മറ്റെല്ലാറ്റിനെയും ഭരിക്കുന്ന രാജ്യം. ഈ രാജ്യത്തിന്റെ പ്രധാനപ്രമാണവും നിയമവും അനുസരിച്ചുവേണം നമ്മൾ ജീവിക്കുവാൻ. യേശുവിന്റെ രാജ്യത്തിന്റെ നിയമങ്ങൾ, ഭൂമിയിലെ രാജ്യങ്ങളുടെ നിയമങ്ങളെയും പ്രാപഞ്ചികമായ നിയമങ്ങളെയും അതിക്രമിക്കുന്നു. നമ്മൾ ഈ രാജ്യത്തിലെ ജനങ്ങളാണ്. ഈ രാജ്യം നീതിയുടെയും, സമാധാനത്തിന്റെയും, സന്തോഷത്തിന്റെയും,  അധികാരത്തിന്റെയും,  ശക്തിയുടെയും, വിജയത്തിന്റെയും രാജ്യം ആണ്. ദൈവത്തിന്റെ പുത്രന്റെ രാജ്യത്തിലെ പൗരന്മാർക്കുള്ള വിശേഷാധികാരം നമുക്കു ആനന്ദിക്കുവാൻ കഴിയും. ഉന്നതതരമായ രാജ്യത്തിലെ നിയമങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ടു നമ്മളെ അമാനുഷമായതിൽ നടക്കുവാൻ പ്രാപ്തരാക്കുന്നു-പ്രാപഞ്ചികമായതിനു  മുകളിൽ.

## ദൈവത്തോടുകൂടെ ശരിയായി നിൽക്കുന്നതിൽ വീണ്ടെടുത്തു

**“ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്” (റോമർ 3:23-24).**

യേശുക്രിസ്തു ഉണ്ടാക്കിത്തന്ന വീണ്ടെടുപ്പു നമ്മുടെ നീതീകരണത്തിലേക്കു നയിക്കുന്നു. "നീതീകരിക്കുക" എന്നാൽ അർത്ഥമാക്കുന്നതു എല്ലാ കുറ്റം ചുമത്തുന്നതിൽനിന്നും സ്വതന്ത്രരായെന്നു പ്രഖ്യാപിക്കുക. നമ്മൾ ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തതു പോലെ നമ്മളെ ആക്കി. ഇതു ദൈവത്തോടുകൂടെ "നല്ലതുപോലെ നിൽക്കുവാൻ" നമ്മളെ ആക്കുന്നു. അതുകൊണ്ട് സർവ്വശക്തനായ ദൈവത്തോടു ന്യായവിധിയുടെ ഒരു മനോഭാവവുമില്ലാതെ അല്ലെങ്കിൽ കുറ്റബോധം തോന്നാതെ ബന്ധപ്പെട്ടിരിക്കുവാൻ കഴിയും. നമുക്കു പ്രതിയോഗിയെ അഭിമുഖീകരിക്കുവാൻകൂടി കഴിയും. പിശാചിനെയും അവന്റെ പാപത്തെക്കുറിച്ചുള്ള കുറ്റം ചുമത്തലിനെയും, സത്യത്തോടുകൂടെ അവന്റെ കൃപയാൽ നമ്മൾ "സൗജന്യമായി നീതീകരിക്കപ്പെട്ടു യേശുക്രിസ്തുവിലൂടെ വന്ന വീണ്ടെടുപ്പിലൂടെ."

## ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആയിരിക്കേണ്ടതിനു വീണ്ടെടുത്തു

**"എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചയച്ചതു അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലയ്ക്കു വാങ്ങീട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിനു തന്നെ"(ഗലാത്യർ 4:4–5).**

വീണ്ടെടുപ്പു മുന്നോടിയായി ഒരു സ്ഥാനത്തു നമ്മളെ ആക്കുന്നു, അവിടെ നമുക്കു തന്നിരിക്കുന്നതും ആനന്ദിക്കുവാൻ കഴിയുന്നതുമായ മുഴുവൻ ആനുകൂല്യങ്ങളും അത്യുന്നതനായ ദൈവത്തിന്റെ മക്കൾ എന്നതിനാൽ. ദൈവം തന്റെ സ്വന്തം ആയതിനെ സവിശേഷമായി കരുതുന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്ന നമ്മളാണു ആ സവിശേഷതയുള്ള ജനങ്ങൾ.

## രാജാക്കന്മാരും പുരോഹിതന്മാരും ആയിരിക്കുവാൻ വീണ്ടെടുത്തു

**"പുസ്തകം നീങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ടു സർവ്വഗോത്രത്തിലും ഭാഷയിലും വംശ**

**ത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി. ഞങ്ങ ളുടെ ദൈവത്തിനു അവരെ രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ടു അവർ പാടുന്നു" (വെളിപ്പാട് 5:9–10).**

**"ഏകന്റെ ലംഘനത്താൽ മരണം ആ ഏകൻനിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ യേശു ക്രിസ്തു എന്ന ഏകൻനിമിത്തം ഏറ്റവും അധികമായി ജീവനിൽ വാഴും" (റോമർ 5:17).**

നമ്മുടെ ദൈവത്തിനു രാജാക്കന്മാരും പുരോഹിതന്മാരു മായിത്തീരുവാനാണു നമ്മളെ വീണ്ടെടുത്തത്. അത്യുന്നതനായ ദൈവത്തിന്റെ രാജാക്കന്മാരും പുരോഹിതന്മാരുമായി നമുക്കു ഇപ്പോഴും ഭാവിയിലും രണ്ടിലും ശുശ്രൂഷയുണ്ട്. ഇന്ന്, ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ നമ്മൾ ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നു, ക്രിസ്തുവിലുള്ള മറ്റു സഹോദരന്മാർ നിമിത്തവും നമ്മൾ ശുശ്രൂഷചെയ്യുന്നു, നഷ്ടപ്പെട്ട ഒരു ലോകത്തിനുവേ ണ്ടിയും ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥനയിലൂടെയും ആരാ ധനയിലൂടെയും. ഇന്നു, നമ്മുടെ വ്യക്തിപരമായ ജീവിതങ്ങ ളിൽ "ജീവിതത്തിൽ ഭരണം നടത്തുവാൻ" നമുക്കു കഴിയും നമ്മൾ അഭിമുഖീകരിക്കുന്ന സന്ദർഭങ്ങളിൻമേൽ, ഭൂമിയിൽ ദൈവം തന്ന നമ്മുടെ അധികാരം ഉപയോഗിച്ചുകൊണ്ട്.

## അനുഗ്രഹത്തിന്റെ ഒരു ഉടമ്പടിക്കു വീണ്ടെടുത്തു

"അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതി കൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്തവിഷയം വിശ്വാസത്താൽ പ്രാപിപ്പാൻതന്നെ" ക്രിസ്തു ഉണ്ടാക്കിത്തന്ന വീണ്ടെടുപ്പു നമ്മളെ അനുഗ്രഹത്തിന്റെ ഒരു ഉടമ്പടിയിൽ കൊണ്ടുവന്നു. ദൈവം അബ്രാഹാമിനു വാഗ്ദത്തം കൊടുത്ത അനുഗ്രഹങ്ങൾ ഇപ്പോൾ നമ്മുടേതായിത്തീർന്നു. അബ്രാഹാ മിനു കൊടുത്ത അനുഗ്രഹങ്ങൾ ആത്മീകമായതും ഭൗതികമാ

യതും രണ്ടും ആയിരുന്നു. വിശ്വാസത്തിലൂടെ അവൻ നീതിമാനായി പ്രഖ്യാപിക്കപ്പെട്ടു. അവനെ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിച്ചു; ഉത്തരം നൽകപ്പെട്ട പ്രാർത്ഥനയുടെ അനുഗ്രഹങ്ങളിൽ അവൻ ആനന്ദിച്ചു, മറ്റുള്ള കാര്യങ്ങളുടെയിടയിൽ ദൈവം ഭൗതികമായി അവനെ അഭിവൃദ്ധിപ്പെടുത്തി. ഉടമ്പടി പ്രകാരം ദൈവത്തോടുള്ള ബന്ധം അതിന്റെ കൂടെ ഒന്നിച്ചുണ്ടായിരുന്ന അനുഗ്രഹങ്ങൾ നമ്മളുടേതാണ്, ക്രിസ്തുവിൽ ഉള്ള വീണ്ടെടുപ്പിനാലാണു സാദ്ധ്യമാക്കിത്തന്നത്.

## നമ്മുടെ വീണ്ടെടുപ്പിന്റെ പരിപൂർണ്ണത

**“അവനിൽ നിങ്ങൾക്കും നിങ്ങളുടെ രക്ഷയെക്കുറിച്ചുള്ള സുവിശേഷം എന്ന സത്യവചനം നിങ്ങൾ കേൾക്കയും അവനിൽ വിശ്വസിക്കയും ചെയ്തിട്ടു, തന്റെ സ്വന്തജനത്തിന്റെ വിണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ചക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു” (എഫെസ്യർ 1:13–14).**

**“ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നത്” (എഫെസ്യർ 4:30).**

**“സർവ്വസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന, ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു” (റോമർ 8:22–23).**

നമ്മുടെ വീണ്ടെടുപ്പിന്റെ ഒരു ഭാഗം ഉണ്ടു അതു ഇനിയും നമ്മൾ ആനന്ദിക്കേണ്ടതാണ്. അതു നടപ്പിലാകുന്നതു നമ്മുടെ വീണ്ടെടുപ്പിന്റെ ദിവസമാണു, അപ്പോൾ നമ്മളുടെ ശരീരം മാറ്റപ്പെട്ടു അനശ്വരത്വത്തിൽ ആക്കും. നമ്മളെ നശ്വരമായതിൽനിന്നും ലൗകികമായതിൽനിന്നും എടുത്തുകളഞ്ഞിട്ടു ആത്മീകമായതിൽ പരിണമിപ്പിക്കും.

## ധ്യാനത്തിനുള്ള ചോദ്യങ്ങൾ

1. ഏതൊക്കെ കാര്യങ്ങളിൽനിന്നുമാണു നമ്മളെ "വീണ്ടെടുത്തിരിക്കുന്നതെന്നുള്ള" പട്ടിക പുനർവിചാരണ ചെയ്തു നമ്മുടെ ദിവസേനയുള്ള ജീവിതത്തിൽ അവയെ എങ്ങനെയാണു പ്രയോജനപ്പെടുത്തുന്നതെന്നു ചർച്ച ചെയ്യുക.
2. ഏതൊക്കെ കാര്യങ്ങളിലേക്കാണു നമ്മളെ "വീണ്ടെടുത്തിരിക്കുന്നതെന്നുള്ള" പട്ടിക പുനർവിചാരണ ചെയ്തു നമ്മൾ ദിവസവും ജീവിക്കുന്നതിൽ അവ എന്തു വിലയാണു കൊണ്ടുവരുന്നതെന്നു ചർച്ച ചെയ്യുക.

# 4

# നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളെ കൈവശമാക്കുന്നത്

ദൈവം സൃഷ്ടിച്ച ലോകം നിയമത്തിന്റെയും ഉദ്ദേശ്യത്തിന്റെയും ഒരു ലോകം ആണ്. അവിടെ നിയമങ്ങൾ ഉണ്ടു (അല്ലെങ്കിൽ പ്രധാനപ്രമാണങ്ങൾ), അതു ദൈവം സൃഷ്ടിച്ച എല്ലാറ്റിനെയും ഭരിക്കുന്നു. ഈ നിയമങ്ങളുടെ നിലനിൽപ്പാണു ദൈവം സൃഷ്ടിച്ച എല്ലാറ്റിനെയും നിയമത്തിൽ വയ്ക്കുന്നത്. വൈദ്യുതിയുടെ നിയമങ്ങളുണ്ടു, കൃഷിപ്പണിയുടെ നിയമങ്ങൾ ഉണ്ടു, ധീരതയുടെ നിയമം ഉണ്ടു അങ്ങനെ മറ്റു പലതും. നമ്മുടെ പ്രാപഞ്ചികമായ ജീവിതം ഈ ഗൃഹത്തിൽ ലഘുവായി നിയമങ്ങളെ ഉപയോഗിക്കുവാൻ ഉണ്ടാക്കുന്നു, അതു ദൈവം അതിന്റെ സ്ഥാനത്തു വെച്ചത്. എന്നാൽ, നമ്മൾ ജീവിക്കുന്നതു ഒരു നിയമം അനുസരിച്ചു മാത്രം അല്ല. അതിനേക്കാൾ, നമ്മുടെ ഭൗതികമായ നിലനിൽപ്പു സാദ്ധ്യമാണു പ്രകൃതിയുടെ അനേകം നിയമങ്ങളുടെ ആനുകൂല്യം നമ്മൾ എടുക്കുമ്പോൾ.

കാണാൻ പാടില്ലാത്തതായ ലോകത്തിലെ കാര്യങ്ങളും വളരെ വ്യത്യസ്തമായിട്ടുള്ളതല്ല—ആത്മീയലോകത്തിലെ. എന്തുകൊണ്ടെന്നാൽ വലിയ ഒരു അളവിൽ, ഈ രണ്ടു ലോകങ്ങളും സമാന്തരമാണ്. ഭൗതികലോകം ആത്മീയത്തെ വെളിപ്പെടുത്തുന്നു (റോമർ 1:20). അതുകൊണ്ടു, നമ്മൾ മനസ്സിലാക്കണം ആത്മീയ ലോകം പൊതുവായി, പ്രത്യേകമായി ദൈവരാജ്യം ഭരിക്കുന്നതു ആത്മീയനിയമങ്ങളാലാണ് (പ്രധാനപ്രമാണങ്ങളാൽ). ഭൗതികലോകത്തിലുള്ളതെല്ലാം ആക്കിവെച്ചിട്ടുള്ള എല്ലാ നിയമങ്ങൾക്കും വിഷയമാകയാൽ, എന്നാൽപോലും ആത്മീയലോകത്തിൽ ദൈവം സൃഷ്ടിച്ചിട്ടുള്ളതെല്ലാം ദൈവം സ്ഥാപിച്ചിരിക്കുന്ന ആത്മീയനിയമങ്ങൾക്കും വിഷയമാണ്.

ആത്മീയലോകത്തിലുള്ള എല്ലാ ആത്മീകാനുഗ്രഹങ്ങളാലും ക്രിസ്തുവിൽ നമ്മളെ അനുഗ്രഹിച്ചിരിക്കുകയാണ് (എഫെസ്യർ 1:3). അവയിൽ ഒന്നു അത്ഭുതകരമായ വീണ്ടെടുപ്പിന്റെ അനുഗ്രഹമാണ്. നമ്മൾ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരാണ്. വീണ്ടെടുപ്പു ഒരു ആത്മീകാനുഗ്രഹമാണ്, ആത്മീകലോകത്തിൽ നമുക്കു തന്നിരിക്കുന്നത് (ഒരുപക്ഷെ വ്യക്തമായി തെളിയിക്കുന്നത്, നമുക്കു പറയുവാൻ കഴിയും ഇതു ഒരു 'നിക്ഷേപം' ആയിരുന്നെന്നു അതു ദൈവം നമ്മുടെ ആത്മീക ബാങ്കുവിവരണത്തിൽ ഇട്ടതാണു എന്നിട്ടു നമുക്കു അവകാശം തന്നു 'സ്വതന്ത്രമായി പിൻവലിക്കുവാൻ'). ഇതു ആനന്ദിക്കുവാൻ നമ്മുടേതാണ്. ഈ വിഷയം നമ്മൾ പഠിച്ചു വീണ്ടെടുപ്പു എന്താണെന്നു ഗ്രഹിച്ചു ആ അനുഗ്രഹങ്ങൾ നമ്മളുടേതാക്കണം. എങ്ങനെയാണു നമ്മുടെ ആത്മീകാനുഗ്രഹങ്ങളെ ഭൗതികലോകത്തിൽ പ്രകടമാക്കുന്നതെന്നു ഗ്രഹിക്കുന്നതു നമ്മുടെ വെല്ലുവിളിയാണ്. ദൈവം നമുക്കു തന്ന ആത്മീകാനുഗ്രഹങ്ങളെ നമ്മൾ എങ്ങനെയാണു അനുഭവമാക്കുന്നതു നമ്മുടെ ഈ ലോകത്തിലെ ജീവിതങ്ങളിൽ ജീവിക്കുമ്പോൾ. ഭൗതികലോകത്തിലും ആത്മീകലോകത്തിലും രണ്ടിലും പ്രവർത്തിക്കുവാൻ കഴിവുള്ള ജീവികളാണു നമ്മൾ. അതുകൊണ്ട്, ആത്മീകമായിട്ടു എന്താണുള്ളതു അതു എടുക്കുവാനും പ്രകടിപ്പിക്കുവാനും കഴിവുള്ളവരാണു എന്നിട്ടു ഭൗതികമായതിൽ അനുഭവമാക്കുവാൻ. ഉദാഹരണമായി, ദിവ്യമായ രോഗസൗഖ്യവും ആരോഗ്യവും ആത്മീകാനുഗ്രഹങ്ങളാണ് – ദൈവത്തിൽ നിന്നുള്ള അനുഗ്രഹങ്ങളാണ്. ആ ആത്മീകാനുഗ്രഹങ്ങളെ കൈവശപ്പെടുത്തുവാനും നമ്മുടെ ഭൗതികശരീരത്തിൽ സൗഖ്യവും ആരോഗ്യവും അനുഭവമാക്കുവാനും നമുക്കു കഴിയും. എന്നാൽ, ദൈവം അവിടെ ആക്കിവെച്ച നിയമങ്ങൾ (പ്രധാനപ്രമാണം) ഉണ്ടു അതു പ്രക്രിയയെ ഭരിക്കുന്നു. അതിനാൽ ആത്മീകാനുഗ്രഹങ്ങൾ ഭൗതികമായതിൽ പ്രകടമായിത്തീരും, അതുകൊണ്ടു ഇന്ദ്രിയഗോചരമായ വിധത്തിൽ അവയെ നമുക്കു ആനന്ദിക്കുവാൻ കഴിയും. പ്രധാനമായ പ്രധാനപ്രമാണങ്ങളിൽ ചിലതു നമുക്കു പരിശോധിക്കാം.

## വെളിപ്പാടുകളുടെ പരിജ്ഞാനത്തിന്റെ നിർഗമനം

**"തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നില നിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാരാക്കുകയും ചെയ്യും എന്നു പറഞ്ഞു" (യോഹന്നാൻ 8:31–32).**

നിയമപ്രകാരം ആത്മീയസത്യം അതു അനുഭവമാക്കുന്നതിനു മുമ്പെ അതു അറിഞ്ഞിരിക്കണം (എന്നാലും വ്യത്യസ്തതകൾ ഉണ്ടായേക്കാം). ലോകത്തിലുള്ള അനേകം സഭകളുടെയും പ്രശ്നം ഇതാണു ചിലപ്പോഴൊക്കെ ജനങ്ങളെ സത്യം അറിയിക്കുന്നില്ല എന്നതാണ് അനേക പ്രാസംഗികന്മാരും പ്രസംഗിക്കുന്നതു അവരുടെ വിഭാഗീയമായ സന്ദേശം ആണ്. ചിലപ്പോഴൊക്കെ നമുക്കു ബുദ്ധിവിഷയകമാകുവാൻ കഴിയും നമ്മൾ സത്യത്തെ തള്ളിക്കളഞ്ഞിട്ടു കാഴ്ചവെക്കും താർക്കികമായും ബുദ്ധിപൂർവ്വമായും എന്താണോ കാണുന്നതു അത്. ഇതു മായമില്ലാത്ത അജ്ഞതയായാലും വഴിതെറ്റിക്കുന്ന ബുദ്ധിവിഷയകമായാലും, അതു സത്യം അറിയുന്നതിൽനിന്നും ജനങ്ങളെ തടയുന്നതാണെങ്കിൽ ദൈവം ജനങ്ങൾക്കുവേണ്ടി ഉണ്ടാക്കിക്കൊടുത്തതെല്ലാം അനുഭവമാക്കുന്നതിൽനിന്നും ജനങ്ങളെ തടയും.

ക്രിസ്ത്യാനികൾ എന്ന നിലക്കു നമ്മുടെ ആഗ്രഹം സത്യം അറിയണം എന്നായിരിക്കണം എന്തുകൊണ്ടെന്നാൽ സത്യം അനുഭവിക്കുന്നതിന്റെ ആദ്യത്തെപടിയാണു സത്യം അറിയുക എന്നുള്ളത്.

## പരിജ്ഞാനത്തിന്റെ കുറവ്

**"പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു" (ഹോശേയ 4:6).**

നമ്മൾക്കുള്ളതായ ആത്മീകാനുഗ്രഹങ്ങളെ അനുഭവിക്കുന്നതിൽനിന്നും പരിജ്ഞാനത്തിന്റെ കുറവു നമ്മളെ തടസ്സപ്പെടുത്തും. എന്തുകൊണ്ടെന്നാൽ, നമ്മൾക്കു എന്താണു നഷ്ടപ്പെടുന്നതു

എന്നുപോലും നമ്മൾ അറിയത്തില്ല. വീണ്ടെടുപ്പിനെക്കുറിച്ചുള്ള സത്യം നമ്മൾ അറിയുന്നില്ലെങ്കിൽ നമ്മുടെ അജ്ഞതയുടെ പ്രയോജനത്തെ എടുക്കുവാൻ പിശാചിനു കഴിയും നമ്മളെ അടിമ ത്തത്തിൽ ആക്കിവെക്കുവാനും. നമുക്കു സ്വതന്ത്രരാകാൻ കഴിയും എന്നുപോലും നമ്മൾ അറിയത്തില്ല! ഇതു കൊണ്ടാകുന്നു സത്യം അറിയേണ്ടതു നമുക്കു ആവശ്യമായിരിക്കുന്നത്.

## വെളിപ്പാടിന്റെ കുറവ്

**"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്കു തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ടു അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു(എഫെസ്യർ 1:17-19).**

ആത്മീകപരിജ്ഞാനം വരുന്നതു ആത്മീക പ്രകാശിപ്പിക്കലിലൂടെയാണ്. ഇതു മധുരമായ പരിശുദ്ധാത്മാവാണ് - ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവ് - അവനാണു നമ്മളെ പ്രകാശിപ്പിക്കുന്നതു ആത്മീക സത്യങ്ങൾ ഗ്രഹിക്കുവാൻ. ഭൗതികമായ മനസ്സു അതിന്റെ ഭൗതിക കഴിവുകൊണ്ട് കാരണമാക്കുന്നതും ചിന്തിപ്പിക്കുന്നതും പ്രകാശിപ്പിക്കണം പരിശുദ്ധാത്മാവിനാൽ. നമ്മുടെ ഹൃദയങ്ങളിൽ (ആത്മാക്കളിൽ) പരിശുദ്ധാത്മാവു തന്റെ ജ്ഞാനവും വെളിപ്പാടും (വെളിപ്പാടു - സത്യം പ്രകാശിപ്പിക്കുക) പകർന്നു തരണം. ഈ ജ്ഞാനവും വെളിപ്പാടും നമ്മുടെ ആത്മാക്കളിൽനിന്നും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കണം എന്നിട്ടു നമ്മുടെ മനസ്സുകളുടെ വിവേകത്തെയും കാരണമാക്കുന്നതിനെയും ലക്ഷീകരിക്കണം. നമ്മുടെ ഹൃദയത്തിന്റെ കണ്ണുകൾ ഇപ്രകാരം പ്രകാശിക്കപ്പെടും, അവനെ അറിയുവാനും ഗ്രഹിക്കുവാനും നമുക്കു കഴിയും, അവൻ എന്താണു നമുക്കു ഉണ്ടാക്കിത്തന്നിരിക്കുന്നതു

അതും.

പ്രശ്നം ഉദിക്കുന്നതു, നമ്മുടെ മനസ്സിന്റെ ഭൗതികമായ കഴിവിനെ ഉപയോഗിക്കുവാൻ നമ്മൾ ശ്രമിക്കുമ്പോളാണ്, ആത്മീയ സത്യങ്ങളെ ഗ്രഹിക്കുവാനും കാരണമാക്കുവാനും, പരിശുദ്ധാത്മാവിന്റെ പ്രകാശിപ്പിക്കലിന്റെ പ്രവൃത്തി കൂടാതെ. നമ്മൾ സാധാരണയായി അവസാനിക്കുന്നതു പരിജ്ഞാനം കൊണ്ടാണു, അതു സത്യത്തെകൊള്ളയിട്ടു കളഞ്ഞതു. അങ്ങനെയുള്ള പരിജ്ഞാനം, ഭൗതികമായ മനസ്സിനെ ആകർഷകമാക്കുന്നു എന്നിരുന്നാലും, ജനങ്ങളെ സ്വതന്ത്രർ ആക്കുകയില്ല. ദൈവത്തിന്റെ അത്ഭുതകരമായ ശക്തി അനുഭവിക്കുന്നതിനു ഇതു ജനങ്ങളെ സഹായിക്കത്തില്ല.

## മനുഷ്യരുടെ പാരമ്പര്യങ്ങൾ

**"നിങ്ങൾ ദൈവകൽപ്പന വിട്ടുംകളഞ്ഞു മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു; പിന്നെ അവരോടു പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ ദൈവകൽപ്പന തള്ളിക്കളയുന്നതു നന്നായി. ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകൽപ്പന ദുർബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു" (മർക്കൊസ് 7:8, 9, 13).**

**"തത്വജ്ഞാനവും വെറും വഞ്ചനയും കൊണ്ട് ആരും നിങ്ങളെ കവർന്നു കളയാതിരിപ്പാൻ സൂക്ഷിപ്പിൻ; അതു മനുഷ്യരുടെ സമ്പ്രദായത്തിനു ഒത്തവണ്ണം ലോകത്തിന്റെ ആദ്യപാഠങ്ങൾക്കു ഒത്തവണ്ണം അല്ലാതെ ക്രിസ്തുവിനു ഒത്തവണ്ണമുള്ളതല്ല" (കൊലൊസ്യർ 2:8).**

പാരമ്പര്യം അതിനാൽതന്നെ തെറ്റല്ല. അവിടെ നല്ല പാരമ്പര്യങ്ങളുണ്ട്—പഠിപ്പിക്കുന്നതു/പരിശീലനങ്ങൾ അതു നമുക്കു കൈമാറിത്തന്നിരിക്കുന്നു - അതു നമ്മൾ തുടർന്നുകൊണ്ടുപോകണം. അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനിക്യരോടു പറഞ്ഞു "നിങ്ങൾക്കു ഉപദേശിച്ചുതന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവിൻ" (2 തെസ്സലൊനിക്യർ 2:15). അവൻ തുടർന്നും അവരെ ഉപദേശിച്ചു "സഹോദരന്മാരെ, ഞങ്ങളോടു പ്രാപിച്ച പ്രമാണം വിട്ടു ക്രമംകെട്ടു നടക്കുന്ന ഏതു സഹോദരനോടും

അകന്നുകൊള്ളണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോടു ആജ്ഞാപിക്കുന്നു" (2 തെസ്സലൊനിക്യർ 3:6). എന്നിരുന്നാലും നമ്മൾ തുടർന്നു ചെയ്യുന്നതും പഠിപ്പിക്കുകയും എന്താണെന്നുള്ളതിനെക്കുറിച്ചുള്ള വെളിപ്പാടും വിവേകവും വ്യക്തിപരമായി നമ്മൾക്കുണ്ടായിരിക്കേണ്ടതു വളരെ പ്രാധാന്യമേറിയതാണ്. ദൈവികമായ പാരമ്പര്യത്തിലുള്ള ജീവനും ശക്തിയും ഇതു നിലനിറുത്തും.

മറുവശത്തു, വളരെയധികമായ പഠിപ്പിക്കലുകളും പരിശീലനങ്ങളും അവിടെയുണ്ടു അതു "മനുഷ്യരുടെ പാരമ്പര്യങ്ങളാണ്," അതു ദൈവത്തിന്റെ വചനത്തിന്റെ ശക്തിയെ വ്യർത്ഥമാക്കുന്നു. അതു വിഭാഗീയമായ പഠിപ്പിക്കലുകളും പരിശീലനങ്ങളും ആയിരിക്കാം, സാംസ്ക്കാരികമായ തത്ത്വശാസ്ത്രങ്ങളുടെ പരിശീലനങ്ങളും അങ്ങനെ മറ്റു പലതും ആയിരിക്കാം, അതു സഭകളിൽ നുഴഞ്ഞുകയറി ദൈവത്തിന്റെ ജനങ്ങളെ അടിമകളാക്കി വെച്ചിരിക്കുന്നു. സഭാശുശ്രൂഷകന്റെ ചുമതലയാണു വചനത്തിന്റെ സത്യം കാഴ്ചവെക്കുന്നതു, അതുപോലെയുള്ള പാരമ്പര്യങ്ങളെ കീറിക്കളഞ്ഞിട്ടു ക്രിസ്തുവിന്റെ സത്യത്തിൽ ജനങ്ങളെ നടക്കുവാൻ സഹായിക്കുന്നത്. ക്രിസ്ത്യാനികൾ എന്ന നിലക്കു, നമ്മുടെ പാരമ്പര്യങ്ങൾക്കു മേലായി നമ്മൾ സത്യം തിരഞ്ഞെടുക്കണം, പാരമ്പര്യങ്ങൾ നമുക്കു എത്ര പ്രിയമായിരുന്നാൽക്കൂടെയും.

## സത്യം തിരഞ്ഞെടുക്കുന്നത്

നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളെ അവകാശമാക്കുവാനുള്ള ഒന്നാമത്തെ പടി സത്യം അന്വേഷിക്കേണ്ടതിനും അറിയേണ്ടതിനും സ്വീകരിക്കേണ്ടതിനും തിരഞ്ഞെടുക്കുക എന്നതാണ്. നമ്മുടെ വീണ്ടെടുപ്പിന്റെ എല്ലാ പ്രയോജനങ്ങളെക്കുറിച്ചുള്ള സത്യം അനുഭവിക്കുവാൻ കഴിയത്തില്ല. സത്യത്തിന്റെ പരിജ്ഞാനം വരുന്നതു പരിശുദ്ധാത്മാവിന്റെ പ്രകാശിപ്പിക്കുന്ന പ്രവൃത്തിയിലൂടെയാണ്. അതുകൊണ്ടു, പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ നമ്മുടെ ജീവിതങ്ങളിൽ അന്വേഷിക്കേണ്ടതു ആവശ്യമാണ്.

നമ്മുടെ വിഭാഗീയമായതും സാംസ്ക്കാരികമായതുമായ പാരമ്പര്യം വചനത്തിന്റെ സത്യത്തെ എതിർത്തുപറയുകയാണെങ്കിൽ, അപ്പോൾ നമ്മൾ തിരഞ്ഞെടുക്കണം ആ പാരമ്പര്യങ്ങൾ നമ്മെ വിട്ടുപോകുന്നതിനു.

## ദൈവത്തോടുകൂടെയുള്ള സംസർഗത്തിൽ നടക്കുന്നത്

**"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ" (സങ്കീർത്തനങ്ങൾ 91:1).**

ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ നമ്മൾ നടക്കുകയാണെങ്കിൽ മാത്രമെ ദൈവത്തിന്റെ വാഗ്ദത്തങ്ങളുടെ പൂർത്തീകരണത്തിന്റെ ഉറപ്പു നമ്മൾക്കുള്ളു. അത്യുന്നതന്റെ മറവിൽ എന്നു പറയുന്നതു രഹസ്യമായ സ്ഥലം ആണ് – ദൈവത്തിന്റെ വാസസ്ഥലം. അവിടെ ആകുന്നു ദൈവം ആയിരിക്കുന്നത്. അവിടെ ആകുന്നു ദൈവത്തിന്റെ സാന്നിദ്ധ്യം ഉള്ളത്. അവിടെ ആകുന്നു. ദൈവത്തോടു കൂടെയുള്ള സംസർഗം ഉള്ളത്. ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ വസിക്കുന്ന വ്യക്തി (തുടർച്ചയായി ജീവിക്കുന്നതു) അതായതു ഒരുവൻ ദൈവവുമായുള്ള സംസർഗത്തിൽ തുടർച്ചയായി നടക്കുന്നതു, ഈ വ്യക്തി സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കും, ദൈവത്തിന്റെ മുഴുവൻ സംരക്ഷണത്തിലും നോട്ടത്തിലും. അങ്ങനെയുള്ള ഒരു വ്യക്തിക്കു അപ്പോൾ 91-ാം സങ്കീർത്തനത്തിൽ വിവരിച്ചിരിക്കുന്ന വിലയേറിയ അനുഗ്രഹങ്ങൾ അനുഭവമാക്കുവാൻ കഴിയും. നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളുടെ സത്തയാണു ഇവ. ദൈവത്തിന്റെ വാഗ്ദത്തങ്ങളെ നമുക്കു അനുഭവം ആക്കണം എങ്കിലും ദൈവം നമുക്കു ഉണ്ടാക്കിത്തന്ന വീണ്ടെടുപ്പിന്റെ മുഴുവൻ പ്രയോജനങ്ങളും ആനന്ദിക്കണമെങ്കിലും ദൈവത്തോടുള്ള സംസർഗത്തിൽ നടക്കേണ്ടതു ആവശ്യമാണ്.

## നീതിയിൽ നടക്കുന്നത്

**"ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു; ദൈവത്തിൽനിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കു**

**ന്നു, ദുഷ്ടൻ അവനെ തൊടുന്നതുമില്ല' (1 യോഹന്നാൻ 5:18).**

**"എന്നാറെ യഹോവ കയീനോടു നീ കോപിക്കുന്നതു എന്തിന്? നിന്റെ മുഖം വാടുന്നതും എന്തു? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാക യില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതിൽക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു; നീയോ അതിനെ കീഴടക്കേണം എന്നു കൽപ്പിച്ചു" (ഉൽപത്തി 4:6–7).**

ദൈവികമായ ഒരു ജീവിതം ജീവിക്കുന്നതു ദൈവത്തിന്റെ "നിഴ ലിന്റെ" ലോകത്തിൽ നമ്മളെ സൂക്ഷിക്കുന്നു – നമ്മുടെ ജീവിത ങ്ങളിൻമേൽ ദൈവത്തിന്റെ ലോകത്തിലെ സംരക്ഷണം. കർത്താ വായ യേശു നമ്മളെ സുരക്ഷിതരായി കാക്കുന്നു, പിശാചിനു നമ്മളെ ഉപദ്രവിക്കുവാൻ കഴിയത്തില്ല, നമ്മൾ പാപം ചെയ്തു അതിൽത്തന്നെ തുടരുകയാണെങ്കിൽ അതു പിശാചിന്റെ പ്രവൃ ത്തികൾക്കായി നമ്മളെ വെളിച്ചത്താക്കുന്നു. ദൈവം കയീനോടു പറഞ്ഞതിൽനിന്നും, പാപത്തെ വിവരിച്ചിരിക്കുന്നതു "സ്വഭാവം" ആണെന്നാണു, അതു നമ്മുടെ ജീവിതങ്ങളിൽ പ്രവേശിക്കുന്ന തിനു ആകാംക്ഷയോടെയിരിക്കുന്നു, ഭോഷ്കു പറയുന്നതിനു അല്ലെങ്കിൽ വാതിൽക്കൽ "പതുങ്ങുന്നതിനു. എന്നാൽ, നമുക്കു ദൈവം തന്നതായ കഴിവുണ്ടു വാതിൽ അടച്ചുവെക്കുവാൻ, അങ്ങനെ ചെയ്യുന്നതു, എന്താണു ശരി, അതാണെന്നാണ്.

## ദൈവത്തിൽ വിശ്വാസം അഭ്യസിക്കുന്നത്

**"നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചി ക്കട്ടെ; അപ്പോൾ അവനു ലഭിക്കും, എന്നാൽ അവൻ ഒന്നും സംശയി ക്കാതെ വിശ്വാസത്തോടെ യാചിക്കണം; സംശയിക്കുന്നവൻ കാറ്റടിച്ചു അല യുന്ന കടൽത്തിരക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവി ങ്കൽനിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്" (യാക്കോബ് 1:5–7).**

ഒരിക്കൽ നമ്മുടെ വീണ്ടെടുപ്പിന്റെ സത്യത്തെക്കുറിച്ചു നമ്മൾ അറിഞ്ഞാലുടൻ—ഇതു എന്താണെന്നും നമ്മൾക്കുള്ള അനുഗ്ര

ഹങ്ങൾ എന്തൊക്കെയാണെന്നും—ദൈവവുമായുള്ള സംസർഗ ത്തിൽ നമ്മൾ നടക്കുമ്പോൾ, നീതിയിൽ നമ്മൾ നടക്കുമ്പോൾ, അപ്പോൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസം വ്യാപിപ്പിക്കണം, അവന്റെ വചനം യഥാർത്ഥത്തിൽ പ്രത്യക്ഷമാകുന്നതു കാണുന്ന തിനു. ദൈവത്തിൽനിന്നും നമ്മൾ സ്വീകരിക്കുന്നതു വിശ്വാസ ത്താലാണ്. ആത്മീയലോകത്തിൽ ദൈവം നമുക്കു എന്താണു തന്നിരിക്കുന്നതു അതു നമ്മൾ എടുത്തു ഭൗതികലോകത്തിൽ അനുഷ്ഠിപ്പിക്കുന്നതു വിശ്വാസത്താലാണ്. വിശ്വാസത്തിന്റെ പ്രവൃ ത്തിയെ ഭരിക്കുന്നതിനു അവിടെ മൂലതത്ത്വങ്ങൾ ഉണ്ട്. വിശ്വാസ ത്തിനു ജന്മം കൊടുക്കുന്നതു ദൈവത്തിന്റെ വചനമാണ്. നമ്മുടെ ഹൃദ യങ്ങളിൽ വിശ്വാസംകൊണ്ടു നമ്മുടെ ജീവിതങ്ങളിലെ സന്ദർഭ ങ്ങളോടു ആധികാരികമായി നമുക്കു സംസാരിക്കുവാൻ കഴിയും അതുപോലെ ദൈവത്തിന്റെ വചനത്തോടുകൂടെ യോജിപ്പിൽ നിൽക്കുന്നതിനു നമുക്കു കൽപിക്കുവാനും കഴിയും. നമ്മുടെ ഹൃദ യത്തിലെ വിശ്വാസംകൊണ്ടു രോഗങ്ങളോടു നമുക്കു സംസാരി ക്കുവാനും അതു നീങ്ങിപ്പോകുന്നതിനു കൽപിക്കുവാനും കഴിയും, എന്തുകൊണ്ടെന്നാൽ യേശു നമ്മളെ രോഗങ്ങളിൽനിന്നും വ്യാധി കളിൽ നിന്നും വീണ്ടെടുത്തു. ദൈവത്തിന്റെ വാഗ്ദത്തങ്ങളിലുള്ള വിശ്വാസംകൊണ്ടു, നമുക്കു ധനം ഉണ്ടാക്കുന്നതിനു ദൈവം ആണു ശക്തി തരുന്നതെന്നു (ആവർത്തനപുസ്തകം 8:18), നമുക്കു ധനം സമ്പാദിക്കുന്നതിനു പ്രവർത്തിക്കുവാൻ നല്ല ജോലികൾ തരുന്നതു ദൈവം ആണെന്നു നമുക്കു പറയുവാൻ കഴിയും. നമ്മുടെ ഹൃദ യങ്ങളിലുള്ള വിശ്വാസം കൊണ്ടു നമ്മുടെ ഭവനങ്ങളിലും കുടും ബങ്ങളിലും സമാധാനവും ഐക്യവും അനുഷ്ഠിപ്പിക്കുവാൻ കഴിയും. യഥാർത്ഥത്തിൽ യേശു പറഞ്ഞു, "നിങ്ങൾക്കു വിശ്വാസം ഉണ്ടെ ങ്കിൽ... നിങ്ങൾക്കു ഒന്നും അസാദ്ധ്യമാകയുമില്ല" (മത്തായി 17:20). മറ്റൊരുവശത്തു, തിരുവെഴുത്തു പ്രസ്താവിക്കുന്നതു ദൈവത്തിൽ വിശ്വാസം ഇല്ലാതെ ദൈവത്തിൽനിന്നും എന്തെങ്കിലും സ്വീകരി ക്കുന്നതു അസാദ്ധ്യമാണു എന്നാണ്. സത്യത്തിൽ വിശ്വാസം അഭ്യ സിപ്പിക്കാതെ, നമ്മളെ പഠിപ്പിച്ചിരിക്കുന്നതു, അതു അനുഭവമാ

ക്കുന്നതിൽനിന്നും നമ്മളെ തടയുവാൻ കഴിയും എന്നാണു, സത്യം നമ്മൾ  അറിഞ്ഞിരുന്നാൽപോലും.

## പിശാചിനോടു  ചെറുത്തുനിൽക്കുന്നത്

**"നിർമ്മദരായിരിപ്പിൻ ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റിനടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിനു ആ വക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തുനിൽപിൻ" (1 പത്രൊസ് 5:8–9)**

### പിശാചിനു ഇടം കൊടുക്കരുത് (എഫെസ്യർ 4:27).

നമ്മൾ ലോകത്തിൽ ആയിരിക്കുന്നേടത്തോളം നമ്മൾ എല്ലായ്പ്പോഴും പിശാചിനു എതിരായി കാവൽനിൽക്കണം. പിശാചു ദൈവത്തിന്റെ അനുഗ്രഹങ്ങളെ മോഷ്ടിച്ചുകൊണ്ടുപോകുവാൻ ശ്രമിക്കും, നമ്മുടെ വീണ്ടെടുപ്പിന്റെ പ്രയോജനങ്ങളെ അനുഭവമാക്കുന്നതിൽനിന്നും നമ്മളെ തടസ്സപ്പെടുത്തും. ദൈവികമല്ലാത്ത ചില ശീലം നമ്മളിൽ തന്നു വശീകരിക്കുവാൻ പിശാചു ശ്രമിക്കും, അതു നമ്മെ ദുരിതപൂർണ്ണമാക്കും, ഒരു പക്ഷേ മറ്റു സ്ഥാനങ്ങളിൽ അതു അനർത്ഥത്തിലേക്കു നയിക്കും, അല്ലെങ്കിൽ രോഗങ്ങളിലൂടെയും വ്യാധികളിലൂടെയും നമ്മുടെ ശരീരങ്ങളെ നശിപ്പിക്കുവാൻ ശ്രമിക്കും അല്ലെങ്കിൽ ധനപരമായി നമ്മളെ ബന്ധനത്തിൽ ആക്കിവെക്കും. നമ്മൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യാതിരിക്കുവാൻ നമ്മളെ തടസ്സപ്പെടുത്തും, അല്ലെങ്കിൽ പാപത്തിലൂടെ നമ്മുടെ കുടുംബങ്ങളെ നശിപ്പിക്കും അല്ലെങ്കിൽ നമ്മൾക്കെതിരായി പീഡനങ്ങളും പ്രതികൂലതകളും അയയ്ക്കും. നമുക്കു എതിരായി വരുവാൻ പിശാചു തിരഞ്ഞെടുക്കുന്ന ഏതു പ്രവേശപദം ആയാലും ശരി "നമ്മൾ അവനോടു എതിർത്തുനിൽക്കണം, വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട്." നമ്മുടെ ജീവിതങ്ങളിൽ പിശാചിനു കാലുറപ്പിക്കാവുന്നിടം നമ്മൾ കൊടുക്കരുത്. ഭയമുള്ളവരായിത്തീരുന്നതിനു പകരം ദൈവ

ത്തിലും അവന്റെ വചനത്തിലും ഉള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുക. ജനങ്ങളോടു ദേഷ്യവും പരുഷമായും ആയിത്തീരുന്നതിനുപകരം ആ സന്ദർഭങ്ങളോടും ചുറ്റുപാടുകളോടും ദൈവത്തിന്റെ വചനം സംസാരിക്കണം. ചെറുക്കുക, പിശാചിനു എതിരെ മുന്നേറുക, ആത്മാവിന്റെ വാൾ ഉപയോഗിച്ചുകൊണ്ടു, അതു നിങ്ങളുടെ വായിലൂടെ സംസാരിക്കുന്ന ദൈവവചനം ആകുന്നു.

അനേക ക്രിസ്ത്യാനികളും വീണുപോകുന്ന ഒരു സ്ഥാനമാണിത്. പിശാചു അവർക്കു എതിരായി വന്നാലുടനെ, അവർ വിട്ടുമാറുന്നു. നമ്മുടെ വീണ്ടെടുപ്പിന്റെ അനുഗ്രഹങ്ങളിൽ നടക്കുവാൻ അസാദ്ധ്യമാണെന്നു അവർ ചിന്തിക്കുന്നു. ഒരുപക്ഷെ അവർ അനുഗ്രഹിക്കപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ലെന്നു അവർ ചിന്തിക്കുന്നു. അതിനു പകരമായി നമ്മൾ പിശാചിനോടു എതിർത്തു നിൽക്കണം എന്നിട്ടു നമുക്കു എന്തു ഉണ്ടാക്കിത്തരുവാനാണു യേശു മരിച്ചത്, അതു അനുഭവമാക്കുവാൻ തിരഞ്ഞെടുക്കുക.

## ആക്രമണപരമായും ശാന്തമായും പ്രയോജനങ്ങൾ അവകാശമാക്കുന്നത്

**"യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു" (മത്തായി 11:12).**

**"അങ്ങനെ നിങ്ങൾ മന്ദതയുള്ളവരാകാതെ വിശ്വാസത്താലും ദീർഘക്ഷമയാലും വാഗ്ദത്തങ്ങളെ അവകാശമാക്കുന്നവരുടെ അനുകാരികളായിത്തീരും" (എബ്രായർ 6:12).**

**"അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്. ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണുത നിങ്ങൾക്കു ആവശ്യം" (എബ്രായർ 10:35-36).**

ദൈവത്തിന്റെ അനുഗ്രഹങ്ങൾ സൗജന്യമായിട്ടാണു കൊടുക്കുന്നതു, എന്നാൽ അവ വിലകുറഞ്ഞതല്ല; അവ ആത്മീയമായി മടിയന്മാരായ ജനങ്ങൾക്കും ഉള്ളതല്ല. വലിയ ഒരു വിലയ്ക്കാണു

അവ ഉണ്ടാക്കിക്കൊടുക്കുന്നതു - ദൈവത്തിന്റെ സ്വന്തപുത്രന്റെ കാൽവരി മരണവും അവന്റെ ജയോത്സവമായ പുനരുത്ഥാനവും. വാഗ്ദത്തങ്ങൾ അവകാശമാക്കേണ്ടതിനു നമ്മുടെ ഭാഗത്തുനിന്നും ആക്രമണപരമായും ശാന്തമായും പ്രയത്നം എടുക്കണം. വീണ്ടെടുപ്പിനെക്കുറിച്ചുള്ള സത്യം കണ്ടുപിടിച്ചു ദൈവത്തോടുള്ള സംസർഗത്തിൽ ജീവിക്കുവാൻ തുടങ്ങുന്നതുമായ യാത്ര ആരംഭിച്ചാൽ മാത്രം പോരാ. നമ്മൾ അംഗീകരിച്ച സത്യത്തിന്റെ വിശ്വാസത്തെ നിബിഡമായി അഭ്യസിച്ചുകൊണ്ടു ഇതിനെ പിൻതുടരണം. എന്നിട്ടു അതിൽ തുടർന്നുകൊണ്ടിരിക്കണം, ദിവസംതോറും വർഷംതോറും. നമ്മൾ അശ്രാന്തം പരിശ്രമിക്കേണ്ടതു ആവശ്യമാണ്, പ്രത്യേകമായി ഒരു രാത്രികൊണ്ടു കാര്യങ്ങൾക്കു മാറ്റം വരുന്നില്ലെന്നു കാണുമ്പോൾ. ഒരു പ്രത്യേകരോഗത്തിൽ നിന്നു സൗഖ്യമാകുമെന്നു നിങ്ങൾക്കു ദൈവത്തിൽ വിശ്വാസം ഉണ്ടായേക്കാം എന്നാൽ ഒന്നോ രണ്ടോ ദിവസങ്ങൾക്കകം സൗഖ്യം പ്രാപിക്കുന്നില്ല. ഇതു ഉപേക്ഷിച്ചുകളയുവാനുള്ള സമയമല്ല. ഒരിക്കൽ ദൈവത്തിന്റെ ഇഷ്ടം ചെയ്തു, തുടർന്നും അതു ചെയ്തുകൊണ്ടിരിക്കുക. അശ്രാന്തപരിശ്രമം ചെയ്യുക. ദൈവം വാഗ്ദത്തം ചെയ്തതു നിങ്ങൾ സ്വീകരിക്കും.

## ദൈവം തന്ന മൂലതത്ത്വങ്ങൾ വിനിയോഗിക്കുന്നത്.

**"എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചുനടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവും ഉള്ളവനായി മാത്രം ഇരിക്ക; ചെല്ലുന്നേടത്തൊക്കെയും നീ ശുഭമായിരിക്കേണ്ടതിനു അതു വിട്ടു ഇടത്തോട്ടോ വലത്തോട്ടോ മാറരുത്" (യോശുവ 1:7).**

ദൈവം തന്റെ വചനത്തിൽ ആത്മീയ മൂലതത്ത്വങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലതു നമ്മൾ പരിഗണിച്ചു. നമ്മുടെ ജീവിതങ്ങളിലെ പ്രത്യേകഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന വേറെ മൂലതത്ത്വങ്ങളും ഉണ്ടു. ഉദാഹരണമായി, ദശാംശത്തിന്റെ മൂലതത്ത്വമുണ്ട് (മലാഖി 3:10-12); നമ്മുടെ വരുമാനത്തിന്റെ പത്തിൽ ഒന്നു ദൈവത്തിന്റെ വേലക്കായി കൊടുക്കുന്നതു. ധന

പരമായി ദൈവത്തിന്റെ അനുഗ്രഹങ്ങൾ നമ്മൾ അനുഭവമാക്കണമെങ്കിൽ ഈ മൂലതത്ത്വം നമ്മൾ അനുസരിക്കണം. സ്നേഹിക്കുന്നതിന്റെയും, ക്ഷമിക്കുന്നതിന്റെയും, ബന്ധങ്ങളെ ഭരിക്കേണ്ടതിനു തമ്മിൽ തമ്മിൽ കീഴടങ്ങിയിരിക്കുന്നതിന്റെയും. ദൈവത്തിന്റെ മൂലതത്ത്വങ്ങൾ കൂട്ടിപ്പിരിച്ചതാണ്. അവ പരസ്പരാശ്രയത്വമുള്ളതാണു. അവ എല്ലാം നമ്മൾ അനുസരിക്കേണ്ടതു ആവശ്യമാണു. അവയിൽനിന്നും ഇടത്തോട്ടോ വലത്തോട്ടോ നമ്മൾ തിരിയരുത്. അവയെ നമ്മൾ പിൻതുടരുകയാണെങ്കിൽ, നമ്മുടെ ജീവിതങ്ങളിൽ അവയെ പ്രയോജനപ്പെടുത്തുകയാണെങ്കിൽ, അനുഗ്രഹങ്ങൾ നമ്മൾ അനുഭവമാക്കും!

## ധ്യാനത്തിനുള്ള ചോദ്യങ്ങൾ

1. വീണ്ടെടുപ്പിന്റെ പ്രയോജനങ്ങൾ ആനന്ദിക്കേണ്ടതിനു വിശ്വാസികൾക്കു വെക്കുവാൻ കഴിയുന്ന ചില കാര്യങ്ങൾ എന്തൊക്കെയാണ്.

2. വീണ്ടെടുപ്പു യാഥാർത്ഥ്യം ആണ്. എന്നാൽ ദൈവം തന്നതായ മൂലതത്ത്വങ്ങൾ ഉണ്ടു, നമ്മുടെ വീണ്ടെടുപ്പിന്റെ അനുഗ്രഹങ്ങൾ നമ്മൾ അനുഭവമാക്കേണ്ടതിനു അവയെ അനുസരിക്കണം. അവയിൽ ചില മൂലതത്ത്വങ്ങൾ ഈ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നതു പുനർവിചാരണ ചെയ്യുക, അവയെ പ്രയോജനപ്പെടുത്തുന്നതിൽ തോൽവിയടഞ്ഞാൽ നമ്മുടെ വീണ്ടെടുപ്പിന്റെ അനുഗ്രഹങ്ങളെ അനുഭവമാക്കുവാൻ സാധിക്കാത്തതും ചർച്ചചെയ്യുക.

ALL PEOPLES CHURCH
Bible College
& MINISTRY TRAINING CENTRE

# ബൈബിൾ കോളേജ്

എല്ലാ ജനങ്ങളുടെയും സഭ, ബൈബിൾ കോളേജ്, പൗരോഹിത്യ പരിശീലന കേന്ദ്രം ഇവ ആരംഭിച്ചത് 2005 ആഗസ്റ്റുമാസത്തിലാണ്. വിശ്വസ്തരും കഴിവും ഉള്ള പുരുഷന്മാരെയും സ്ത്രീകളെയും പരിശീലിപ്പിച്ചു ഒരുക്കി ഇൻഡ്യയുടെ പല ഭാഗങ്ങളിലേക്കും ലോകത്തിലെ മറ്റു രാജ്യങ്ങളിലേക്കും അയയ്ക്കുക എന്നതാണ് ബൈബിൾ കോളേജിന്റെ ചുമതല. അതുപോലെ യേശുക്രിസ്തുവിനുവേണ്ടി ഗ്രാമങ്ങളിലും പട്ടണങ്ങളിലും നഗരങ്ങളിലും രാജ്യങ്ങളിലും സ്വാധീനം വരുത്തുവാനും.

**2 പരിപാടികൾ ആണ് ഇവിടെ നടത്തുന്നത്.**

→ രണ്ടുവർഷത്തെ ബൈബിൾ കോളേജ് പരിപാടി കുട്ടികൾക്കു മുഴുവൻ സമയവും. പൗരോഹിത്യ ശുശ്രൂഷയ്ക്കായി സർവ്വകലാശാല സംബന്ധമായി മേന്മയോടുകൂടി ആത്മീകമായും പ്രവർത്തനപരമായും പരിശീലനം നൽകപ്പെടുന്നു. പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് തിയോളജിയിലും ക്രിസ്ത്യൻ മിനിസ്ട്രിയിലും ഡിപ്ലോമ ലഭിക്കുന്നു.

→ ബൈബിൾ കോളേജിലെ പഠിത്തം പൂർത്തിയാക്കിയവർ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്കു പ്രവർത്തനപരമായ പരിശീലനം കൊടുക്കുന്നു. ഒരു വർഷമോ രണ്ടു വർഷമോ പരിശീലനം ലഭിച്ചവർക്ക് പ്രവർത്തനപരമായ പരിശീലനത്തിന്റെ സർട്ടിഫിക്കറ്റു കൊടുക്കുന്നു. എത്ര നാളാണ് പരിശീലനം ലഭിച്ചു എന്നുള്ളത് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നു.

ഇംഗ്ലീഷിലാണ് ക്ലാസ്സുകൾ നടത്തുന്നത്. ദൈവവചനത്തിൽ നല്ല പരിശീലനം നേടിയവരും അഭിഷിക്തരുമായ അദ്ധ്യാപകരാണ് കോളേജിലുള്ളത്. കോളേജിലെ എല്ലാ അദ്ധ്യാപകരുടെയും കുട്ടികളുടെയും ഉപയോഗത്തിനായി ഏ.പി.സി. സ്റ്റഡി സെന്ററും ലൈബ്രറിയും ഉണ്ട്.

# പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് ജനനം കൊടുക്കുന്നത്

നിങ്ങളെ വിളിക്കുന്നതിൽ വിട്ടു വീഴ്ച ചെയ്യരുതു

സത്യസന്ധത

എല്ലാ ഉദ്ദേശ്യത്തിനും ഒരു സമയം

നിങ്ങളുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതു

ഉണർവ്വ് ഒരു സഭ ഉണർവിൽ

സ്വർഗ്ഗം സത്യമായും വിളിക്കപ്പെട്ട സ്ഥലം

ജോലിയെക്കുറിച്ചു വേദപുസ്തകപരമായ നിലപാട്

വ്യക്തിപരമായും തലമുറയായും ഉള്ള അടിമത്തങ്ങൾ വേർപ്പെടുത്തുന്നത്

മാറ്റം

ദൈവസാന്നിദ്ധ്യം

ദൈവത്തിന്റെ വചനം

നമ്മൾ പ്രത്യേകമായവരാണ്

പ്രത്യാശ നഷ്ടപ്പെടുത്തരുത്

ശുദ്ധീകരിക്കുന്നവന്റെ തീ

ദൈവരാജ്യം

തുറന്ന സ്വർഗ്ഗങ്ങൾ

വിശുദ്ധന്മാരെ ഒരുക്കുന്നത്

ചുമതലപ്പെടുത്തലിന്റെ ശക്തി

# എല്ലാ ജനങ്ങളുടെയും സഭയെക്കുറിച്ച്

ബാംഗ്ലൂർ നഗരത്തിൽ ഉപ്പായും വെളിച്ചമായും ഇരിക്കുവാനും ഇൻഡ്യാരാജ്യത്തിലും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ശബ്ദമായിരിക്കുവാനുമാണ് എല്ലാ ജനങ്ങളുടെയും സഭയുടെ ദർശനം.

പരിശുദ്ധാത്മാവിന്റെ പൂർണ്ണ അഭിഷേകത്തിലും പൂർണ്ണ നടത്തിപ്പിലും സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും പഠിപ്പിക്കുവാനും ഉപദേശിക്കുവാനുമാണ് സഭ ചുമതലപ്പെട്ടിരിക്കുന്നത്. ശക്തിയോടും പരിശുദ്ധാത്മാവോടും ബഹുനിശ്ചയത്തോടും സത്യവചനത്തെ പ്രസംഗിക്കുന്നതിന് തുല്യമായി വേറെ യാതൊന്നും ഇന്നത്തെ ആധുനിക യുഗത്തിൽ ഇല്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത് (1 തെസ്സലൊനിക്യർ 1:5) ഞങ്ങളുടെ ചിന്താവിഷയം യേശുവാണ്. ഞങ്ങളുടെ സന്തുഷ്ടി ദൈവവചനമാണ്. ഞങ്ങളുടെ പ്രമാണം പരിശുദ്ധാത്മ ശക്തിയാണ്. ഞങ്ങളുടെ ശക്തിമത്തായ വികാരം ജനങ്ങളാണ്. ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുവിനെപ്പോലെയുള്ള പക്വതയാണ്. ഞങ്ങളുടെ സ്വന്തമായി ഞങ്ങൾ പ്രസംഗിക്കത്തില്ല. എന്നാൽ യേശുവിനുവേണ്ടി കർത്താവായ യേശുക്രിസ്തുവും ഞങ്ങളും നിങ്ങളുടെ ശുശ്രൂഷക്കാരായിരിക്കുന്നു. ഞങ്ങൾ യേശുവിനെ പ്രസംഗിക്കുന്നു. എല്ലാവർക്കും താക്കീതു കൊടുത്ത് എല്ലാ ജ്ഞാനത്തോടെയും പഠിപ്പിക്കുന്നത് യേശുക്രിസ്തുവിൽ എല്ലാവരെയും പരിപൂർണ്ണരാക്കിത്തീർക്കണം എന്നാണ്. (യേശുവിനെപ്പോലെ പക്വത) (2 കൊരിന്ത്യർ 4:5, കൊലൊസ്യർ 1:28).

ഈ പുസ്തകം വായിച്ച് നിങ്ങൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഈ പുസ്തകം നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ ഒരു ‘സമ്മാനം’ ആണ്. ഇത് സൗജന്യം ആണ്.

നിങ്ങളെപ്പോലെയുള്ള ആയിരങ്ങൾക്കു ഈ പുസ്തകം സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു. അനേകരോടു ദൈവ വചനം അറിയിക്കുവാൻ ധനപരമായി നിങ്ങൾ ഞങ്ങളുടെ ഒരു പങ്കാളി ആകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. തുടർച്ചയായുള്ള നിങ്ങളുടെ ധനസഹായം അനേകരെ ദൈവവചനം അറിയിക്കു വാൻ സാധിക്കും. കർത്താവു നയിക്കുന്നതനുസരിച്ചു എല്ലാ ജന ങ്ങളുടെയും സഭയിലെ ഒരു പങ്കാളിയാകുക. നിങ്ങളുടെ സംഭാവ നകൾ ചെക്ക് / ഡ്രാഫ്റ്റ് / മണിഓർഡർ ആയി "എല്ലാ ജനങ്ങളു ടെയും സഭ ബാംഗ്ലൂർ" ലേക്കു അയച്ചുതരിക. നിങ്ങൾ ഞങ്ങൾക്കു എഴുതുമ്പോൾ വേറെ പുസ്തകങ്ങളും ആവശ്യപ്പെടുക. ഈ പുസ്തകം നിങ്ങൾക്കു എത്രമാത്രം പ്രയോജനം ആയെന്നും നിങ്ങളുടെ പ്രാർത്ഥനാവശ്യങ്ങളും അഭിപ്രായങ്ങളും അറിയിക്കുക.

**സമ്പർക്ക വിവരം:**

**All Peoples Church & World Outreach**
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: +91 - 80 - 65970617
Email : contact@apcwo.org
Website : www.apcwo.org

# ഇൻഡ്യയിൽ എല്ലാ ജനങ്ങളുടെയും സഭയുള്ള സ്ഥലങ്ങൾ

താഴെ കൊടുത്തിരിക്കുന്ന ഇടങ്ങളിൽ എല്ലാ ജനങ്ങളുടെയും സഭയുണ്ട്.

എല്ലാ ജനങ്ങളുടെയും സഭ – ബാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – തൊക്കോട്ട്, മാംഗ്ലൂർ (കർണ്ണാടക)

എല്ലാ ജനങ്ങളുടെയും സഭ – കല്യാൺ, മുംബൈ (മഹാരാഷ്ട്ര)

എല്ലാ ജനങ്ങളുടെയും സഭ – വിശാഖപട്ടണം (ആന്ധ്രാപ്രദേശ്)

എല്ലാ ജനങ്ങളുടെയും സഭ – തേജ്പൂർ (ആസ്സാം)

എല്ലാ ജനങ്ങളുടെയും സഭ – ബെർഹാംപൂർ (ഒറീസ്സാ)

എല്ലാ ജനങ്ങളുടെയും സഭ – നാഗ്പൂർ (മഹാരാഷ്ട്ര)

പുതിയ സഭകൾ ഇൻഡ്യയുടെ പലയിടങ്ങളിലും സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ജനങ്ങളുടെയും സഭകളുടെ ഇടങ്ങളും, നിലവിലുള്ള ലിസ്റ്റും ബന്ധപ്പെടുവാനുള്ള വിവരങ്ങളും അറിയേണ്ടതിന് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക.

www.apcwo.org or
send an email to contact@apcwo.org

# നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്ക് അറിയാമോ?

2010 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വന്നു. അവന്റെ പേരാണ് യേശു. പാപംകൂടാതെ പരിപൂർണ്ണമായ ഒരു ജീവിതം യേശു ജീവിച്ചു. യേശു ജഡത്തിൽ ദൈവമായിരുന്നതുകൊണ്ട് യേശു ചെയ്യുകയും പറയുകയും ചെയ്ത എല്ലാ കാര്യങ്ങളിലൂടെയും ദൈവത്തെ നമുക്ക് വെളിപ്പെടുത്തിത്തന്നു. യേശു സംസാരിച്ച എല്ലാ വചനങ്ങളും ദൈവത്തിന്റെ വചനങ്ങളായിരുന്നു. യേശു ചെയ്ത എല്ലാക്കാര്യങ്ങളും ദൈവത്തിന്റെ പ്രവൃത്തികൾ ആയിരുന്നു. ഒത്തിരി അത്ഭുതങ്ങൾ യേശു ഭൂമിയിൽ പ്രകടിപ്പിച്ചു. രോഗികളെയും കഷ്ടം അനുഭവിക്കുന്നവരെയും യേശു സൗഖ്യമാക്കി. യേശു കുരുട്ടുകണ്ണുകളെ തുറന്നു. ചെകിടരെ കേൾക്കുമാറാക്കി. മുടന്തരെ നടക്കുമാറാക്കി. എല്ലാവിധ വ്യാധികളെയും രോഗങ്ങളെയും സൗഖ്യമാക്കി. അത്ഭുതകരമായി, അഞ്ച് അപ്പം കൊണ്ട് അനേകായിരങ്ങളുടെ വിശപ്പടക്കി. കൊടുങ്കാറ്റിനെ ശാസിച്ചമർത്തി. അങ്ങനെ മറ്റനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു.

ഈ പ്രവൃത്തികൾ എല്ലാം നമുക്ക് വെളിപ്പെടുത്തിക്കാണിക്കുന്നത് ദൈവം ഏറ്റവും നല്ല ഒരു ദൈവം ആണെന്നാണ്. ജനങ്ങൾ എല്ലായ്പ്പോഴും സുഖമായിട്ടും ആരോഗ്യമായിട്ടും സന്തോഷമായിട്ടും തികഞ്ഞവരായിട്ടും ഇരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും നൽകി കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്തുകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ഭൂമിയിൽ വരുവാൻ തീരുമാനമെടുത്തത്? എന്തുകൊണ്ടാണ് യേശു വന്നത്?

നമ്മൾ എല്ലാവരും പാപം ചെയ്യുകയും നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ മുമ്പാകെ ദൈവത്തിനു സ്വീകാര്യമല്ലാത്ത അനേകം കാര്യങ്ങൾ ചെയ്യുകയും ചെയ്തു. പാപത്തിന് അതിന്റേതായ അനന്തരഫലങ്ങൾ ഉണ്ട്. നമുക്കും ദൈവത്തിനും മുമ്പാകെ മാറ്റപ്പെടുത്താൻ വയ്യാത്ത വലിയ ഒരു മതിലാണ് പാപം. പാപം ദൈവത്തിൽനിന്നും നമ്മെ വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തെ നാം അറിയുന്നതിനും ദൈവവുമായി ഒരു ഉത്തമബന്ധം സ്ഥാപിക്കുന്നതിനും പാപം നമ്മെ തടസ്സപ്പെടുത്തുന്നു. അതുകൊണ്ട് നമ്മൾ അനേകരും ഈ ശൂന്യത മറ്റനേകം കാര്യങ്ങളെക്കൊണ്ട് നികത്തിക്കുന്നു.

നമ്മുടെ പാപങ്ങളുടെ മറ്റൊരു പരിണിതഫലം ദൈവത്തിൽനിന്നും നിത്യമായ ഒരു വേർപിരിയൽ ആണ്. ദൈവത്തിന്റെ കോടതിയിൽ പാപത്തിനുള്ള ശിക്ഷ മരണം ആണ്. മരണം, നരകത്തിൽ, ദൈവവുമായിട്ടുള്ള നിത്യമായ വേർപെടുത്തൽ ആണ്.

എന്നാൽ, നമുക്ക് പാപത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കാമെന്നും ദൈവവുമായിട്ടുള്ള ബന്ധം പുനഃസ്ഥാപിക്കാം എന്നും ഒരു സുവാർത്താദൂതുണ്ട്. വേദപുസ്തകം പറയുന്നു, “പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ” (റോമർ 6:23). യേശു ക്രൂശിൽ മരിച്ചതിലൂടെ സർവ്വലോകത്തിന്റെയും പാപത്തിന്റെ വില കൊടുത്തു. മൂന്നു ദിവസം കഴിഞ്ഞു യേശു കല്ലറയിൽനിന്നും ഉയിർത്തെഴുന്നേറ്റു, ജീവിച്ചിരിക്കുന്നു എന്ന് അനേകർക്ക് കാണിച്ചുകൊടുത്തു, എന്നിട്ട് സ്വർഗ്ഗത്തിലേക്കു തിരിച്ചു പോയി.

ദൈവം സ്നേഹവും കരുണയും ഉള്ള ഒരു ദൈവമാണ്. ഒരു വ്യക്തിപോലും നരകത്തിൽ പോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എല്ലാ മാനവവർഗ്ഗത്തിനും, പാപത്തിൽനിന്നും, അതിന്റെ പരിണിതഫലത്തിൽനിന്നും സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വഴി

ഒരുക്കുവാനാണ് ദൈവം വന്നത്. ദൈവം പാപികളെ രക്ഷിപ്പാനാണ് വന്നത് - എന്നെയും നിങ്ങളെയും പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും രക്ഷിക്കുവാൻ.

ഈ പാപമോചനം സൗജന്യമായി ലഭിക്കുവാൻ, ഒരേ ഒരു കാര്യം ചെയ്യുവാനാണ് വേദപുസ്തകം നമ്മളോട് പറയുന്നത് - കർത്താവായ യേശുക്രിസ്തു കാൽവരിക്രൂശിൽ ചെയ്തത് അംഗീകരിക്കുകയും അവനിൽ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കയും ചെയ്യണം എന്നുള്ളതാണ്.

“അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും” (അപ്പൊ. പ്ര. 10:43).

“യേശുവിനെ കർത്താവ് എന്നു വായകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയംകൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും” (റോമർ 10:9).

നിങ്ങളും കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയാണെങ്കിൽ നിങ്ങൾക്കും പാപമോചനവും പാപങ്ങളുടെ കഴുകലും പ്രാപിക്കാം.

താഴെ കൊടുത്തിരിക്കുന്ന ലളിതമായ പ്രാർത്ഥന, കർത്താവായ യേശുക്രിസ്തുവിലും യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്തുചെയ്തു എന്നു വിശ്വസിക്കുന്നതിനുമായി ഒരു തീരുമാനമെടുക്കുവാൻ നിങ്ങളെ സഹായിക്കും.

യേശു കാൽവരിക്രൂശിൽ നിങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്നും നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുവാനും കഴുകൽ പ്രാപിക്കുവാനും ഉള്ള നിങ്ങളുടെ സ്വീകാരം പ്രകടിപ്പിക്കുവാനും ഈ പ്രാർത്ഥന നിങ്ങളെ സഹായിക്കും. ഈ പ്രാർത്ഥന നിങ്ങൾക്ക് ഒരു മാർഗ്ഗദർശനം മാത്രം ആണ്. നിങ്ങളുടെ സ്വന്തവാക്കുകളിലും നിങ്ങൾക്കു പ്രാർത്ഥിക്കാം.

പ്രിയകർത്താവായ യേശുവേ, ഇന്ന്, നീ എനിക്കുവേണ്ടി ക്രൂശിൽ ചെയ്തതു ഞാൻ മനസ്സിലാക്കിയിരിക്കുന്നു. നീ എനിക്കുവേണ്ടി മരിച്ചു. എനിക്കു പാപമോചനം ലഭിക്കുവാൻ നിന്റെ **വിലയേറിയ രക്തം ചൊരിഞ്ഞു** എന്റെ പാപങ്ങൾക്കു നീ **പ്രായശ്ചിത്തം** കൊടുത്തു. വേദപുസ്തകം പറയുന്നു, ആരെല്ലാം നിന്നിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾക്കു മോചനം ലഭിക്കുമെന്ന്.

ഇന്ന്, നിന്നിൽ വിശ്വസിക്കുവാനും, നീ എനിക്കു വേണ്ടി ചെയ്തത്, എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതും മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റതും, അംഗീകരിക്കുവാനും ഞാൻ തീരുമാനം എടുക്കുന്നു. എന്റെ നല്ല പ്രവൃത്തികളാലോ, മറ്റു മനുഷ്യരാലോ എനിക്കു രക്ഷിക്കപ്പെടുവാൻ കഴിയത്തില്ലെന്നു ഞാൻ അറിയുന്നു. എന്റെ പാപങ്ങൾക്കു പാപമോചനം പ്രാപിക്കുവാൻ എനിക്കു കഴിയത്തില്ല.

ഇന്ന്, എന്റെ ഹൃദയത്തിൽ ഞാൻ വിശ്വസിച്ചു എന്റെ വായ കൊണ്ട് ഞാൻ ഏറ്റുപറയുന്നു, നീ എനിക്കുവേണ്ടി മരിച്ചു എന്നും എന്റെ പാപങ്ങൾക്കുവേണ്ടി പ്രായശ്ചിത്തം കൊടുത്തു എന്നും നീ മരിച്ചവരിൽനിന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നും. നിന്നിലുള്ള വിശ്വാസത്താൽ പാപമോചനവും പാപങ്ങളുടെ കഴുകലും ഞാൻ സ്വീകരിക്കുന്നു.

യേശുവേ നന്ദി. നിന്നെ സ്നേഹിക്കുവാനും നിന്നെ കൂടുതൽ അറിയുവാനും നിന്നോടു വിശ്വസ്തനായിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമേൻ.

നോട്ട്സ്

ကောဋ္ဌ်သ်

നോട്ട്സ്

ကောဒ္ဒ်ကဲ

 നോട്ട്സ്

എല്ലാ ക്രിസ്ത്യാനികളും ഒരു വീണ്ടെടുക്കപ്പെട്ട വ്യക്തിയാണ്. ഇത് അർത്ഥമാക്കുന്നതു പിശാചിന്റെ അടിമത്തത്തിൽ നിന്നും നമ്മളെ പുറത്തുകൊണ്ടുവന്നെന്നാണ്. പിശാചിന് അവന്റെ ദോഷ പ്രവൃത്തികൾ കൊണ്ട് ഒരു വിശ്വാസിയെ നിയമപരമായി പീഡിപ്പി ക്കുവാൻ കഴിയത്തില്ല. ഒരിക്കൽ നമ്മൾ അടിമത്തത്തിൽ ആയി രുന്നു, എന്നാൽ ഇപ്പോൾ നമ്മൾ സ്വതന്ത്രരാണ്. ഒരിക്കൽ നമ്മൾ അന്ധകാരത്തിന്റെ രാജ്യത്തിലായിരുന്നു എന്നാൽ ഇപ്പോൾ നമ്മൾ വെളിച്ചത്തിന്റെ രാജ്യത്തിലാണ്.

നമ്മുടെ വീണ്ടെടുപ്പ് വർത്തമാനകാലത്തിന്റേതായ ഒരു യാഥാർത്ഥ്യം ആണ്. ഭാവിയിൽ എപ്പോഴെങ്കിലും പിശാചിന്റെ ആധിപത്യത്തിൽനിന്നും നമ്മൾ വീണ്ടെടുക്കപ്പെടും എന്നു പ്രത്യാ ശിക്കുന്നതല്ല. വില മുൻപേതന്നെ കൊടുത്തുകഴിഞ്ഞു. നമ്മളെ സ്വതന്ത്രരാക്കി. ഇവിടെ ഇപ്പോൾതന്നേ—ഈ ജീവിതത്തിലെ നമ്മുടെ യാത്രയിലൂടെ—ക്രിസ്തുവിലുള്ള നമ്മുടെ വീണ്ടെടു പ്പിന്റെ പ്രയോജനങ്ങളിൽ നമുക്ക് ആനന്ദിക്കുവാൻ കഴിയും. പിശാച് അവന്റെ പ്രവൃത്തികളുമായി നമുക്ക് എതിരെ വരാൻ ശ്രമി ക്കുമ്പോൾ—പാതകമായ അടിമത്തങ്ങൾ, രോഗങ്ങൾ, കുറവുകൾ, പ്രതികൂലങ്ങൾ അങ്ങളെ മറ്റു പലതും—നമ്മുടെ വീണ്ടെടുപ്പിനെ ഘോഷിച്ചുകൊണ്ടു അന്ധകാരത്തിന്റെ പ്രവൃത്തികളോട് എതിർത്തു നിൽപാൻ കഴിയും. എന്തുകൊണ്ടെന്നാൽ നമ്മൾ ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരാണ്.

**അഷീഷ് റായിച്ചൂർ**

അച്ചടിച്ചതും വിതരണം ചെയ്തതും
എല്ലാ ജനങ്ങളുടെയും സഭ & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ലൂർ
ഒന്നാമത്തെ പുസ്തകപ്പതിപ്പ് അച്ചടിച്ചത്: ഒക്ടോബർ 2013

ഭരണാധികാരമുള്ള പത്രാധിപർ/പ്രസിദ്ധീകരണ പ്രമാണി: വാലന്റീന ഹ്യൂബെർട്ട്
വിവർത്തനം: എം.പി. കോശി
അവതരണവും വരച്ച ബാഹ്യരൂപ ചിത്രണവും: കരുണ ജറോം, byFaith Designz

**Contact Information:**
All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

ഫോൺ: +91-80-65970617
ഇമെയിൽ: contact@apcwo.org
വെബ്സൈറ്റ്: www.apcwo.org

മറ്റുവിധത്തിൽ സൂചിപ്പിക്കാതെയിരുന്നാൽ, എല്ലാ തിരുവെഴുത്തു ഉദ്ധരണികളും എടുത്തിരിക്കുന്നതു വിശുദ്ധ വേദപുസ്തകത്തിൽ നിന്നുമാണു, പുതിയ കിംഗ് ജയിംസ് ഭാഷ്യം.

**സൗജന്യമായ വിതരണത്തിനു വേണ്ടി**

ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യമായ വിതരണം സാധ്യമാക്കിത്തന്നതു എല്ലാ ജനങ്ങളുടെയും സഭയിലെ അംഗങ്ങളുടെയും, പങ്കാളികളുടെയും, സുഹൃത്തുക്കളുടെയും ധനപരമായ സഹായത്തിലൂടെയാണു. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾ സമ്പന്നനായെങ്കിൽ, ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു ധനപരമായി സംഭാവന ചെയ്യുവാൻ, എല്ലാ ജനങ്ങളുടെയും സഭയിലെ സൗജന്യ പ്രസിദ്ധീകരണങ്ങൾ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹായിക്കുവാൻ. നന്ദി.

(Malayalam book - Our Redemption)